www.malankaralibrary.com

SINCE 1976

# ഐക്യദീപം
AIKYADEEPAM

വില 10 രൂപ 2022 സെപ്റ്റംബർ




## 92–ാം പുനരൈക്യ സഭാ സംഗമം

## മെത്രാഭിഷേക രജതജൂബിലി നിറവിൽ അഭി. തോമസ് മാർ കൂറിലോസ് മെത്രാപ്പോലീത്ത

www.malankaralibrary.com

# MAR IVANIOS COLLEGE FOR ADVANCED STUDIES (MICFAST)




CHENGAROOR, MALLAPPALLY
PATHANAMTHITTA
Affiliated to M.G. University, Kottayam
E-mail: micfastcollege@gmail.com
wwww.micfastcollege.edu.in
Ph: 0469-2688288, 9946981788 (office) 2688588 (Principal)




**B.Com.** Finance & Taxation


**B.Com.** Computer Applications

**B.B.A.** (Bachelor of Business Administration)

**M.Com.** Finance & Taxation

**മെത്രാഭിഷേക രജതജൂബിലി ആശംസകൾ**

# MAR SEVERIOS COLLEGE OF TEACHER EDUCATION





Chengaroor, MALLAPPALLY
PATHANAMTHITTA
Affiliated to M.G. University, Kottayam



**മെത്രാഭിഷേക രജതജൂബിലി ആശംസകൾ**

www.malankaralibrary.com




# ഐക്യദീപം
aikyadeepam

2022 സെപ്റ്റംബർ
പുസ്തകം 53 ലക്കം 09

രക്ഷാധികാരി
മോസ്റ്റ് റവ. ഡോ. തോമസ് മാർ കൂറിലോസ് മെത്രാപ്പോലീത്താ

ചീഫ് എഡിറ്റർ
ഫാ. വർഗ്ഗീസ് ചാമക്കാലായിൽ

മാനേജർ
ഫാ. മാത്യു പുനക്കുളം

പ്രസാധകൻ
തോമസ് കൊടിനാട്ടുകുന്നേൽ കോർ എപ്പിസ്കോപ്പാ

സർക്കുലേഷൻ മാനേജർ
ഫാ. തോമസ് ഇടത്തുംപടി

ഓഫീസ് സ്റ്റാഫ്
ചിന്നു എൽസ ഐസക്

ഉപദേശക സമിതി
ഫാ. ഡോ. തോമസ്കുട്ടി പതിനെട്ടിൽ
ഫാ. ഡോ. തോമസ് പാറയ്ക്കൽ
റവ. സി. അലീന എസ്.ഐ.സി.
റവ. സി. റാണി മരിയ ഒ.എസ്.എസ്.
ലൈജു കോശി മാത്യു
ജയിസ് കോഴിമണ്ണിൽ
വർഗ്ഗീസ് ഐസക് തെക്കേടത്ത്

Annual Subscription Rs.120.00
Single Copy Rs. 10.00
Overseas: $40.00 or 2750

Bank Details :
Chief Editor, Aikyadeepam
Union Bank, Tiruvalla 689 101
A/c No. 110110100023901
IFSC. UBIN0811017
SWIFT CODE: ANDBINBB

Printed at: Rashtra Deepika Ltd.
Vadavathoor

Designed by : Greeshma Designs
Kottayam. Ph: 9447304348
gdesignktm@gmail.com

All correspondence regarding Agency and Subscription: Chief Editor, Aikyadeepam Monthly, St. John's Metropolitan Cathedral, Tiruvalla - 689 101.
Phone: 0469-2600626
E-mail: aikyadeepamtvla@gmail.com


## ഉള്ളടക്കം
contents


4 എഡിറ്റോറിയൽ

5 ഇടയശബ്ദം

06
**മലങ്കര മക്കൾക്ക് മലങ്കരയുടെ കൂടാരത്തിലേക്ക് സ്വാഗതം**
റവ. ഫാ. മാത്യു പുനക്കുളം

08
**മെത്രാഭിഷേക രജതജൂബിലി ശ്രേഷ്ഠാചാര്യ ശുശ്രൂഷയുടെ ധന്യമായ ഇരുപത്തിയഞ്ച് വർഷങ്ങൾ**
മോൺ. ഡോ. ഐസക് പറപ്പള്ളിൽ


18
**പുനരൈക്യത്തിലെ ചില വീണ്ടുവിചാരങ്ങൾ**
ഫാ. ജോസ് മരിയദാസ് ഒ.ഐ.സി.

22
**മെത്രാൻ സ്ഥാനം ഉൽകൃഷ്ടമായ ജോലി**
ഫാ. മാത്യു ചിറയിൽ


24
**മെത്രാഭിഷേക രജതജൂബിലി നിറവിൽ**
ഫാ. ചെറിയാൻ താഴമൺ

**ആശംസകൾ**
ഫാ. ഡോ. തോമസ്കുട്ടി പതിനെട്ടിൽ
റവ ഫാ. തോമസ് തോപ്പിൽക്കളത്തിൽ
ജിനു തോമ്പുംകുഴി
റോസ് മേരി ജോർജ്ജ്
ജോബിൻ ജോസ്



www.malankaralibrary.com






# പുനരൈക്യത്തിന്റെ പുണ്യഭൂമിക

ചില മുറിവുകൾ വെച്ചുകെട്ടുവാൻ ഒരു നല്ല സമരിയാക്കാരൻ വരേണ്ടിയിരിക്കുന്നു... കാലാകാലങ്ങളിലെ വിഭജനത്തിന്റെ മുറിവുകൾ എണ്ണയും വീഞ്ഞും വെച്ച്കെട്ടി തന്റെ കഴുതപ്പുറത്ത് കയറ്റി, സത്രത്തോളം ചെന്ന് കയ്യിലുള്ള അത്രയും ദനാറ നൽകി, തികയാതെ വന്നാൽ ഇനിയും തരാം എന്ന വാക്കും കൊടുത്ത് മനസ്സവിടെ ഇറക്കിവെച്ച് ശരീരം മാത്രവുമായി പോകുന്നവന്റെ പേരാണ് നല്ല സമരിയാക്കാരൻ... ബൈബിളിലെ സമരിയാക്കാരന് പേരില്ല. ആ പേരിന് ദൗത്യം കൊണ്ട് അർഹത നേടുന്നവനാണ് നല്ല സമരിയാക്കാരൻ.

ദൈവദാസൻ മാർ ഈവാനിയോസ് പിതാവ് അങ്ങനെയൊരു സമരിയാക്കാരൻ ആയിരുന്നു... വിഭജനത്തിന്റെ മുറിപ്പാടുകളെ തിരിച്ചുവരവിന്റെ എണ്ണയും വീഞ്ഞും വെച്ചുകെട്ടി... കത്തോലിക്കാ സഭയുടെ കൂട്ടായ്മയിലേക്ക് മലങ്കര സഭയെ ചേർത്തുനിർത്തിയപ്പോൾ കയ്യിലുള്ള അത്രയും നൽകി.


92-ാം പുനരൈക്യ ആഘോഷങ്ങൾക്കായി തിരുവല്ല എന്ന ഭൂമിക ഒരുങ്ങിക്കഴിഞ്ഞിരിക്കുന്നു. പുനരൈക്യ ചരിത്രത്തിന്റെ ഈറ്റുനോവും ബാലാരിഷ്ടതകളും ഏറ്റുവാങ്ങിയ മണ്ണാണ് ഇത് എന്ന് ചരിത്രം നമ്മെ ഓർമിപ്പിക്കുന്നു. വീണ്ടുമൊരു സഭാസംഗമത്തിനായി മലങ്കരയുടെ കൂടാരത്തിൽ നാം ഒത്തുചേരുന്നു. ഏവർക്കും സുസ്വാഗതം.

ശ്രേഷ്ഠാചാര്യശുശ്രൂഷയുടെ ധന്യമായ ഇരുപത്തിയഞ്ചു വർഷങ്ങൾ പൂർത്തിയാക്കുന്ന തിരുവല്ലയുടെ മെത്രാപ്പോലീത്തൻ ആർച്ചുബിഷപ്പ് അഭി. തോമസ് മാർ കൂറിലോസ് പിതാവ് സുവിശേഷ ജീവിതത്തിന്റെ സൗരഭ്യം പരത്തിയ 25 നീണ്ട വർഷങ്ങൾ, അതിഭദ്രാസനത്തിന്റെ ആത്മീയ ഭൗതിക വളർച്ചയുടെ നാളുകൾ നമുക്ക് സമ്മാനിച്ചു... ഇനിയും മുന്നോട്ടു ദൈവം നടത്തട്ടെ... അങ്ങയുടെ അതിരൂപതയിലെ മക്കൾ സ്നേഹപൂർവ്വം അങ്ങേയ്ക്ക് മെത്രാഭിഷേക രജതജൂബിലി ആശംസകൾ നേരുന്നു.

**ഫാ. വർഗ്ഗീസ് ചാമക്കാലായിൽ**
**ചീഫ് എഡിറ്റർ**

> “92-ാം പുനരൈക്യ ആഘോഷങ്ങൾക്കായി തിരുവല്ല എന്ന ഭൂമിക ഒരുങ്ങിക്കഴിഞ്ഞിരിക്കുന്നു. പുനരൈക്യ ചരിത്രത്തിന്റെ ഈറ്റുനോവും ബാലാരിഷ്ടതകളും ഏറ്റുവാങ്ങിയ മണ്ണാണ് ഇത് എന്ന് ചരിത്രം നമ്മെ ഓർമിപ്പിക്കുന്നു. വീണ്ടുമൊരു സഭാസംഗമത്തിനായി മലങ്കരയുടെ കൂടാരത്തിൽ നാം ഒത്തുചേരുന്നു. ഏവർക്കും സുസ്വാഗതം.”

www.malankaralibrary.com



മോസ്റ്റ് റവ. ഡോ. തോമസ് മാർ കൂറിലോസ്
(മെത്രാപ്പോലീത്തൻ ആർച്ച്ബിഷപ്പ്)

# ഇടയശബ്ദം

# 92 –ാമത് പുനരൈക്യ വാർഷികവും സഭാസംഗമവും

സെപ്റ്റംബർ മലങ്കര മക്കളെ സംബന്ധിച്ച് ഏറെ പ്രാധാന്യമുള്ള ദിനങ്ങൾ ഉള്ള മാസമാണ്. പരി. ദൈവമാതാവിന്റെ ജനനവും അതിനൊരുക്കമായുള്ള എട്ടുനോമ്പും ഏറെ ഭക്ത്യാദരവോടെ നാം ആചരിക്കുന്നു. ഇത്തവണ ഓണവും നാം ഈ ദിനത്തിൽ ആചരിച്ചു. അമ്മ എന്ന പദത്തിന് വിശ്വത്തോളം വലുപ്പമുണ്ടെന്നു മനസ്സിലാക്കിത്തന്ന മദർ തെരേസയുടെ തിരുന്നാൾ. സഭൈക്യത്തിന്റെ പൊൻചിറകു വിരിച്ച മാസം; മലങ്കര സഭയുടെ വലിയ ക്രാന്തദർശിയെന്ന് അറിയപ്പെടുന്ന സക്കറിയാസ് മാർ അത്തനാസിയോസ് പിതാവിന്റെ ഓർമ്മയുടെ മാസം. ഈ തലങ്ങളിലെല്ലാം ഏറെ അറിയപ്പെടുന്ന സെപ്റ്റംബർ അനുഗ്രഹസമയം തന്നെ. മലങ്കര സഭയുടെ പുനരൈക്യത്തിന്റെ ഈറ്റില്ലം എന്നറിയപ്പെടുന്ന തിരുവല്ലയിൽ വച്ച് 92-ാമത് പുനരൈക്യവാർഷികവും സഭാസംഗമവും നടത്തപ്പെടുന്നു എന്നത് സന്തോഷത്തോടെ ഓർക്കുന്നു. മലങ്കര ഹൈരാർക്കിയുടെ നവതിയും തിരുവല്ല അതിഭദ്രാസനത്തിന്റെ നവതിയും പശ്ചാത്തലമാകുന്ന സന്ദർഭത്തിൽ ആണ് ഈ മഹാസംഗമം ഇവിടെ നടത്തപ്പെടുന്നത്. ആത്മീയതയ്ക്ക് പേരുകേട്ട പുരാതനങ്ങളായ പല ആചരണങ്ങളും അനുഷ്ഠാനങ്ങളും നിറഞ്ഞു നിൽക്കുന്ന സ്ഥലമാണ് പത്തനംതിട്ടയുടെ തിലകക്കുറിയായ തിരുവല്ല. ക്രൈസ്തവ ഹൈന്ദവമതാചാരപ്രകാരമുള്ള പദയാത്രകളും പുണ്യയിടങ്ങളും ഈ മണ്ണിനെ പവിത്രമാക്കുന്നു.

മലങ്കര സഭയുടെ ചരിത്രം ഉറങ്ങുന്ന മണ്ണിൽ, മാർത്തോമ്മാ ശ്ലീഹായുടെ പാദസ്പർശംകൊണ്ട് പവിത്രമാക്കപ്പെട്ട ഈ മണ്ണിൽ മലങ്കര കത്തോലിക്കാസഭ നിർവ്വഹിച്ചുകൊണ്ടിരിക്കുന്ന സേവനങ്ങൾ അതുല്യമാണ്, എണ്ണമറ്റതാണ്. വിദ്യാഭ്യാസ, ആതുര, സാമൂഹിക സേവന മേഖലകളിൽ തനതായ സമർപ്പണം നടത്തിയ, നടത്തിക്കൊണ്ടിരിക്കുന്ന മലങ്കര കത്തോലിക്കാസഭ ഈ നാടിന്റെ നന്മപൂരിതമായ വികസനത്തിനും മനുഷ്യത്വപരവും പക്വവുമായ സാംസ്കാരികതയ്ക്ക് നേതൃത്വം നൽകുന്നു. കേവലം പള്ളിയ്ക്കുള്ളിൽ ഒതുങ്ങി വൈയക്തികമായ ചില അനുഭൂതികളിൽ ഒതുങ്ങി ആത്മീയതയെ മനസ്സിലാക്കുന്ന ഒരു കൂട്ടായ്മ അല്ല നമ്മുടേത്. മനുഷ്യന്റെ സമഗ്രവും ഉദാത്തവുമായ വളർച്ച ലക്ഷ്യമാക്കിക്കൊണ്ടുള്ള സഭയുടെ പ്രവൃത്തികളും സമർപ്പണങ്ങളും നേതൃത്വവും സഭ ചെയ്ത, ചെയ്യുന്ന ശുശ്രൂഷകളും മറ്റും ദുർവ്യാഖ്യാനിക്കുകയും തരംതാഴ്ത്തുകയും ചെയ്യുന്നതും നാം കണ്ടുകൊണ്ടിരിക്കുന്നു. ക്രിസ്തീയ ദർശനം മനുഷ്യർക്ക് ജീവിതത്തിലൂടെ, പ്രവൃ

*(ശേഷം പേജ് 21)*

“ മലങ്കര സഭയുടെ പുനരൈക്യത്തിന്റെ ഈറ്റില്ലം എന്നറിയപ്പെടുന്ന തിരുവല്ലയിൽ വച്ച് 92 –ാമത് പുനരൈക്യവാർഷികവും സഭാസംഗമവും നടത്തപ്പെടുന്നു എന്നത് സന്തോഷത്തോടെ ഓർക്കുന്നു. മലങ്കര ഹൈരാർക്കിയുടെ നവതിയും തിരുവല്ല അതിഭദ്രാസനത്തിന്റെ നവതിയും പശ്ചാത്തലമാകുന്ന സന്ദർഭത്തിൽ ആണ് ഈ മഹാസംഗമം ഇവിടെ നടത്തപ്പെടുന്നത്. ആത്മീയതയ്ക്ക് പേരുകേട്ട പുരാതനങ്ങളായ പല ആചരണങ്ങളും അനുഷ്ഠാനങ്ങളും നിറഞ്ഞു നിൽക്കുന്ന സ്ഥലമാണ് പത്തനംതിട്ടയുടെ തിലകക്കുറിയായ തിരുവല്ല. ”

www.malankaralibrary.com




# മലങ്കര മക്കൾക്ക് മലങ്കരയുടെ കൂടാരത്തിലേക്ക് സ്വാഗതം



റവ. ഫാ. മാത്യു പുനക്കുളം
സെന്റ് ജോൺസ് മെത്രാപ്പോലിത്തൻ കത്തീഡ്രൽ വികാരി

ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ നേതൃത്വത്തിലാരംഭിച്ച ഇരുപതാം നൂറ്റാണ്ടിലെ സഭൈക്യ പ്രസ്ഥാനം മലങ്കര സുറിയാനി സഭയുടെ ചരിത്രത്തിലെ നാഴികക്കല്ലായിരുന്നു. 1930 സെപ്റ്റംബർ 20 ലെ ഈ മഹത് സംഭവത്തിന്റെ ഓർമ്മകൾ അയവിറക്കുവാനും അസാധാരണമായ ആ ദൈവീക ഇടപെടലിനെ ഓർത്ത് ഒരുമിച്ച് നന്ദിയറിയിക്കുവാനും ആണല്ലോ മലങ്കര സുറിയാനി കത്തോലിക്കാ സഭ വർഷത്തിലൊരിക്കൽ ഒരുമിച്ചു ചേരുന്നത്.

കത്തോലിക്കാസഭയുമായുള്ള മലങ്കര സുറിയാനി സഭയുടെ ഐക്യനീക്കങ്ങൾ അതിന്റെ ആദ്യഘട്ടങ്ങളിൽ സഭാശ്രേഷ്ഠന്മാരുടെ ഇടയിൽ പൊതുവെ അംഗീകരിക്കപ്പെട്ടിരുന്നുവെങ്കിലും പല കാരണങ്ങളാൽ ക്രമേണ അവ



www.malankaralibrary.com








രെല്ലാം അതിൽനിന്നു പിന്മാറുന്ന സാഹചര്യമാണ് നിലവിൽ വന്നത്. എങ്കിലും ബഥനിയുടെ മെത്രാന്മാരായ മാർ ഈവാനിയോസും മാർ തെയോഫിലോസും പരിശുദ്ധാത്മാവിന്റെ പ്രേരണയാൽ അവരുടെ സഭൈക്യ തീരുമാനങ്ങളുമായി മുന്നോട്ടു പോയതിന്റെ പരിണിത ഫലമായിരുന്നല്ലോ പുനരൈക്യ സംഭവം. ഇത് വ്യക്തിബന്ധങ്ങളുടെ ഉലച്ചിലിനും തെറ്റിദ്ധാരണകൾക്കും വിദ്വേഷത്തിനും പകപോക്കലിനും മുറിപ്പെടുത്തലുകൾക്കും ഒക്കെ കാരണമായി. എങ്കിലും ഇത്തരം സാഹചര്യങ്ങളിൽ രമ്യതയുടെയും ക്ഷമയുടെയും സഹിഷ്ണുതയുടെയും സമാധാനത്തിന്റേതുമായ സവിശേഷ മനോഭാവമാണ് നമ്മുടെ പിതാക്കന്മാർ കാണിച്ചു തന്നത്. അവരുടെ ഈ രമ്യതയുടെ മനോഭാവം അനേകരെ അവരിലേക്കും പുനരൈക്യ പ്രസ്ഥാനത്തിലേക്കും ആകർഷിച്ചു.

92 വർഷങ്ങളുടെ ധന്യതയിൽ നാം എത്തിനിൽക്കുമ്പോൾ നാം ഏറ്റെടുത്തിരിക്കുന്ന ഈ സുവിശേഷ ദൗത്യം എത്രമാത്രം ശ്രദ്ധയോടെ നാം ജീവിക്കുന്നു, തലമുറകൾക്ക് കൈമാറുന്നു എന്ന് ആത്മശോധന ചെയ്യുവാനുള്ള ഒരു അവസരമായി നമുക്ക് മാറ്റാം.

2022 ലെ മലങ്കര കത്തോലിക്കാസഭാ മക്കളുടെ സംഗമത്തിന് വേദിയാകുന്നത് തിരുവല്ല അതിഭദ്രാസനവും സെന്റ് ജോൺസ് മെത്രാപ്പോലീത്തൻ കത്തീഡ്രൽ ദൈവാലയവുമാണല്ലോ. മലങ്കര സുറിയാനി കത്തോലിക്കാ സഭയിലെ 12 ഭദ്രാസനങ്ങളിൽ പുനരൈക്യപ്രസ്ഥാനത്തോടൊപ്പം പ്രാധാന്യമുള്ളതാണ് തിരുവല്ല അതിഭദ്രാസനം. ബഥനി ചാക്കോച്ചന്റെ നേതൃത്വത്തിൽ ആരംഭകാലത്ത് ആരാധനയ്ക്കായി താല്ക്കാലിക ഷെഡ് നിർമ്മിച്ച അതേ സ്ഥലത്താണ് 92 വർഷങ്ങൾക്കിപ്പുറം മലങ്കരയുടെ കൂടാരപ്പള്ളി എന്നു വിശേഷിക്കപ്പെടുന്ന മലങ്കര സുറിയാനി പ്രാചീന പുരോഹിത വിധികളും, ആധുനിക ആർക്കി ടെക്ച്ചറൽ ജ്ഞാനവും കൂട്ടിച്ചേർത്ത് 2004 ൽ മനോഹരമായി നിർമ്മിച്ചിരിക്കുന്ന അഞ്ചാമത്തെ കത്തീഡ്രൽ ദൈവാലയം.


ഈ വർഷത്തെ പുനരൈക്യസംഗമത്തിനായി കത്തീഡ്രൽ ദൈവാലയം ഒരുങ്ങിക്കഴിഞ്ഞു. ഇസ്രായേൽ ജനത്തിന്റെ ജറുസലേം ദൈവാലയസംഗമം പോലെ ദൈവത്തെ ഒന്നിച്ച് ആരാധിക്കാനും മഹത്വപ്പെടുത്തുവാനും നന്ദിയർപ്പിക്കുവാനും മുമ്പോട്ടുള്ള നമ്മുടെ പ്രയാണങ്ങൾക്ക് ശക്തി നേടുവാനും നമ്മുടെ പുണ്യ പിതാക്കന്മാർ അന്ത്യവിശ്രമം കൊള്ളുന്ന മലങ്കരയുടെ കൂടാരത്തിലേക്ക് ഏവർക്കും ഒരുമിച്ചു ചേരാം - സ്വാഗതം!

www.malankaralibrary.com



# മെത്രാഭിഷേക രജതജൂബിലി
## ശ്രേഷ്ഠാചാര്യ ശുശ്രൂഷയുടെ ധന്യമായ ഇരുപത്തിയഞ്ച് വർഷങ്ങൾ

www.malankaralibrary.com




ഇരുപത്തിയഞ്ച് വർഷത്തെ ശ്രേഷ്ഠമായ ശ്രേഷ്ഠാചാര്യ ശുശ്രൂഷയുടെ രജതജൂബിലി പിന്നിട്ട് 26-ാം വർഷത്തിലേക്ക് അഭി. തോമസ് മാർ കൂറിലോസ് മെത്രാപ്പോലീത്താ പ്രവേശിച്ചിരിക്കുന്നു. 1997 ജൂലൈ 17 ന് മെത്രാഭിഷേകം സ്വീകരിച്ച്, ആറ് വർഷത്തോളം തിരുവല്ല അതിഭദ്രാസനത്തിന്റെ സഹായമെത്രാനായും, 2003 ജനുവരി 15 ന് മൂവാറ്റുപുഴ ഭദ്രാസനം സ്ഥാപിതമായതോടുകൂടി ഫെബ്രുവരി 6-ാം തീയതി മുതൽ നാല് വർഷത്തോളം പ്രഥമ മെത്രാനെന്ന നിലയിൽ സ്തുത്യർഹമായ ശുശ്രൂഷയിലൂടെ ആ ഭദ്രാസനത്തിന് ശക്തമായ അടിത്തറ പാകുകയും ചെയ്തു. 2007 മെയ് 2 ന് തിരുവല്ലയുടെ മെത്രാപ്പോലീത്തൻ ആർച്ചുബിഷപ്പായി സ്ഥാനാരോഹണം ചെയ്ത് ഇപ്പോൾ പതിനഞ്ച് വർഷമായി ആ ശുശ്രൂഷ അനുഗ്രഹകരമായി നിർവ്വഹിച്ചുകൊണ്ടിരിക്കുന്നു. അങ്ങനെ ആറ് വർഷത്തോളം തിരുവല്ലയുടെ സഹായമെത്രാനായും, നാല് വർഷം മൂവാറ്റുപുഴ ഭദ്രാസന മെത്രാനായും, ഇപ്പോൾ പതിനഞ്ച് വർഷമായി തിരുവല്ലയുടെ മെത്രാപ്പോലീത്തൻ ആർച്ചുബിഷപ്പായും പ്രവർത്തിച്ച് ഇരുപത്തിയഞ്ച് വർഷം പൂർത്തിയാക്കിയ അഭി. തിരുമേനിയുടെ മേല്പട്ട ശുശ്രൂഷയിലൂടെ ദൈവത്തിനും ദൈവജനത്തിനും, സഭയ്ക്കും സമൂഹത്തിനും ലഭിച്ച അനുഗ്രഹങ്ങൾ എണ്ണമറ്റതാണ്. മലങ്കര സുറിയാനി കത്തോലിക്കാസഭയിൽ ഇന്ന് ജീവിച്ചിരിക്കുന്ന മെത്രാന്മാരിൽ, മെത്രാഭിഷേകത്തിൽ ഏറ്റവും സീനിയറായ അഭി. കൂറിലോസ് പിതാവിന്റെ എപ്പിസ്കോപ്പൽ സുവർണ്ണ ജൂബിലി 2047 ൽ 88-ാം വയസ്സിൽ ദൈവപരിപാലനയിൽ നടക്കുവാൻ ഇടയാകട്ടെ എന്ന് നമുക്ക് പ്രാർത്ഥിക്കാം.



അഭി. തിരുമേനിയുടെ മെത്രാഭിഷേകത്തിന്റെ ഇരുപത്തിയഞ്ച് വർഷങ്ങൾ നന്മയുടെയും അനുഗ്രഹത്തിന്റെയും കരുതലിന്റെയും ദൈവപരിപാലനയുടെയും സമ്പൂർണ്ണ സമർപ്പണത്തിന്റെയും ദൈവാനുഭവത്തിന്റെയും പ്രാർത്ഥനാനിർഭരമായ ജീവിതത്തിന്റെയും ഇരുപത്തിയഞ്ച് വർഷങ്ങളായിരുന്നു. എണ്ണിത്തീർത്ത ഇരുപത്തിയഞ്ച് വർഷങ്ങളല്ല, ദൈവം ഏല്പിച്ച ഉത്തരവാദിത്വവും നിയോഗവും അതിന്റെ ഗൗരവത്തിലും പ്രാധാന്യത്തിലും മനസ്സിലാക്കി തന്റെ ജീവിതത്തെ ഈ നിയോഗത്തിന് സമ്പൂർണ്ണമായി സമർപ്പിച്ച ഇരുപത്തിയഞ്ച് വർഷങ്ങളായിരുന്നു. അനേകർക്ക് നന്മയായതിന്റെയും ദൈവസ്നേഹം പകർന്നു നല്കിയതിന്റെയും ദൈവകാരുണ്യം പങ്കുവച്ചതിന്റെയും ഇരുപത്തിയഞ്ച് വർഷങ്ങളായിരുന്നു. ക്രിസ്തുവിന്റെ സ്നേഹവും കരുതലും കാരുണ്യവും സ്വജീവിതത്തിലൂടെ അനേകർക്ക് സാക്ഷ്യപ്പെടുത്തിയ ഇരുപത്തിയഞ്ച് വർഷങ്ങളായിരുന്നു.




**മോൺ. ഡോ. ഐസക് പറപ്പള്ളിൽ**
**(മുഖ്യ വികാരിജനറാൾ,**
**തിരുവല്ല അതിഭദ്രാസനം)**

മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ പരിശുദ്ധ സുന്നഹദോസ് സെക്രട്ടറിയായും, ആരാധനക്രമ കമ്മീഷന്റെ ചെയർമാനായും പ്രവർത്തിക്കുന്ന അഭി. കൂറിലോസ് മെത്രാപ്പോലീത്താ ദൈവശാസ്ത്രമേഖലയിലും സഭൈക്യരംഗത്തും ആരാധനക്രമജീവിതത്തിലും സഭയ്ക്ക് നല്കുന്ന നേതൃത്വവും സേവനങ്ങളും ഏറെ ശ്ലാഘനീയമാണ്. അത് സഭയുടെ ആത്മീയ മേഖലയെ ഏറെ ബലപ്പെടുത്തിയിട്ടുമുണ്ട്. അതോടൊപ്പം, അതിഭദ്രാസനത്തിന്റെ ആത്മീയവും ഭൗതികവുമായ എല്ലാ മേഖലകളിലും അദ്ദേഹത്തിന്റെ നേതൃത്വം വളരെ ശ്രദ്ധേയമാണ്. കഴിഞ്ഞ ഇരുപത്തിയഞ്ച് വർഷക്കാലത്തെ ശ്രേഷ്ഠാചാര്യ ശുശ്രൂഷയിൽ ഒരു മെത്രാനെയും എൺപത്തി

www.malankaralibrary.com

രണ്ട് വൈദികരെയും അഭിഷേകം ചെയ്യുവാനും അഭി. തിരുമേനിക്ക് ഭാഗ്യം ലഭിച്ചു. സഭയുടെ തലവനും പിതാവുമായ മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമീസ് കാതോലിക്കാബാവായുടെ അനുവാദത്തോടെ, കോട്ടയം രൂപതയുടെ സഹായമെത്രാനായി അഭി. ഗീവർഗീസ് മാർ അപ്രേം തിരുമേനിയെ 2020 ൽ മെത്രാനായി വാഴിക്കുവാൻ അഭി. കൂറിലോസ് തിരുമേനിക്ക് നിയോഗമുണ്ടായി. അതോടൊപ്പം തിരുവല്ല അതിഭദ്രാസനത്തിലെ അമ്പത്തിയേഴ് വൈദികരെയും, ബഥനി ആശ്രമത്തിലെ പത്തൊൻപത് വൈദികരെയും, മൂവാറ്റുപുഴ ഭദ്രാസനത്തിലെ 5 വൈദികരെയും, കുരിശുമല ആശ്രമത്തിലെ ഒരു വൈദികനെയും അഭിഷേകം ചെയ്യുവാൻ സാധിച്ചതിലൂടെ മലങ്കര സുറിയാനി കത്തോലിക്കാസഭയിലെ എൺപത്തിരണ്ട് പേർക്ക് ഇക്കാലയളവിൽ വൈദികാഭിഷേകം നടത്തുവാൻ ഭാഗ്യമുണ്ടായി. അതിഭദ്രാസനത്തിൽ നിരവധി പുതിയ ദൈവാലയങ്ങൾ നിർമ്മിക്കുന്നതിനും, ചിലത് നവീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിനും, വൈദികമന്ദിരങ്ങൾ നിർമ്മിക്കുന്നതിനും, അജപാലന ശുശ്രൂഷയ്ക്ക് ആവശ്യമായ സൗകര്യങ്ങൾക്കായി ഹാളുകൾ പണിയുന്നതിനും അഭി. തിരുമേനി ശ്രദ്ധിച്ചു. അതോടൊപ്പം അജപാലന-ആതുര-സാമൂഹിക-വിദ്യാഭ്യാസ-എക്യുമെനിക്കൽ മേഖലകളിലും അദ്ദേഹത്തിന്റെ കരങ്ങളും ഹൃദയവും മനസ്സും കടന്നു ചെന്നിട്ടുണ്ട്. ഒരു പാസ്റ്ററൽ മൈൻഡോടുകൂടി തന്റെ അജപാലന ശുശ്രൂഷ നിർവ്വഹിക്കുവാൻ അദ്ദേഹത്തിന് കഴിഞ്ഞിരുന്നു. വൈദികരുടെയും സന്ന്യസ്തരുടെയും ദൈവജനത്തിന്റെയുമിടയിൽ 'ആടുകളുടെ മണമുള്ള ഇടയനായി' അദ്ദേഹം ജീവിച്ചു. സഭയുടെയും സമൂഹത്തിന്റെയും വളർച്ചയ്ക്കും ഉയർച്ചയ്ക്കും വേണ്ടി ആഗ്രഹിച്ചവ




നിശ്ചയദാർഢ്യത്തോടെ സമയബന്ധിതമായി നടപ്പാക്കുവാൻ അദ്ദേഹം ആഗ്രഹിക്കുകയും അത് പ്രാവർത്തികമാക്കുകയും ചെയ്തു. മനുഷ്യരുടെ നന്മയ്ക്കായുള്ള ഏതൊരു കാര്യവും ആഗ്രഹിച്ചു മാത്രം അവസാനിപ്പിക്കുവാൻ അഭി. പിതാവ് തയ്യാറായിരുന്നില്ല, ആ ലക്ഷ്യം സാക്ഷാത്ക്കരിക്കുവാൻ ദൃഢനിശ്ചയത്തോടെ ഏതറ്റം വരെയും പോകുവാൻ ശ്രദ്ധിച്ചിരുന്നു. പറയുന്നത് പ്രവർത്തിക്കണമെന്ന് നിർബന്ധമുള്ള, ജീവിതം മറ്റുള്ളവർക്ക് സാക്ഷ്യമാകണമെന്ന നിശ്ചയദാർഢ്യമുള്ള വ്യക്തിത്വമാണ് കൂറിലോസ് പിതാവിന്റേത്.


## അജപാലനശുശ്രൂഷയും സാമൂഹികക്ഷേമ പ്രവർത്തനങ്ങളും

രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ Christus Dominus എന്ന ഡിക്രിയിൽ, മെത്രാന്മാരുടെ അജപാലന ധർമ്മത്തെപ്പറ്റിയും, ഉത്തരവാദിത്വങ്ങളെയും കടമകളെയുംപറ്റിയും വ്യക്തമായി പ്രതിപാദിക്കുന്നുണ്ട്. മെത്രാന്മാർ ത്യാഗത്തിന്റെയും സേവനത്തിന്റെയും മനോഭാവത്തിൽ ദൈവജനത്തെ ശുശ്രൂഷിക്കണമെന്നും, ഒരു മെത്രാൻ 'നല്ല ഇടയനും നല്ല സേവകനും' ആയിരിക്കണമെന്നും ഡിക്രി അനുശാസിക്കുന്നു. "സുവിശേഷ പ്രബോധനത്തിനായി




കർത്താവ് അവരെ ആരുടെ പക്കലേക്ക് അയച്ചുവോ, ആ പാവപ്പെട്ടവരുടെയും എളിയവരുടെയും കാര്യത്തിൽ പ്രത്യേകം താല്പര്യം പുലർത്തണമെന്നും" (നമ്പർ 13), അവർ മനുഷ്യരുടെ ഇടയിലേക്ക് ഇറങ്ങിച്ചെല്ലണമെന്നും, അജഗണത്തെ അറിയുന്ന യഥാർത്ഥ പിതാക്കളായി വർത്തിക്കണമെന്നും ഓർമ്മിപ്പിക്കുന്നു (നമ്പർ 46). ഈ അരൂപിയിലും

www.malankaralibrary.com




ചൈതന്യത്തിലുമാണ് അഭി. കൂറിലോസ് പിതാവ് ഇക്കാലമത്രയും പ്രവർത്തിച്ചതെന്ന് അഭിമാനപൂർവ്വം ഓർമ്മിക്കുവാൻ കഴിയും. വി. അഗസ്തീനോസ് പറയുന്നതുപോലെ, “നിങ്ങൾക്കുവേണ്ടിയാണ് ഞാൻ ഒരു മെത്രാനായിരിക്കുന്നത്” എന്നതാണ് അഭി. കൂറിലോസ് തിരുമേനിയുടെ ജീവിതശൈലിയും അജപാലനരീതിയും.

കഴിഞ്ഞ ഇരുപത്തിയഞ്ച് വർഷക്കാലത്തെ അജപാലന ശുശ്രൂഷയിൽ സമൂഹത്തിലെ പാർശ്വവൽക്കരിക്കപ്പെട്ടവർക്കും ദരിദ്രർക്കും ദളിതർക്കും ഭവനമില്ലാത്തവർക്കും അംഗപരിമിതർക്കും രോഗികൾക്കും പരാശ്രയമില്ലാത്തവർക്കുമായി നിരവധി പദ്ധതികൾ നടപ്പിലാക്കുവാൻ അഭി. തിരുമേനിക്ക് കഴിഞ്ഞത്




സാമൂഹിക ക്ഷേമ പ്രവർത്തനങ്ങളും ആത്മീയതയുടെ ഭാഗമാണ് എന്ന ഉത്തമ ബോധ്യത്തിന്റെ അടിസ്ഥാനത്തിലാണ്. പാവപ്പെട്ടവരോടും പാർശ്വവൽക്കരിക്കപ്പെട്ടവരോടും നിർദ്ധനരോടുമുള്ള കരുതലിനും അവരുടെ ഉന്നമനത്തിനും അഭി. തിരുമേനി പ്രത്യേക പരിഗണന നല്കാറുണ്ട്. മറ്റുള്ളവർക്ക് നന്മ ചെയ്യുവാൻ, വേദനകളിൽ അവരെ ആശ്വസിപ്പിക്കുവാൻ




അദ്ദേഹത്തിന്റെ ഹൃദയവും മനസ്സും കരങ്ങളും എപ്പോഴും ഉണ്ട്. അതിഭദ്രാസന സ്ഥാപനത്തിന്റെ നവതിയും, അഭി. തിരുമേനിയുടെ മെത്രാഭിഷേക രജതജൂബിലിയും പ്രമാണിച്ച് വിവിധ സ്ഥലങ്ങളിൽ നാല്പ്പതോളം ക്ലസ്റ്റർ ഭവനങ്ങളും (കല്ലൂപ്പാറ, പുറമറ്റം, കടുവാക്കുഴി, ചുങ്കപ്പാറ), മറ്റു സ്ഥലങ്ങളിൽ വ്യക്തിഗത കുടുംബങ്ങൾക്കായും ഭവനങ്ങൾ പണിത്, ഭവനരഹിതരായ നിരവധി കുടുംബങ്ങൾക്ക് ആശ്വാസമേകി. അതിഭദ്രാസനത്തിന്റെ സാമൂഹ്യക്ഷേമ വിഭാഗമായ ബോധനയിലൂടെ നടപ്പാക്കിയ കോവിഡ് സമരിറ്റൻസ് സന്നദ്ധ സംഘടന, ഫുഡ് കിറ്റ് വിതരണം, ഭവന നിർമ്മാണം, ആട് വിതരണം, അതിജീവന പദ്ധതി, വീൽ ചെയർ വിതരണം, ദുരിതാശ്വാസക്യാമ്പ് സഹാ




യം, കോവിഡ് മെഡിക്കൽ ക്യാമ്പ്, വിദ്യാഭ്യാസ സഹായ പദ്ധതി, ഹോം കെയർ പദ്ധതി, ഒപ്പം പദ്ധതി, കർഷക സഹായ പദ്ധതികൾ, മെഡി കെയർ (monthly medical assistance programme), കരുതൽ പദ്ധതി (350 കുട്ടികൾക്ക് 7000 രൂപാവീതം പഠന സഹായം), കാൻസർ രോഗികൾക്ക് വിഗ്ഗ് നിർമ്മാണ




www.malankaralibrary.com

ത്തിനുള്ള കേശദാനം..... എന്നീ പദ്ധതികളിലൂടെ ആയിരക്കണക്കിന് ആളുകൾക്കാണ് അഭി. തിരുമേനിയുടെ നേതൃത്വത്തിൽ ആശ്വാസമായത്. ഇവയ്ക്കു പുറമെ സുനാമി, ഓഖി ദുരന്തം, 2018 ലെയും 2019 ലെയും മഹാപ്രളയം, വയനാട്ടിലെയും ഹൈറേഞ്ചിലേയും മണ്ണിടിച്ചിൽ, കോവിഡ് മഹാമാരി എന്നിവയോട്






അനുബന്ധിച്ച് അഭി. തിരുമേനിയുടെ നേതൃത്വത്തിൽ അതിഭദ്രാസനവും അതിഭദ്രാസനത്തിന്റെ സംവിധാനങ്ങളും ഒട്ടേറെ സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾ നടത്തുകയും ദുരന്ത മേഖലകളിൽ ഓടിയെത്തി അവരുടെ വേദനയിൽ പങ്കുചേർന്ന് അവർക്ക് വേണ്ട




സഹായങ്ങൾ നല്കുകയും ചെയ്തു. ദുരന്തമനുഭവിക്കുന്നവർക്കും, ദുരന്തങ്ങൾ നേരിടേണ്ടി വന്നവർക്കും സഹായഹസ്തം നല്കുവാനും, സമൂഹത്തിലെ പാർശ്വവൽക്കരിക്കപ്പെട്ടവർ, സ്ത്രീകൾ, കുട്ടികൾ, ഭിന്നശേഷിക്കാർ, ദളിതർ എന്നിവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് എത്തിക്കുവാനും, ജയിൽ മിനിസ്ട്രി, ഓട്ടോറിക്ഷ ഡ്രൈവർമാരുടെ സംഘടനയായ 'സാരഥി' എന്നിവയുടെ പ്രവർത്തനങ്ങൾ ശക്തമാക്കുവാനും ഇടയായത് അജപാലനരംഗത്ത് അഭി. തിരുമേനിയുടെ സാമൂഹ്യക്ഷേമ ദർശനവും വീക്ഷണവും എത്ര പ്രധാനമാണ് എന്നതിന്റെ തെളിവുകളാണ്.


## ആതുരമേഖലയിലെ അജപാലനശുശ്രൂഷ

കഴിഞ്ഞ 25 വർഷക്കാലത്തെ ശ്രേഷ്ഠാചാര്യശുശ്രൂഷ, അതിൽ പ്രത്യേകിച്ച് 6 വർഷക്കാലം അതിഭദ്രാസനത്തിന്റെ സഹായ മെത്രാനായിരുന്നപ്പോഴും, പിന്നീട് മെത്രാപ്പോലീത്തൻ ആർച്ചുബിഷപ്പായുമുള്ള 15 വർഷക്കാലത്തെ ശുശ്രൂഷകളും ആതുരമേഖലയിലുള്ള തന്റെ കാഴ്ചപ്പാടും ദർശനവും വ്യക്തമാക്കുന്നു. വിവിധ സ്ഥലങ്ങളിലെ അനാഥാലയങ്ങൾ, ആരോഗ്യ കേന്ദ്രങ്ങൾ, വൃദ്ധസദനങ്ങൾ എന്നിവയിലൂടെയുള്ള പ്രവർത്തനങ്ങൾ അഭി. തിരുമേനിയുടെ സാമൂഹ്യ പ്രതിബദ്ധത പ്രകടമാക്കുന്നു. പുഷ്പഗിരി മെഡിക്കൽ കോളേജ് ഉൾപ്പെടെ ആതുര മേഖലയിലെ നിരവധി സ്ഥാപനങ്ങളിലൂടെയുള്ള ശുശ്രൂഷ കൃത്യമായ പ്ലാനിംഗിലൂടെയും വ്യക്തമായ ദർശനത്തിലൂടെയും ചിട്ടയായ നടത്തിപ്പിലൂടെയും ഏറെ അനുഗ്രഹകരമാക്കുവാൻ അഭി. തിരുമേനിക്ക് സാധിച്ചിട്ടുണ്ട്. ആതുരസേവന രംഗത്ത് പുഷ്പഗിരി അഭിമാനപൂർവ്വം തലയുയർത്തി നില്ക്കുന്നതിന്റെ കാരണം കാലാകാലങ്ങളിൽ ഈ സ്ഥാപനത്തിന്റെ രക്ഷാധികാരികളായി പ്രവർത്തിച്ച





www.malankaralibrary.com




അഭി. പിതാക്കന്മാരുടെയും, സി.ഇ.ഒ. മാരുടെയും, ഡയറക്ടർമാർ, ഡോക്ടർമാർ, സ്റ്റാഫ് അംഗങ്ങൾ എന്നിവരുടെയും വലിയ കരുതലും പിന്തുണയും ആത്മാർത്ഥമായ പ്രവർത്തനങ്ങളും, പൊതുസമൂഹത്തിന്റെ സഹകരണവുമാണ്. 1959 ഫെബ്രുവരി 19 ന് ബോംബെ ആർച്ചുബിഷപ്പായിരുന്ന കർദ്ദിനാൾ ഗ്രേഷ്യസ് ശിലാസ്ഥാപനം നടത്തി 8 കിടക്കകളോടെ ആരംഭിച്ച പുഷ്പഗിരി ഇന്ന് നേഴ്സിംഗ് സ്കൂൾ, ഡി.ഫാം., റിസർച്ച് സെന്റർ, എം.ബി.ബി.എസ്., നേഴ്സിംഗ് കോളേജ്, ഫാർമസി കോളേജ്, ഡന്റൽ സയൻസ് കോളേജ്, അലയ്ഡ് ഹെൽത്ത് സയൻസ് കോളേജ്, വൈറോളജി സെന്റർ, എം.ഡി.എം.എസ്., എം.എസ്.സി. നേഴ്സിംഗ്, എം.ഫാം. ഉൾപ്പെടെയുള്ള




പോസ്റ്റ് ഗ്രാജുവേറ്റ് കോഴ്സുകൾ, ഫാം.ഡി., ക്ലിനിക്കൽ റിസർച്ച് സെന്റർ, എം.ഡി., എം.എസ്. പ്രോഗ്രാം, ഡി.എം./എം.സി.എച്ച്., ഡി.എൻ.ബി., സൂപ്പർ സ്പെഷ്യാലിറ്റി പ്രോഗ്രാം എന്നിവ ഉൾക്കൊള്ളുന്ന കേരളത്തിലെ ബൃഹത്തായ സ്ഥാപനമായി രൂപാന്തരപ്പെട്ടതിന്റെ പിന്നിൽ ആഴമായ സമർപ്പണവും ത്യാഗപൂർണ്ണമായ കഠിനാദ്ധ്വാനവും, നിസ്വാർത്ഥ സേവനവും, ആതുരശുശ്രൂഷയിലെ ക്രിസ്തുമനോഭാവവും പ്രകടമാക്കുന്നു. ഇന്ന് 29 ഡിപ്പാർട്ട്മെന്റുകളും, 900 കിടക്കകളും, 16 ഓപ്പറേഷൻ തിയറ്ററുകളും, 30 കിടക്കകളുള്ള എമർജൻസി കെയറും, 3 കാഷ്വാലിറ്റി സെന്ററുകളും, 6 ഡയഗ്നോസ്റ്റിക് സെന്ററുകളും, വിശാലമായ ഫാർമസിയും, ആധുനിക നിലവാരത്തിലുള്ള എം.ആർ.ഐ., യു.എസ്.ജി., സി.റ്റി., എക്സ്റേ, കാത്ത് ലാബ്, ഡി.എസ്.എ. ലാബുകളുമുള്ള സ്ഥാപനമായി പുഷ്പഗിരി അതിവേഗം വളർന്നുകൊണ്ടിരിക്കുന്നു. അതോടൊപ്പം പുഷ്പഗിരി മെഡിക്കൽ കോളേജിലും അനുബന്ധസ്ഥാപനങ്ങളിലുമായി 1737 പേർ സ്റ്റാഫ് അംഗങ്ങളായി ജോലി ചെയ്യുന്നു. അതുകൂടാതെ നിരവധി കുടുംബങ്ങൾക്ക് ആശ്രയമാകുന്ന വിവിധ തൊഴിൽ സംരംഭങ്ങളും പുഷ്പഗിരിയോട് അനുബന്ധിച്ച് പ്രവർത്തിക്കുന്നു. ആശുപത്രിയിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന വിവിധ പദ്ധതികളായ സമരിറ്റൻ പദ്ധതി, പ്രിവിലേജ് കാർഡ്, 300 രൂപയ്ക്കുള്ള ഡയാലിസിസ് പദ്ധതി എന്നീ സംരംഭങ്ങളിലൂടെ ചുരുങ്ങിയ ചിലവിൽ ചികിത്സ ലഭ്യമാക്കുവാനും, ബിൽ ഇനത്തിൽ കാര്യമായ ഇളവ് ലഭിക്കുവാനും ഇടയാകുന്നത് പാവപ്പെട്ട അനേക രോഗികൾക്ക് ആശ്വാസമാകുന്നു. പാവപ്പെട്ട രോഗികൾക്കും നല്ല ചികിത്സ ലഭ്യമാകണം എന്നതാണ് പുഷ്പഗിരിയുടെ ലക്ഷ്യം. 'മദർ തെരേസ സൗജന്യ ഭക്ഷണ പദ്ധതി' അനേകം പാവപ്പെട്ട രോഗികൾക്കും കൂട്ടിരിപ്പുകാർക്കും ആശ്വാസമാകുന്നു. ഈ വലിയ പ്രസ്ഥാനത്തെ അതിന്റെ രക്ഷാധികാരി എന്ന നിലയിൽ അഭി. കൂറിലോസ് തിരുമേനി ഏറെ ശ്രദ്ധയോടും കൃത്യതയോടും ദീർഘവീക്ഷണത്തോടും നയിച്ചുകൊണ്ടിരിക്കുന്നു.


## വിദ്യാഭ്യാസമേഖലയിലെ അജപാലനശുശ്രൂഷ

വിദ്യാഭ്യാസത്തിലൂടെ മാത്രമേ തലമുറകളും കുടുംബങ്ങളും സമൂഹവും അഭിവൃദ്ധിപ്പെടൂ എന്ന ദർശനത്തിലൂന്നി വിദ്യാഭ്യാസരംഗത്ത് നിരവധി മികവാർന്ന പ്രവർത്തനങ്ങൾ കാഴ്ച വയ്ക്കുവാൻ അഭി. തിരുമേനിക്ക് ഇക്കാലയളവിൽ സാധിച്ചിട്ടുണ്ട്. മെഡിക്കൽ കോളേജ്, പ്രൊഫഷണൽ കോളേജ്, ആർട്സ് ആന്റ് സയൻസ് കോളേജ്, ബി.എഡ്. കോളേജ്, എം.എഡ്. കോളേജ്, ട്രെയിനിംഗ് സ്കൂളുകൾ, സാങ്കേതിക സ്ഥാപനങ്ങൾ, ഹയർ സെക്കണ്ടറി സ്കൂളുകൾ, ഹൈസ്കൂളുകൾ, എൽ.പി., യു.പി. സ്കൂളുകൾ എന്നീ സ്ഥാപനങ്ങളിലൂടെ വിദ്യാഭ്യാസ മേഖലയിലെ അജപാലന ശുശ്രൂഷ ഗുണപരമായി നിർവ്വഹിക്കുവാൻ അഭി. തിരുമേനി പ്രത്യേകം ശ്രദ്ധ വയ്ക്കുന്നു.



www.malankaralibrary.com

പ്രത്യേകിച്ചും അതിഭദ്രാസനത്തിന്റെ നേതൃത്വത്തിലുള്ള മാക്ഫാസ്റ്റ് കോളേജ് ഒരു പോസ്റ്റ്ഗ്രാജുവേറ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടായി കേരളത്തിലെ ഉന്നത വിദ്യാഭ്യാസരംഗത്ത് മുൻപന്തിയിൽ നില്ക്കുന്നു. ഭാഗ്യസ്മരണാർഹനായ അഭി. ഗീവർഗീസ് മാർ തിമോത്തിയോസ് പിതാവിന്റെ കാലത്ത് 2001 ൽ ഈ സ്ഥാപനം ആരംഭിച്ചപ്പോൾ അന്നത്തെ സഹായമെത്രാനായിരുന്നു അഭി. കൂറിലോസ് തിരുമേനി. 2007 മുതൽ ഈ സ്ഥാപനത്തിന്റെ രക്ഷാധികാരിയായി അദ്ദേഹം പ്രവർത്തിക്കുന്നു. ഇന്ന്, മാനേജ്മെന്റ് സ്റ്റഡീസ്, കമ്പ്യൂട്ടർ സയൻസ്, ബയോ സയൻസ് വിഭാഗങ്ങളിലായി പത്ത് പോസ്റ്റ്ഗ്രാജുവേറ്റ് കോഴ്സുകൾ ഈ സ്ഥാപനത്തിൽ പ്രവർത്തിക്കുന്നു. മാക്ഫാസ്റ്റ് സെന്റർ ഫോർ റിസർച്ച് ആന്റ് ഡവലപ്മെന്റ് എന്ന കേന്ദ്രത്തിലൂടെ ബയോ സയൻസ് വിഭാഗത്തിൽ പി.എച്ച്.ഡി. നല്കുവാനും ഈ സ്ഥാപനത്തിന് സാധിക്കുന്നു. ഈ സ്ഥാപനത്തിന്റെ വളർച്ചയുടെ ഭാഗമാണ് മാക്ഫാസ്റ്റ് ക്യാമ്പസ് കമ്മ്യൂണിറ്റി റേഡിയോ. NAAC ന്റെ A ഗ്രേഡ് അക്രെഡിറ്റേഷൻ ഉള്ള മാക്ഫാസ്റ്റ് ഇതിനോടകം നിരവധി ദേശീയ-അന്തർദേശീയ കമ്പനികളുമായി MOU ഒപ്പു വച്ചിട്ടുണ്ട്. 2001 മുതലുള്ള ഈ സ്ഥാപനത്തിന്റെ ഇരുപത്തിയൊന്ന് വർഷത്തെ ജൈത്രയാത്രയിൽ, എം.ജി. യൂണിവേഴ്സിറ്റിയിൽനിന്ന് നൂറിൽപരം റാങ്കുകൾ കരസ്ഥമാക്കുവാനും സാധിച്ചിട്ടുണ്ട്. ഇതെല്ലാം സൂചിപ്പിക്കുന്നത് വിദ്യാഭ്യാസമേഖലയിൽ സഭ നല്കുന്ന അജപാലനശുശ്രൂഷയുടെ ശ്രദ്ധയും പ്രാധാന്യവുമാണ്.






## ഉപസംഹാരം

സഭാജീവിതത്തിന് വ്യക്തമായ ദിശാബോധവും, സവിശേഷമായ ജീവിതശൈലിയും, ആരാധനക്രമാധിഷ്ഠിതമായ ആദ്ധ്യാത്മികതയും, നൂതനമായ കാഴ്ചപ്പാടും നല്കി അഭി. തോമസ് മാർ കൂറിലോസ് മെത്രാപ്പോലീത്താ ശ്രേഷ്ഠാചാര്യ ശുശ്രൂഷയിൽ മുന്നേറുകയാണ്. ക്രിസ്തുവിന്റെ കണ്ണും കാതും ഹൃദയവും മനസ്സും സ്വന്തമാക്കിയ ഈ ശ്രേഷ്ഠാചാര്യൻ വ്യത്യസ്തമായ ജീവിതശൈലികൊണ്ടും അജപാലനരീതികൊണ്ടും മനുഷ്യമനസ്സുകളിൽ ഇടം നേടിക്കഴിഞ്ഞു. സ്നേഹത്തിന്റെ ഹൃദയവും, കാരുണ്യത്തിന്റെ മനസ്സും, ആർദ്രതയാർന്ന നയനങ്ങളും, വാത്സല്യത്തിന്റെ കരങ്ങളും, വേഗതയാർന്ന പാദങ്ങളും ഒത്തുചേർന്നപ്പോൾ അത് തോമസ് മാർ കൂറിലോസ് എന്ന മെത്രാപ്പോലീത്തയായി. ആശയറ്റവർക്ക് ആശ്രയമായും, കരയുന്നവർക്ക് ആശ്വാസമായും, വേദനിക്കുന്നവർക്ക് സഹായകനായും, ദുഃഖിതർക്ക് പ്രത്യാശയായും ഒപ്പം നില്ക്കാൻ അഭി. തിരുമേനിക്ക് ഇക്കാലമത്രയും സാധിച്ചത് അദ്ദേഹത്തിന്റെ പ്രാർത്ഥനാജീവിതത്തിന്റെ ശക്തിയാണ് - അദ്ദേഹത്തിലെ ആന്തരിക മനുഷ്യന്റെ ശക്തിയാണ്. ദൈവസ്നേഹവും പരസ്നേഹവും ഒരുപോലെ കൊണ്ടുപോകേണ്ടതാണെന്നും, പ്രാർത്ഥനയോടൊപ്പം പരോപകാരപ്രവർത്തികൾ പ്രധാനമാണെന്നും സ്വജീവിതത്തിലൂടെ അദ്ദേഹം വെളിപ്പെടുത്തുന്നു.

'തീക്ഷ്ണതയിൽ മാന്ദ്യം കൂടാതെ ആത്മാവിൽ ജ്വലിക്കുന്നവരായി കർത്താവിനെ ശുശ്രൂഷിക്കുവിൻ' (റോമ. 12:11) എന്ന വി. പൗലോസിന്റെ വചനം പോലെ, ആത്മാവിൽ ജ്വലിച്ച് ഏറെ തീക്ഷ്ണതയോടെ കർത്താവിനെ ശുശ്രൂഷിക്കുവാൻ അഭി. തിരുമേനിക്ക് ഇടയാകുന്നു. അന്ധകാരത്തിന്റെ വഴിയിലൂടെ നടക്കുന്ന അനേകർക്ക് പ്രകാശത്തിന്റെ വഴി കാണിച്ചുകൊടുക്കുവാനും, പ്രകാശത്തിന്റെ വഴിയിലേക്ക് അവരെ നയിക്കുവാനും ഇടയാകുന്നതാണ് യഥാർത്ഥ അജപാലനം എന്ന് അദ്ദേഹത്തിന് ഉറച്ച ബോധ്യമുണ്ട്. അതുതന്നെയാണ് അഭി. കൂറിലോസ് തിരുമേനിയുടെ അജപാലനരീതി. ആത്മാക്കളെ ദൈവത്തിനായി നേടുന്ന അജപാലനശൈലിയിൽ അദ്ദേഹം ഏവരുടെയുമിടയിൽ വ്യത്യസ്തനായി നിലകൊള്ളുന്നു. തുടർന്നും അപ്രകാരമുള്ള ശ്രേഷ്ഠാചാര്യ ശുശ്രൂഷയിലൂടെ സഭയ്ക്കും സമൂഹത്തിനും കൂടുതൽ അനുഗ്രഹങ്ങൾ ലഭ്യമാകുവാൻ ഇടയാകട്ടെ എന്ന് നമുക്ക് പ്രാർത്ഥിക്കാം.

●

www.malankaralibrary.com




# സഭാപ്രബോധനങ്ങളുടെ കാവൽക്കാരൻ



**റവ. ഫാ. തോമസ് വടക്കേൽ**
സി.ബി.സി.ഐ.
ദൈവശാസ്ത്ര കമ്മീഷൻ സെക്രട്ടറി

ജറെമിയാ പ്രവാചകനിലൂടെ ദൈവം തന്റെ ജനത്തിന് നൽകുന്ന പ്രതീക്ഷാനിർഭരമായ ഒരു വാഗ്ദാനമുണ്ട്: “എനിക്ക് ഇഷ്ടപ്പെട്ട ഇടയന്മാരെ ഞാൻ നിങ്ങൾക്ക് തരും; അവർ ജ്ഞാനത്തോടും വിവേകത്തോടുംകൂടെ നിങ്ങളെ പരിപാലിക്കും” (ജെറെമിയാ 3:15). ദൈവത്തിന്റെ ഈ വാഗ്ദാനം ഇന്നും അഭംഗുരം പാലിക്കപ്പെടുകയും നിവൃത്തിയാക്കപ്പെടുകയും ചെയ്യുന്നുവെന്നതിന്റെ ഉത്തമനിദർശനം നാമിന്ന് ആഘോഷപൂർവ്വം കൊണ്ടാടുകയാണല്ലോ. മുപ്പത്തിയേഴ് വർഷങ്ങൾക്ക് മുൻപ് കർത്താവിന്റെ ഇടയശുശ്രൂഷയിലേക്കും ഇരുപത്തിയഞ്ച് വർഷങ്ങൾക്ക് മുൻപ് ശ്രേഷ്ഠ ഇടയധർമ്മത്തിലേക്കും തന്റെ അനന്തമായ കരുണയാൽ ദൈവം തിരഞ്ഞെടുത്ത് ഉയർത്തിയ എത്രയും അഭി. പിതാവ് തോമസ് മാർ കൂറിലോസ് മെത്രാപ്പോലീത്തായുടെ ശ്രേഷ്ഠ പൗരോഹിത്യ സ്വീകരണത്തിന്റെ രജതജൂബിലി നിറവിൽ സസന്തോഷം നാം എത്തിച്ചേർന്നിരിക്കുന്നു. ഈ അവസരത്തിൽ എന്റെ മനസ്സിൽ ഉയരുന്ന ഏക പ്രാർത്ഥന Gratias Deo super inenarrabili dono eius – അവർണ്ണനീയമായ ദാനത്തിന് ദൈവത്തിന് സ്തുതി (2 കോറി. 9:15)

www.malankaralibrary.com




എന്നുമാത്രമാണ്. മലങ്കര കത്തോലിക്കാസഭയുടെയും കൃതജ്ഞതാ നിർഭരമായ പ്രാർത്ഥനകളോടും ആനന്ദ നിർഭരമായ വികാരങ്ങളോടും ചേർന്ന് ഞാനും തമ്പുരാനെ മഹത്വപ്പെടുത്തുകയും നിങ്ങളോടൊത്ത് സന്തോഷിക്കുകയും ചെയ്യുന്നു.

എത്രയും അഭി. കൂറിലോസ് തിരുമേനിയുമായി എനിക്കുള്ള അടുത്ത ബന്ധത്തിന്റെ ആരംഭം ഭാരത കത്തോലിക്കാ മെത്രാൻ സമിതിയുടെ (CBCI) ദൈവശാസ്ത്ര കമ്മീഷൻ ചെയർമാനായി നിയുക്തനായിരിക്കുന്ന പിതാവിനോട് ചേർന്ന് സഹായിയായി 2018 മുതൽ പ്രവർത്തിച്ചു തുടങ്ങിയപ്പോഴാണ്. രണ്ട് തരത്തിലുള്ള ആളുകളുണ്ട്. ചില ആളുകളോട് നാം അടുക്കും തോറും നമുക്ക് അവരോടുള്ള ആദരവും സ്നേഹവും ക്ഷയിച്ചു വരും. മറ്റൊരുകൂട്ടം ആളുകളോട് നാം അടുക്കുംതോറും നമുക്ക് അവരോടുള്ള




സ്നേഹവും ബഹുമാനവും ഉത്തരോത്തരം വർദ്ധമാനമാകും. അഭി. പിതാവിനെ അടുത്തറിയുന്നവർക്കൊക്കെ സാക്ഷ്യപ്പെടുത്താൻ സാധിക്കും പ്രിയപ്പെട്ട പിതാവ് ഈ രണ്ടാം ഗണത്തിൽപ്പെട്ട വ്യക്തിയാണെന്ന്.

സഭയോടും സഭാപ്രബോധനങ്ങളോടുമുള്ള അവികലമായ വിശ്വസ്തത സദാ ഞാൻ പിതാവിൽ ശ്രദ്ധിച്ചിട്ടുണ്ട്. അഭിപ്രായവ്യത്യാസങ്ങൾ പ്രകടിപ്പിക്കുന്നവരോടും ആത്മസംയമനത്തോടെ സൗഹൃദം നഷ്ടപ്പെടാതെ സംവാദത്തിലേർപ്പെടുവാനുള്ള പിതാവിന്റെ കഴിവ് അദ്വിതീയമാണ്. തീത്തോസിനെഴുതുന്ന അജപാലന ലേഖനത്തിൽ മെത്രാന്മാരെക്കുറിച്ച് (episkopos) പൗലോസ് ശ്ലീഹാ പറയുന്നത് ഇപ്രകാരമാണ്: ദൈവത്തിന്റെ കാര്യസ്ഥനായ മെത്രാൻ "അതിഥിസത്ക്കാരപ്രിയനും, നന്മയോട് പ്രതിപത്തി ഉള്ളവനും വിവേകിയും, നീതിനിഷ്ഠനും, പുണ്യശീലനും ആത്മനിയന്ത്രണം പാലിക്കുന്നവനുമായിരിക്കണം" (തീത്തോ. 1:7–8). അഭി. പിതാവ് ദൈവീക കാര്യങ്ങളുടെ ഓയ്ക്കോണോമോസ് (oikonomos) ആണ്. വിശ്വസ്തതയോടുകൂടി ദൈവീകഭവനത്തിന്റെ ഉത്തരവാദിത്വങ്ങൾ കാര്യക്ഷമതയോടെ നടത്തുന്ന ഒരു കാര്യസ്ഥൻ. അതെ, ആത്മസംയമനത്തോടും വിവേകത്തോടും നീതിനിഷ്ഠയോടുംകൂടി ഇടപെടുന്ന നന്മനിറഞ്ഞ ഇടയനാണ് നമ്മുടെ തിരുമേനി.

പിതാവിനോട് അടുത്ത് ഇടപഴകുമ്പോൾ വിവിധ വിഷയങ്ങളിലുള്ള പിതാവിന്റെ അറിവും ആഴവും അവഗാഢവും എന്നെ അതിശയിപ്പിച്ചിട്ടുണ്ട്. സങ്കീർത്തകൻ പറയുന്നതുപോലെ "ഈ അറിവ് എന്നെ വിസ്മയിപ്പിക്കുന്നു" (സങ്കീ. 139:6). അറിയാനും ആരായാനുമുള്ള ശ്രമവും എളിമയും എടുത്ത് പറയേണ്ട ഒന്നാണ്. അഭി. പിതാവ് കാനൻ നിയമവിദഗ്ധരുടെ ഇടയിലെ ദൈവശാസ്ത്രജ്ഞനും, ദൈവശാസ്ത്രജ്ഞർക്കിടയിലെ നിയമവിദഗ്ധനുമാണ്. ഈ തലങ്ങളിലെല്ലാം സത്യത്തോട് അണുവിട വിട്ടുവീഴ്ചയില്ലാത്ത പിതാവിന്റെ നിലപാടുകൾ അത്യന്തം അനുകരണീയം തന്നെ.

പരിശുദ്ധ പിതാവ് ബെനഡിക്ട് പതിനാറാമൻ മാർപാപ്പ 2012 ഒക്ടോബർ 8 ലെ നവസുവിശേഷവത്ക്കരണ സിനഡിന്റെ ആദ്യപ്രഭാഷണത്തിൽ ആദിമസഭയിലെ പ്രഗത്ഭ ദൈവശാസ്ത്രജ്ഞനായ ഒരിജന്റെ (AD 185–253) ഒരു ദർശനം എല്ലാവർക്കുമായി പങ്കുവച്ചു. accendat ardor proximos – അടുത്തിരിക്കുന്നവനെ തന്റെ വിശ്വാസതീക്ഷ്ണതകൊണ്ട് ജ്വലിപ്പിക്കുക. കൂറിലോസ് തിരുമേനിയെക്കുറിച്ച് ഓർക്കുമ്പോഴും ഈ ദർശനം ഏറെ അർത്ഥവത്താണ്. തന്റെ ഉള്ളിലെ ദൈവിക തീക്ഷ്ണത തന്റെ അയൽക്കാര

www.malankaralibrary.com




നിലും ജ്വലിക്കണമെന്ന് അഭിലഷിക്കുന്നവനാണ് അഭി. പിതാവ്. തന്റെ വാക്കുകളിലൂടെയും പ്രഭാഷണങ്ങളിലൂടെയും എഴുത്തുകളിലൂടെയുമെല്ലാം പിതാവ് ഇത് വ്യക്തമാക്കുന്നുണ്ട്. 1996 ലെ ജോൺ പോൾ രണ്ടാമൻ മാർപാപ്പയുടെ സമർപ്പിത ജീവിതം (Vita Consecrata) എന്ന അപ്പസ്തോലിക ഉദ്ബോധനത്തിൽ പറയുന്നതുപോലെ താൻ ആയിരിക്കുന്ന സ്ഥലങ്ങളിലെല്ലാം ഒരു "ദൈവപ്രശോഭിത ഇടം" (a God - enlightened space) സൃഷ്ടിക്കുന്ന വ്യക്തിയാണ് നമ്മുടെ പിതാവ്.

സമൂഹത്തോടുള്ള പിതാവിന്റെ പ്രതിബദ്ധത ഏറെ ശ്ലാഘനീയമാണ്. ലത്തീൻ ഭാഷയിൽ ഇങ്ങനെ ഒരു ചൊല്ലുണ്ട്: ubi amor ibi oculos എവിടെയാണോ സ്നേഹം അവിടെയാണ് കണ്ണ്. സമൂഹത്തിന്റെ എല്ലാത്തട്ടിലുമുള്ളവരോടും പ്രത്യേകിച്ച് അബലരോടും അവഗണിക്കപ്പെട്ടവരോടും ദരിദ്രരോടും രോഗികളോടും കരുതലും കാരുണ്യവുമുള്ള ഒരു നല്ല അപ്പനാണ് നമ്മുടെ തിരുമേനി. അധഃകൃതരിലേക്കും കണ്ണുകൾ തുറന്നിരിക്കുന്ന ഒരാൾ – അതെ, തളർന്നവരോടും തഴയപ്പെട്ടവരോടുമാണ് പിതാവിന് ഏറെ സ്നേഹം. അത് അവരെ വളർത്താനും പടുത്തുയർത്താനും വേണ്ടിത്തന്നെ. കർത്താവിന്റെ അഭിഷിക്തനെക്കുറിച്ച് സങ്കീർത്തകൻ പറയുന്നത് അവൻ പാവപ്പെട്ടവരെ സംരക്ഷിച്ചുകൊണ്ട് ദൈവത്തിന്റെ ഹിതം നിറവേറ്റുന്നുവെന്നാണ്. "ദുർബലരോടും പാവപ്പെട്ടവനോടും അവൻ കരുണ കാണിക്കുന്നു; അഗതികളുടെ ജീവൻ അവൻ രക്ഷിക്കും" (സങ്കീ. 72:13).

**രണ്ട് തരത്തിലുള്ള ആളുകളുണ്ട്. ചില ആളുകളോട് നാം അടുക്കുംതോറും നമുക്ക് അവരോടുള്ള ആദരവും സ്നേഹവും ക്ഷയിച്ചു വരും. മറ്റൊരുകൂട്ടം ആളുകളോട് നാം അടുക്കുംതോറും നമുക്ക് അവരോടുള്ള സ്നേഹവും ബഹുമാനവും ഉത്തരോത്തരം വർദ്ധമാനമാകും.**




ആഗോളസഭയുടെ മദ്ധ്യസ്ഥനായി വി. യൗസേപ്പ് പിതാവ് പ്രഖ്യാപിക്കപ്പെട്ടതിന്റെ നൂറ്റിയൻപതാം വാർഷിക വേളയിൽ ഫ്രാൻസിസ് മാർപാപ്പ ഒരു അപ്പസ്തോലിക ലേഖനം പുറപ്പെടുവിക്കുകയുണ്ടായി : പാത്രിസ് കോർദെ (Patris Corde) – പിതാവിന്റെ ഹൃദയത്തോടെ. വിശുദ്ധ ഗ്രന്ഥത്തിൽ യൗസേപ്പിതാവിനെക്കുറിച്ച് കൂടുതലായി പരാമർശിച്ചിട്ടില്ലെങ്കിലും അദ്ദേഹത്തെക്കുറിച്ചുള്ള ചുരുങ്ങിയ വാക്കുകളിലുള്ള പ്രതിപാദ്യം ഏത് തരത്തിലുള്ള പിതാവായിരുന്നു വിശുദ്ധ യൗസേപ്പ് എന്നും, ദൈവം ഏല്പിച്ച ദൗത്യം എപ്രകാരം അദ്ദേഹം നിറവേറ്റിയെന്നും നമുക്ക് വ്യക്തമായി മനസ്സിലാക്കാൻ പര്യാപ്തമാണ്: സ്നേഹനിധിയായ പിതാവ്, അനുസരണയുള്ള പിതാവ്, സ്വീകരിക്കുന്ന പിതാവ്, വാത്സല്യനിധിയായ പിതാവ്, സർഗാത്മക ധൈര്യമുള്ള പിതാവ്, അദ്ധ്വാനിക്കുന്ന പിതാവ്, നിഴലുകൾക്കിടയിലെ പിതാവ് (മത്താ. 1:18–24; 2:13–23; ലൂക്കാ 2:1–7; 2: 21–24). ഈ വചനങ്ങളുടെ വെളിച്ചത്തിൽ ധ്യാനിക്കുമ്പോൾ കൂറിലോസ് തിരുമേനിയെക്കുറിച്ച് പറയാൻ ഞാൻ ആഗ്രഹിക്കുന്നതും ഇത് തന്നെയാണ് – പിതാവിന്റെ ഹൃദയമുള്ള ഒരു അപ്പൻ. സി.ബി.സി.ഐ. ദൈവശാസ്ത്ര കമ്മീഷൻ സെക്രട്ടറിയെന്ന നിലയിൽ ധാരാളം കത്തുകൾ വ്യക്തിപരമായി പിതാവിന് എഴുതുമ്പോൾ മറുപടിയായി എന്നെ വിളിക്കുന്നത് 'പ്രിയ പുത്രാ' എന്ന അഭിസംബോധനയോടെയാണ് എന്നത് പ്രത്യേകം ഞാൻ സ്മരിക്കുന്നു.

നിഷ്ഠയോടുകൂടിയ പ്രാർത്ഥനയും ഏത് സാഹചര്യത്തിലും വിട്ടുവീഴ്ചയില്ലാത്ത ആത്മീയ അഭ്യാസങ്ങളും പിതാവിനോടുകൂടെയുള്ള യാത്രകളിൽ ഞാൻ നേരിട്ട് അനുഭവിച്ചിട്ടുണ്ട്. ദൈവത്തിന്റെ കൂട്ടുപിടിച്ച് വീണ്ടും അനേകം വർഷങ്ങൾ സഭയെ നയിക്കുവാൻ അഭി. പിതാവിനെ സർവ്വശക്തനായ ദൈവം അനുഗ്രഹിക്കട്ടെ എന്ന പ്രാർത്ഥനയോടെ സി.ബി.സി.ഐ. ദൈവശാസ്ത്ര കമ്മീഷന്റെ പേരിലുള്ള എല്ലാവിധ ജൂബിലി മംഗളങ്ങളും ആശംസിക്കുന്നു. ●

www.malankaralibrary.com






# പുനരൈക്യത്തിലെ ചില വീണ്ടുവിചാരങ്ങൾ...

പുനരൈക്യ പ്രസ്ഥാനം അതിന്റെ ശതാബ്ദിയിലേക്ക് സാവധാനം നടന്നടുക്കുകയാണ്. നവതിക്ക് ശേഷമുള്ള ഈ കാലഘട്ടം ശതാബ്ദിയുടെ ഒരുക്കത്തിന്റെ കാലഘട്ടവുമാണ്. തിരിഞ്ഞുനോട്ടത്തിനും, വിലയിരുത്തലിനും, വർത്തമാനകാലഘട്ടത്തിന്റെ പുനഃക്രമീകരണത്തിനും, ഭാവിയെ ലക്ഷ്യം വച്ചുള്ള തയ്യാറെടുപ്പുകൾക്കും, ചുരുക്കത്തിൽ ആധികാരികമായ ഒരു നവീകരണത്തിനുമുള്ള കാലഘട്ടം.

ദൈവതിരുസന്നിധിയിൽ നന്ദി നിറഞ്ഞ ഹൃദയത്തോടെ നില്ക്കുവാൻ സഭ ഒരുങ്ങേണ്ട കാലമാണിത്. വളരെ ചെറിയ ഒരു സഭയായ മലങ്കര സുറിയാനി കത്തോലിക്കാസഭ ഒരു വ്യക്തിഗത സഭയായി വളരുകയും, അതിന്റെ എല്ലാ ആനുകൂല്യങ്ങളും അനുഭവിക്കുകയും, നമ്മുടെ സഭാതലവൻ കാതോലിക്കാബാവായെന്ന് അറിയപ്പെടുകയും, ചെയ്യുന്നതിൽ അഭിമാനിക്കാത്ത ഏത് മലങ്കര കത്തോലിക്കാ സഭാംഗം ആണുള്ളത്. ഇതിന് കാരണഭൂതനാകുവാൻ വിളിക്കപ്പെട്ട ദൈവദാസൻ മാർ ഈവാനിയോസ് പിതാവ് സ്വർഗ്ഗത്തിലിരുന്നുകൊണ്ട് സഭാതനയർക്കായി മാദ്ധ്യസ്ഥം വഹിക്കുകയും ചെയ്യുന്നു.



ഫാ. ജോസ് മരിയദാസ്
ഒ.ഐ.സി.

എന്നാൽ ഇത് ചില വീണ്ടുവിചാരങ്ങളുടെയും തിരിച്ചറിവുകളുടെയും കാലഘട്ടമാകേണ്ടതുണ്ട്. എങ്കിൽ മാത്രമെ, ശതാബ്ദിയും പിന്നിട്ടുള്ള നമ്മുടെ സഭയുടെ യാത്ര പുരോഗതിയിലേക്കാവൂ. ഇപ്പോൾ തന്നെ അതിനുള്ള തയ്യാറെടുപ്പുകൾ നടത്തുവാൻ നാം തയ്യാറാകണം.

## വർത്തമാനകാലത്തെ അസ്വസ്ഥതകൾ...

പിന്നിട്ട വഴികളിലെ നേട്ടങ്ങൾ എണ്ണിയെണ്ണി പറയുവാൻ ഏറെയുണ്ടെങ്കിലും, ഭാവിയെ ആശങ്കാകുലമാക്കുവാൻ ഇടയുള്ള വസ്തുതകളും ഏറെയുണ്ട് എന്നുള്ളതാണ് സത്യം. അറിഞ്ഞോ, അറിയാതെയോ നമ്മുടെ സഭാജീവിതത്തിൽ ഒരു മരവിപ്പോ, നിസ്സംഗതയോ കടന്നുകൂടിയിട്ടില്ലയോ എന്നൊരു സംശയം. ഇതിനർത്ഥം സഭയിൽ നിഷ്ക്രിയത്വം ഉണ്ടെന്നല്ല. എത്രയോ പരിപാടികൾക്ക് പുറമെ പരിപാടികൾ നമുക്കുണ്ട്. പരിപാടിക

www.malankaralibrary.com



ളുടെ ക്ഷാമം അല്ല ഇവിടുത്തെ വിഷയം. അതിലും ആഴമുള്ള കാര്യമാണ്. മതാത്മകതയും ആത്മീയതയും ഏറെക്കുറെ വഴിപിരിഞ്ഞ് നില്ക്കുന്ന ഈ കാലഘട്ടം സഭയിലും വ്യക്തിജീവിതത്തിലും സൃഷ്ടിക്കുന്ന വെല്ലുവിളിയാണ്, അത് സൃഷ്ടിക്കുന്ന മരവിപ്പാണ് ഇവിടുത്തെ വിഷയം. മതാത്മകത (Religiosity) നമ്മൾക്ക് വേണ്ടുവോളമുണ്ട്. എന്നാൽ ആത്മീയതയോ (spirituality)?

മതാത്മകത എന്നു പറയുമ്പോൾ ആചാരാനുഷ്ഠാന ബാഹുല്യം തീർക്കുന്ന ഒരു സഭാജീവിതമോ, മതമോ നമ്മൾക്ക് ഉണ്ട് എന്ന് നിസ്സംശയം പറയാം. ചരിത്രത്തിൽ ഇന്നുവരെ കാണാത്ത രീതിയിൽ ആചാരാനുഷ്ഠാനങ്ങൾ, അവയുടെ അനുവർത്തനം, ആരാധനയുടെ അനുഷ്ഠാനങ്ങളിലെ ഏകീകരണം, അംശവസ്ത്രങ്ങളുടെ പ്രാധാന്യം, പ്രാർത്ഥനായോഗങ്ങൾ, ഉപവാസ പ്രാർത്ഥനകൾ, വചനപ്രഘോഷണങ്ങൾ, പഠനങ്ങൾ, ധ്യാനസെന്ററുകളുടെ വർദ്ധന, വൈദികരുടേയും സന്ന്യസ്തരുടെയും എണ്ണത്തിൽ ചരിത്രത്തിലെ ഏറ്റം സമൃദ്ധമായ കാലം എന്ന് നമ്മൾക്ക് അഭിമാനിക്കാവുന്നതും, എണ്ണിപ്പറയാവുന്നതുമായ ഒരു കാലഘട്ടത്തിലൂടെയാണ് നാം കടന്നുപോവുന്നത്. ഇത് വെറുതെ ഉണ്ടായതുമല്ല. നാം നടത്തിയ ബോധപൂർവ്വമായ പരിശ്രമങ്ങളുടെ സദ്ഫലവുമാണ്. പക്ഷെ, ചരിത്രത്തിൽ പുറകോട്ട് നോക്കുമ്പോൾ ഒരു വേറിട്ട കാഴ്ച കാണാം. പണ്ട് കേവലം ഒരു അമ്പത് വർഷങ്ങൾ മുൻപ്, നമ്മുടെ എത്ര കുടുംബങ്ങളിൽ ബൈബിൾ ഉണ്ടായിരുന്നു. (ഇന്ന് ഒരാൾക്ക് ഒന്നു വീതം ഉണ്ട് എന്നും ഓർക്കുക) എത്ര ഇടവകകളിൽ വൈദികർ സ്ഥിരതാമസമുണ്ടായിരുന്നു. എത്ര പേർക്ക് ദിവസവും വി. കുർബാന കാണുവാൻ അവസരം ഉണ്ടായിരുന്നു? എത്ര ധ്യാനസെന്ററുകൾ കേരളത്തിൽ ഉണ്ടായിരുന്നു. സന്ന്യാസസമൂഹങ്ങൾക്കും, രൂപതകൾക്കും എത്ര സ്കൂളുകളും സ്ഥാപനങ്ങളും ഉണ്ടായിരുന്നു. വളരെ കുറവായിരുന്നു എന്നതല്ലെ സത്യം?

എന്നാൽ സന്ന്യാസസമൂഹങ്ങളിലായാലും, ഭവനങ്ങളിലായാലും ഇന്നത്തേതിലേറെയായിരുന്നു ആത്മീയതയുടെ ബലവും സ്വാധീനവും എന്നുള്ളത്, ഇത് ലേഖനകർത്താവിന്റെ തോന്നൽ മാത്രമാണോ? സ്ഥാപനങ്ങളും സ്കൂളുകളും ധ്യാനസെന്ററുകളും എല്ലാം എണ്ണത്തിൽ വർദ്ധിച്ചു എന്ന വസ്തുത നിലനില്ക്കുമ്പോഴും അഭിമാനത്തേക്കാളേറെ, വ്യാകുലതകളാണ് വർദ്ധിക്കുന്നത്. എന്നാൽ ഭക്താനുഷ്ഠാനങ്ങളും, ആരാധനാനുഷ്ഠാനങ്ങൾ ചിട്ട തെറ്റാതെ, ക്രമം തെറ്റാതെ നടത്തുവാനുള്ള സൂക്ഷ്മതയും ഒരുപാട് വർദ്ധിച്ചിട്ടുണ്ടുതാനും. എങ്കിലും ഒരുപാട് സ്ഥാപനവത്ക്കരിക്കപ്പെട്ടുപോയി എന്ന് സമ്മതിക്കാതിരിക്കാൻ നമ്മൾക്കിന്നാവുമോ? പണവും പ്രതാപവും അധികാരവും ഒരിക്കലും ഒന്നിനേയും ആത്മീയതയിലേക്ക് നയിക്കില്ല എന്ന ലളിതമായ ഒരു സത്യമാണ് ഇതിന്റെ പിന്നിൽ.

> **“വളരെ ചെറിയ ഒരു സഭയായ മലങ്കര സുറിയാനി കത്തോലിക്കാസഭ ഒരു വ്യക്തിഗത സഭയായി വളരുകയും, അതിന്റെ എല്ലാ ആനുകൂല്യങ്ങളും അനുഭവിക്കുകയും, നമ്മുടെ സഭാതലവൻ കാതോലിക്കാബാവായെന്ന് അറിയപ്പെടുകയും, ചെയ്യുന്നതിൽ അഭിമാനിക്കാത്ത ഏത് മലങ്കര കത്തോലിക്കാ സഭാംഗം ആണുള്ളത്.”**



അതിനേക്കാളേറെ സഭയും കുടുംബങ്ങളും നേരിടുവാൻ പോകുന്ന വലിയ പ്രതിസന്ധികളുണ്ട്. ഒരു ഇരുപത് വർഷങ്ങൾ കൂടി കഴിഞ്ഞാൽ നമ്മുടെ ഇടവകകളിൽ എത്ര ചെറുപ്പക്കാർ കാണും? അത്രയേറെ എണ്ണത്തിൽ വർദ്ധനവുണ്ട് വിദേശരാജ്യങ്ങളിലേക്ക് ചേക്കേറുന്ന ചെറുപ്പക്കാരുടെ കാര്യത്തിൽ. നമ്മൾ ഇന്ന് അഭിമാനിക്കുന്ന, അടുത്തകാലത്ത് നിർമ്മിക്കപ്പെട്ട അനേകം നയനമനോഹരങ്ങളായ ദേവാലയങ്ങൾ രണ്ടു പതിറ്റാണ്ടുകൾ കഴിയുമ്പോൾ ശൂന്യമാകുമോ? കുടുംബങ്ങളിലെ പ്രായമുള്ളവരും ചെറുപ്പക്കാരും തമ്മിലുള്ള എണ്ണത്തിലെ ആനുപാതിക

www.malankaralibrary.com



ബന്ധം ഉത്ക്കണ്ഠാകുലമല്ലേ? വിവാഹം വേണ്ട, വിവാഹം കഴിച്ചാലും കുട്ടികൾ വേണ്ട എന്ന് നമ്മുടെ ചെറുപ്പക്കാർ പലരും പറയുന്നതിന് കാരണമെന്ത്? ഇതിന്റെ കാരണം അന്വേഷിക്കുന്ന ഒരു സർവ്വേയോ, പദ്ധതിയോ, എം.സി.വൈ.എം. ന്റെ കർമ്മപദ്ധതികളുടെ ഭാഗമാകാത്തത് എന്തുകൊണ്ട്? വർദ്ധിച്ചുവരുന്ന വിവാഹമോചനങ്ങളുടെ നിരക്കിൽ നമ്മുടെ സഭയുടെ അവസ്ഥ അറിയുവാനുള്ള സർവ്വേ വല്ലതും നടന്നിട്ടുണ്ടോ? എന്ത് നടപടികളാണ് നാം സ്വീകരിക്കുന്നത്? വർദ്ധിച്ചുവരുന്ന മയക്കുമരുന്നിന്റെ ഉപയോഗം നമ്മുടെ യുവജനങ്ങളിലേക്കും എത്തിച്ചേരുന്നില്ലേ? വൈദികജീവിതത്തിലേക്കും, സന്ന്യാസത്തിലേക്കുമുള്ള ദൈവവിളികളുടെ എണ്ണവും അതിനേക്കാളേറെ അവയുടെ ഗുണവും (genuiness) പുതിയ ആകുലതകൾ സൃഷ്ടിക്കുന്നില്ലേ? ഈ പറഞ്ഞതിൽ യാഥാർത്ഥ്യമുണ്ട് എങ്കിൽ വി. പൗലോസ് ശ്ലീഹാ പറഞ്ഞതുപോലെ "നാം വ്യർത്ഥാഭിമാനികൾ ആകാതിരിക്കട്ടെ" (ഗലാ. 5:26). നമ്മുടെ പുനരൈക്യ ആഘോഷങ്ങൾ അതുകൊണ്ട് "വ്യർത്ഥാഭിമാനത്തിന്റെ ആഘോഷങ്ങൾ ആവാതിരിക്കട്ടെ. കാലത്തിന്റെ ചുവരെഴുത്തുകൾ വായിക്കുന്ന ആത്മാവിന്റെ ദാനമായ വിവേകം നമ്മുടെ ചെയ്തികളെ സ്വാധീനിക്കട്ടെ. കുടുംബങ്ങളിലും, സന്ന്യാസസമൂഹങ്ങളിലും സഭയിൽ പൊതുവായും ചില വീണ്ടുവിചാരങ്ങൾ ചെയ്യേണ്ട കാലഘട്ടത്തിലൂടെയാണ് നാം കടന്നുപോവുന്നത്. മുകളിൽ പറഞ്ഞ കാര്യങ്ങളിൽ അടിയന്തര ശ്രദ്ധ പതിയേണ്ടതോടൊപ്പം ശ്രദ്ധിക്കേണ്ട മറ്റൊരു തലമുണ്ട്. മാത്സര്യം നിറഞ്ഞ ഈ ലോകത്തിൽ ഒപ്പമെത്താനാവാതെ പിന്തള്ളപ്പെട്ടുപോകുന്ന വ്യക്തികളും കുടുംബങ്ങളും നമ്മുടെ സഭയിൽ ധാരാളം ഉണ്ട്. അവരെ തിരിച്ചറിഞ്ഞ് കരുതലിന്റെയും കരുണയുടെയും കരങ്ങൾ നീട്ടിക്കൊടുക്കുന്ന ഉപവിപ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിൽ സന്ന്യാസസമൂഹങ്ങളും രൂപതകളും സത്വരശ്രദ്ധ പതിപ്പിക്കേണ്ടത് അടിയന്തിര പ്രാധാന്യമുള്ള വിഷയമാണ്. സാമ്പത്തികലാഭം സൃഷ്ടിക്കുന്ന സ്കൂളുകളെക്കാളും സഭയുടെ സാക്ഷ്യജീവിതം ബലപ്പെടുന്നത് ഈ രംഗത്താണ്.

പാരിസ്ഥിതിക പ്രശ്നങ്ങളും കാലത്തിന്റെ നീറുന്ന യാഥാർത്ഥ്യമാണ്. ഇവിടെയും ക്രിയാത്മകമായ ഇടപെടലുകൾ ആവിഷ്ക്കരിച്ച് നടപ്പാക്കുവാൻ നമ്മൾക്ക് ചുമതലയുണ്ട്. ചുരുക്കത്തിൽ സഭയുടെ വളർച്ച അളക്കേണ്ട അളവുകോൽ വി. പൗലോസ് ശ്ലീഹാ പറയുന്ന ആത്മാവിന്റെ ഫലങ്ങളല്ലാതെ മറ്റൊന്നുമല്ല. "ആത്മാവിന്റെ ഫലങ്ങൾ സ്നേഹം, ആനന്ദം, സമാധാനം, ക്ഷമ, ദയ, നന്മ, വിശ്വസ്തത, സൗമ്യത, ആത്മസംയമനം ഇവയാകുന്നു" (ഗലാ. 5:22). നമ്മുടെ കുടുംബങ്ങളിലും സന്ന്യാസസമൂഹങ്ങളിലും ഇടവകകളിലും ഈ ആത്മാവിന്റെ ഫലങ്ങൾ എത്രത്തോളം ഉണ്ട് എന്നുള്ള വിലയിരുത്തലാകണം ശതാബ്ദിയിലേക്ക് നീങ്ങുന്ന സഭയുടെ കർമ്മപരിപാടികളെ നിർണ്ണയിക്കേണ്ട മാനദണ്ഡം. ഉള്ളുപൊള്ളയായ ആചരണങ്ങളുടെ ബാഹുല്യം നമ്മളെ വിഴുങ്ങിക്കളയാതിരിക്കാൻ നമുക്ക് ശ്രദ്ധിക്കാം. നവീകരണത്തിന്റെ ഒരു കാറ്റ് സഭയ്ക്കുള്ളിൽ വീശുവാൻ നമുക്ക് പ്രാർത്ഥിക്കാം.

"നമ്മൾ ആത്മാവിലാണ് ജീവിക്കുന്നതെങ്കിൽ നമുക്ക് ആത്മാവിൽ വ്യാപരിക്കാം. നാം പരസ്പരം പ്രകോപിപ്പിക്കുകയും അസൂയപ്പെടുകയും ചെയ്യുന്ന വ്യർത്ഥാഭിമാനികൾ ആകാതിരിക്കട്ടെ" (ഗലാ. 5:26).

●

## പൗരോഹിത്യ രജതജൂബിലി









പൗരോഹിത്യ രജത ജൂബിലി ആഘോഷിക്കുന്ന ബഹു. ഫാ. ചെറിയാൻ അഴകത്ത്, ഫാ. ജോസ് തൈപ്പറമ്പിൽ, ഫാ. സെബാസ്റ്റ്യൻ കൊച്ചുപുരയ്ക്കൽ, ഫാ. ഷാജി ബഹനാൻ ചെറുപാലത്തിൽ എന്നിവർക്ക് ഐക്യദീപത്തിന്റെ ആശംസകൾ.

www.malankaralibrary.com

## ഇടയശബ്ദം (പേജ് 5 തുടർച്ച)

ത്തിയിലൂടെ സമൃദ്ധമായ ജീവൻ നൽകുകയെന്നതാണ്. "ഞാൻ വന്നിരിക്കുന്നത് അവർക്കു ജീവനുണ്ടാകുവാനും അതു സമൃദ്ധമായി നൽകുവാനുമാണ്" (യോഹ. 10:10). സമൃദ്ധമായ ജീവൻ ദൈവത്തിന്റെ ദാനമാണ്. സഭ അതിന്റെ ശുശ്രൂഷകളെയെല്ലാം ഈ ദർശനത്തിൽ സമർപ്പിച്ചിരിക്കുന്നു.

92-ാമത്തെ പുനരൈക്യവാർഷികവും സഭാസംഗമവും നടത്തപ്പെടുന്നതിന് തിരുവല്ല അതിഭദ്രാസനം ആതിഥേയത്വം വഹിക്കുകയാണ്. സഭാമക്കൾ ഒരുമിച്ചു വരുകയും ഈ കാലഘട്ടത്തിനനുസരിച്ചുള്ള ശക്തമായ സമർപ്പണം നടത്തുന്നതിനും ഈ കൂടിവരവുകൾ കാരണമാകണം. പൊതുസമൂഹത്തിന്റെ ദിശാബോധം ഗൗരവമായി പുനർനിർണ്ണയിക്കേണ്ടിയിരിക്കുന്നു. മദ്യവും മയക്കുമരുന്നും ഇന്ന് വ്യാപക വിപത്താണ് വിതയ്ക്കുന്നത്. ഇളംതലമുറയെ വഴിപിഴപ്പിക്കുന്നതിനും സ്വയം നശിക്കുന്നതിനും മാത്രം ഇടയാക്കുന്ന അപകടകരമായ അവസ്ഥാവിശേഷം. എല്ലാവരുടേയും കണ്ണുതുറപ്പിക്കേണ്ട സാഹചര്യമാണുള്ളത്. ഇതിൽനിന്നും ആരും ഒഴിഞ്ഞുമാറാൻ പാടില്ലാത്തതാണ്. അധികാരികൾ ഈ വിഷയങ്ങളിൽ ഗൗരവമായ നടപടികൾ എടുക്കേണ്ടതും ഏതു വിധേനയും വിപണനം ഇല്ലാതാക്കുവാൻ ശ്രമിക്കേണ്ടതുമാണ്. പുനരധിവാസത്തിലേയ്ക്ക് ഇതിനിരകളായവരെ എത്തിക്കേണ്ടതുമാണ്.

ലളിതമെങ്കിലും ഏറെ ഹൃദ്യമായി ഈ സംഗമം ആചരിക്കണമെന്ന് താത്പ്പര്യപ്പെടുന്നു. സഭാമക്കൾ ഒരുമിച്ചു ദൈവത്തിനു നന്ദി പറഞ്ഞ് ഈ കൂട്ടായ്മയിൽ ശക്തമായി തുടരുവാൻ തീരുമാനിയ്ക്കുന്നത് വിശിഷ്ടമാണ്. മാർ തിമോത്തിയോസ് പിതാവിന്റെ നാമത്തിലുള്ള നഗറിൽ ഭാഗ്യസ്മരണാർഹനായ ബർണബാസ് പിതാവിന്റെയും ദിവന്നാസിയോസ് പിതാവിന്റെയും നാമത്തിലുള്ള പ്രത്യേക വേദികളും ക്രമീകരിച്ചിരിക്കുന്നു. കത്തീഡ്രലിന്റെ മണ്ണിൽ ആദ്യം താമസിച്ച തെയോഫിലോസ് പിതാവിന്റെയും ദൈവദാസൻ മാർ ഈവാനിയോസ് പിതാവ് താമസിച്ച തിരുമൂലപുരത്തിന്റെയും സുകൃതങ്ങൾ ഈ വേദിക്ക് അനുഗ്രഹങ്ങൾ പകരുന്നു. പുനരൈക്യ വാർഷിക വേളയിൽ നാം എന്താണ് വിശേഷവിധിയായി ചെയ്യേണ്ടത്?

**1.** സഭാമക്കൾ എന്ന നിലയിലുള്ള അഭിമാന ബോധം ശക്തമായി ഉണ്ടാവണം. നമ്മുടെ അഭിമാന ബോധത്തിനു കാരണമായിട്ടുള്ളത് നമ്മുടെ ആരാധനക്രമ ജീവിതവും സഭാജീവിതത്തിലുള്ള ആഴമായ ബന്ധവുമാണ്. ആരാധനാജീവിതത്തിൽ അറിവും ആനന്ദവും നാം അനുഭവിക്കണം. ആരാധനജീവിതത്തിൽ നിഷ്ഠകൾ പാലിക്കപ്പെടണം. സൗകര്യങ്ങളുടെ മറവിൽ ഗൗരവമായ പലതും ഉപേക്ഷിക്കപ്പെടുകയോ നിസ്സാരവത്ക്കരിക്കപ്പെടുകയോ ചെയ്യുന്നു. ഫലമോ ആർക്കും പരിഹരിക്കാൻ പറ്റാത്തരീതിയിലുള്ള തകർച്ചയിലേയ്ക്ക് കൂപ്പുകുത്തുന്നു. ഇതിനു നാം നിരന്തര കാവലും ശ്രദ്ധയും പുലർത്തണം.

**മദ്യവും മയക്കുമരുന്നും ഇന്ന് വ്യാപക വിപത്താണ് വിതയ്ക്കുന്നത്. ഇളംതലമുറയെ വഴിപിഴപ്പിക്കുന്നതിനും സ്വയം നശിക്കുന്നതിനും മാത്രം ഇടയാക്കുന്ന അപകടകരമായ അവസ്ഥാവിശേഷം. എല്ലാവരുടേയും കണ്ണുതുറപ്പിക്കേണ്ട സാഹചര്യമാണുള്ളത്.**

**2.** പരി. മാർപാപ്പ തിരുമേനി മുമ്പോട്ടു വച്ചിട്ടുള്ള സിനഡാത്മകതയായ സഭ എന്ന യാഥാർത്ഥ്യം നമ്മുടെ സഭാജീവിതത്തിലെ നിർണ്ണായകമായ ആദ്ധ്യാത്മികതയ്ക്കുള്ള അവസരമാക്കുവാൻ സഭാമക്കൾ എല്ലാവരും തയ്യാറാവണം. വളരെ സുന്ദരമായ സ്വപ്നമാണ് മാർപാപ്പ സഭയെക്കുറിച്ച് പങ്കുവയ്ക്കുന്നത്. ഒരുമിച്ചു നടക്കുക, ശ്രവിക്കുക, ആദരിക്കുക, മിഷനിൽ പങ്കുചേരുക എന്നതാണ് ഇതുകൊണ്ടർത്ഥമാക്കുന്നത്. വൈദികരും ദൈവജനവും തമ്മിൽ നല്ല ബന്ധങ്ങൾ ഉണ്ടാവണം. ദൈവജനത്തെ വിശുദ്ധജനമായി കാണണം. വൈദികർ കർത്താവിന്റെ പ്രതിപുരുഷരായി അംഗീകരിക്കപ്പെടണം - ആദരിക്കപ്പെടണം. ഇടവകകളും കൂടിവരവുകളും സമാധാനം സംജാതമാക്കുന്നതാവണം. ദൈവജനത്തിന്റെ ശുശ്രൂഷികളായി വൈദികർ മാറണം. ക്ഷമിക്കുവാനും വിട്ടുകൊടുക്കുവാനും സന്മനസ്സുണ്ടാവണം.

**3.** മിഷൻ ചൈതന്യംകൊണ്ടു നിറയണം. ലോകമെങ്ങും പോയി സുവിശേഷം അറിയിക്കുവാൻ എല്ലാ വിശ്വാസികൾക്കും കടമയുണ്ട്. മിഷനെ പ്രോത്സാഹിപ്പിക്കുവാൻ ദൈവമക്കൾ ഒന്നായി യത്നിക്കണം. ദൈവവിളികൾ പ്രോത്സാഹിപ്പിച്ചും മിഷൻ പ്രവർത്തനങ്ങൾക്കുവേണ്ട എല്ലാ പിന്തുണയും നൽകി മിഷനെ വളർത്തണം. കഴിഞ്ഞ മാസം ഞാൻ പഞ്ചാബിൽ പോയിരുന്നു. എത്ര തീക്ഷ്ണമായ വിശ്വാസ ജീവിതം. യേശുസ്നേഹത്തിലും സഭാസ്നേഹത്തിലും നിറയുന്ന കാഴ്ച. യേശുവിനുവേണ്ടി എന്തു ത്യാഗവും എടുക്കുവാൻ അവർക്കിഷ്ടമാണ്. നാം വലിയ വീടുകളും പള്ളികളും വയ്ക്കുമ്പോൾ മിഷന്റെ ആവശ്യം കൂടി മറക്കാതിരിക്കണം. എന്നും മിഷനുവേണ്ടി പ്രാർത്ഥിക്കുകയും എന്തെങ്കിലും ത്യാഗം അനുഷ്ഠിക്കുകയും ചെയ്യണം.

**എല്ലാവരേയും പ്രത്യേകം സ്വാഗതം ചെയ്യുന്നു. ദൈവം അനുഗ്രഹിക്കട്ടെ.**

www.malankaralibrary.com



# മെത്രാൻ സ്ഥാനം ഉൽകൃഷ്ടമായ ജോലി

**'മെത്രാൻ സ്ഥാനം ആഗ്രഹിക്കുന്നവൻ ഉൽകൃഷ്ടമായ ഒരു ജോലിയാണ് ആഗ്രഹിക്കുന്നത് എന്നതു സത്യമാണ്'**
**(1 തിമോത്തിയോസ് 3:11)**

ഇസ്രായേലിന്റെ ചരിത്രത്തിൽ ജനങ്ങളുടെ നേതാക്കന്മാരെ ഇടയന്മാർ എന്ന് വിളിച്ചിരുന്നു. ജോഷ്വായെ ഇടയനെന്ന് വിളിച്ചു. സങ്കീർത്തകൻ ദൈവമായ കർത്താവിനെ ഇടയനായി അവതരിപ്പിച്ചു (സങ്കീർത്തനം 23). പുതിയ നിയമത്തിൽ യേശു ദൈവത്തെ ഇടയനായി കണ്ടു. പാപിയെ തേടിയിറങ്ങുന്ന നല്ല ഇടയൻ. യേശു നല്ല ഇടയനാണ്. നല്ല ഇടയനെ രണ്ട് തലത്തിൽ വിവരിക്കാം. 1) യേശുവും വിശ്വാസികളും തമ്മിലുള്ള ബന്ധം, 2) സഭാ നേതൃത്വവും, വിശ്വാസികളും തമ്മിലുള്ള ബന്ധം.

യേശു നല്ല ഇടയനും, സഭ ആട്ടിൻ തൊഴുത്തുമാണ്. ആടുകളുടെ ഇടയനു മാത്രമേ ആട്ടിൻ തൊഴുത്തിൽ പ്രവേശനമുള്ളൂ. മറ്റ് മാർഗങ്ങളിലൂടെ കടക്കുവാൻ ശ്രമിക്കുന്നവർ വ്യാജ ഇടയന്മാരോ, കവർച്ചക്കാരോ ആയിരിക്കും. വാതിലിലൂടെ പ്രവേശിക്കുന്ന നല്ല ഇടയൻ യേശുവാണ്. ആർക്കും സ്വയം ഇടയനാകാനാവില്ല. നിയമാനുസൃതമായി ആരെങ്കിലും ഇടയനായി നിയമിക്കണം. യേശു സ്വമേധയാ വന്നവനല്ല. പിതാവ് അയച്ചവനാണ്. അതുകൊണ്ട് വാതിൽ വഴി പ്രവേശിക്കുവാൻ യേശുവിന് അവകാശവും അധികാരവുമുണ്ട്. നിയമാനുസൃതമായ നിയമനം വഴിയാണ് സഭാശുശ്രൂ





**ഫാ. മാത്യു ചിറയിൽ**
**സുവിശേഷ സംഘം ഡയറക്ടർ**
**തിരുവല്ല അതിഭദ്രാസനം**

www.malankaralibrary.com




ഷയ്ക്ക് നേതൃത്വം വഹിക്കുന്നവർക്ക് ആധികാരികത ലഭിക്കുന്നത്. ദൈവം ഓരോ വ്യക്തിയെയും അടുത്തറിയുന്നു, മനസ്സിലാക്കുന്നു, പേര് ചൊല്ലി വിളിക്കുന്നു.

എല്ലാവരെയും അറിയുന്നവനായിരിക്കണം ഇടയൻ. അറിയുക എന്നാൽ ഒരു വ്യക്തിയെ സ്നേഹിക്കുക, ഐക്യപ്പെടുക എന്നാണ്. ഇടയനും ആടുകളും തമ്മിൽ വ്യക്തിപരമായ സ്നേഹബന്ധം സ്ഥാപിക്കണം. ഇത് വെറും മാനുഷിക ബന്ധമല്ല. ദൈവികമായ സ്നേഹബന്ധമാണ്. ഇടയൻ ആടുകളെ നയിക്കണം. ആടുകളുടെ നന്മ ഇടയൻ കാംക്ഷിക്കണം. നല്ല ഇടയൻ എപ്പോഴും ആടുകളുടെ കൂടെയുണ്ടായിരിക്കും. അജപാലകൻ, മെത്രാൻ ആടുകൾക്ക് മുമ്പേ നടക്കണം. നല്ല മാതൃക നൽകിക്കൊണ്ട് ജനങ്ങളെ നയിക്കണം. ഫ്രാൻസിസ് മാർപാപ്പ പറയുന്നു. 'ഇടയൻ ആടുകളുടെ സ്വന്തമായി കരുതി അവയെ സ്നേഹിക്കണം. ഇടയൻ കൂലിക്കാരനാകരുത്. കൂലിക്കാരൻ അപകടസന്ധിയിൽ ഓടിപ്പോകും.

മെത്രാന് തന്റെ ജനത്തോടുള്ള ബന്ധം ദൈവികമായ സ്നേഹബന്ധമാണ്. നല്ല ഇടയന്റെ പ്രത്യേകതകൾ; ഇടയൻ വാതിലിലൂടെ പ്രവേശിക്കുന്നു, ഇടയൻ ആടുകളെ പേരുചൊല്ലി വിളിക്കുന്നു, ഇടയൻ ആടുകളെ പുറത്തേക്ക് നയിക്കുന്നു, ഇടയൻ ആടുകൾക്ക് മുമ്പേ നടക്കുന്നു, ഇടയൻ ആടുകൾക്കുവേണ്ടി ജീവൻ അർപ്പിക്കുന്നു, ഇടയൻ ആടുകളെ സ്വന്തമായി കരുതുന്നു, ഇടയൻ ആടുകളെ അറിയുന്നു, ഇടയൻ തന്റെ തൊഴുത്തിൽപ്പെടാത്ത ആടുകളുടെയും ഇടയനാണ്. ആടുകൾ ഇടയന്റെ സ്വരം ശ്രവിക്കുന്നു. ആടുകൾ ഇടയനെ അറിയുന്നു. അപ്പോൾ മെത്രാൻ സ്ഥാനം എന്നത് ഉൽകൃഷ്ടമായ ഒരു ജോലിയാണ്.

മെത്രാൻ സഭയിലെ നേതൃത്വനിരയിലെ ഒരംഗമാണ്. യേശുവാണ് മാതൃകാ പുരുഷൻ. സഭയിലെ നേതാക്കന്മാർ, മെത്രാന്മാർ യേശുവിന്റെ സഹനത്തിൽ സഹകാരികളാണ്. യേശുവിന് സാക്ഷിയാകുന്ന വ്യക്തിയാണ് മെത്രാൻ, സാക്ഷിയാകുക എന്നു പറഞ്ഞതിൽ രക്തസാക്ഷിയാകുക എന്നാണ്. സഭാ നേതാക്കന്മാർ ആടുകളെ പരിപാലിക്കുന്നവരാണ്. ശ്രേഷ്ഠന്മാർ ഭരമേറ്റിരിക്കുന്ന ആടുകൾ ദൈവത്തിന്റേതാണ്. അവർ ആടുകളുടെ, പരിപാലകനും ഉടമകളുമാണ്. മെത്രാൻ തന്റെ ഉത്തരവാദിത്വങ്ങൾ ഭാരമായി കരുതാതെ സന്തോഷത്തോടെ നിർവഹിക്കണം. അവർ ആധിപത്യ മനോഭാവം വെടിഞ്ഞ് കൂട്ടായ്മയിൽ ശുശ്രൂഷ ചെയ്യണം. ഇതിനെല്ലാം മാതൃക യേശുവാണ്.

മെത്രാഭിഷേക രജതജൂബിലി ആഘോഷിക്കുന്ന അഭി. തോമസ് മാർ കൂറിലോസ് മെത്രാപ്പോലീത്തൻ ആർച്ച്ബിഷപ്പിന് സുവിശേഷസംഘാംഗങ്ങളുടെ ആശംസകളും പ്രാർത്ഥനകളും നേരുന്നു. ●

## അഭി. ആന്റണി മാർ സിൽവാനോസ് പിതാവിന് സ്വീകരണം




മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ പുതിയ ബിഷപ്പ് ഡോ. ആന്റണി മാർ സിൽവാനോസിന് തിരുവല്ല അതിഭദ്രാസനത്തിന്റെ ഭാഗമായി സെന്റ് ജോൺസ് മെത്രാപ്പോലിത്തൻ കത്തീഡ്രൽ ദൈവാലയത്തിൽ നൽകിയ സ്വീകരണം ആരോഗ്യമന്ത്രി ശ്രീമതി വീണാ ജോർജ് ഉദ്ഘാടനം ചെയ്യുന്നു.

www.malankaralibrary.com



# മെത്രാഭിഷേക രജതജൂബിലി നിറവിൽ



## ഉപക്രമം

1997 ജൂലൈ 17-ാം തീയതി മെത്രാഭിഷേകം സ്വീകരിച്ച് അഞ്ച് വർഷം തിരുവല്ല രൂപതയിൽ അഭി. ഗീവർഗീസ് മാർ തിമോത്തിയോസ് പിതാവിന്റെ സഹായമെത്രാൻ, നാല് വർഷക്കാലം മൂവാറ്റുപുഴ രൂപതയുടെ പ്രഥമ മെത്രാപ്പോലീത്ത, കഴിഞ്ഞ 15 വർഷമായി തിരുവല്ല അതിരൂപതയുടെ ദ്വിതീയ മെത്രാപ്പോലീത്തൻ ആർച്ചുബിഷപ്പ് എന്നീ തലങ്ങളിലുള്ള ശ്രേഷ്ഠാചാര്യ ശുശ്രൂഷകൾ സഭയ്ക്കും വിശാലസമൂഹത്തിനും അഭി. മാർ കൂറിലോസ് പിതാവ് നല്കിക്കൊണ്ടിരിക്കുന്നു.

## കുടുംബപശ്ചാത്തലം


മാർത്തോമ്മാശ്ലീഹായുടെ പ്രേഷിതപ്രവർത്തനങ്ങളാൽ ധന്യമായ നിരണം കടപ്ര- മാന്നാർ പ്രദേശത്ത് തേവേരി പനയ്ക്കാമറ്റം തറവാട്ടിലെ ചക്കാലപ്പടിക്കൽ കുടുംബത്തിലാണ് അഭി. തോമസ് മാർ കൂറിലോസ് മെത്രാപ്പോലീത്ത ജനിച്ചത്. പനയ്ക്കാമറ്റം തറവാട്ടിലെ പൂർവ്വികർ മലയാറ്റൂർ പ്രദേശത്ത് മാർത്തോമ്മാശ്ലീഹായുടെ പ്രേഷിതപ്രവർത്തനങ്ങളാൽ



**ഫാ. ചെറിയാൻ താഴമൺ**
**(കോർഡിനേറ്റർ, മലങ്കര സുറിയാനി കത്തോലിക്കാ സഭ, അയർലണ്ട്)**

www.malankaralibrary.com






ക്രിസ്തുമാർഗ്ഗത്തിലേക്ക് സ്നാനം സ്വീകരിച്ചവരാണ്. അവരുടെ പിന്മുറക്കാർ കാലാന്തരത്തിൽ മലയാറ്റൂർപ്രദേശത്തുനിന്നും മാർത്തോമ്മാക്രിസ്ത്യാനികളുടെ കേന്ദ്രമായ കുറവിലങ്ങാട്ട് പ്രദേശത്തുവന്ന് താമസിച്ചു. നസ്രാണിസമുദായത്തിൽ ഉടലെടുത്ത ഭിന്നതയുടെ കാലത്ത് പനയ്ക്കാമറ്റം കുടുംബസ്ഥാപകൻ, മാർത്തോമ്മാ ശ്ലീഹായുടെ പ്രേഷിതപ്രവർത്തനത്താൽ സ്നാനം സ്വീകരിച്ച കുടുംബങ്ങളുടെ പിന്മുറക്കാർ ധാരാളമുണ്ടായിരുന്ന നിരണം പ്രദേശത്തേക്ക് കുടിയേറി. മതകാര്യങ്ങളിലുള്ള ആഭിമുഖ്യവും, മാർത്തോമ്മാശ്ലീഹായുടെ പൈതൃകവും, ജലമാർഗ്ഗം എത്തിച്ചേരാനുള്ള സൗകര്യവുമാണ് നിരണത്തേക്ക് കുടിയേറാൻ പ്രസ്തുത പിതാവിനെ പ്രേരിപ്പിച്ചത്.

അഭി. പിതാവിന്റെ വത്സല പിതാവ് ശ്രീ. നൈനാൻ വർഗീസ് നല്ല ഒരു കർഷകനും അദ്ധ്വാനിയും സഭാസ്നേഹിയുമായിരുന്നു. മാന്നാർ പടിഞ്ഞാറ് സെന്റ് കാതറിൻ മലങ്കര സുറിയാനി കത്തോലിക്കാ ഇടവകയുടെ രൂപീകരണത്തിൽ ബഹു, വൈദികരോടു ചേർന്ന് ഏറെ ത്യാഗങ്ങൾ സഹിച്ചു പ്രവർത്തിച്ച അല്മായരിൽ ശ്രദ്ധേയനായിരുന്നു അദ്ദേഹം. മരണം വരെയും ഇടവകയുടെ പ്രവർത്തനങ്ങളിൽ അദ്ദേഹം നേതൃനിരയിൽ ഉണ്ടായിരുന്നു എന്നു മാത്രമല്ല, മക്കളെ എല്ലാവരെയും ദൈവഭക്തിയിലും സഭാസ്നേഹത്തിലും വളർത്തുവാനും ശ്രദ്ധാലുവായിരുന്നു. മക്കളുടെ രൂപീകരണത്തിലും പരിശീലനത്തിലും സഹധർമ്മിണി ഏലിയാമ്മയുടെ നിഷ്ഠകളും ചിട്ടകളും പ്രത്യേകം എടുത്തുപറയേണ്ടവയായിരുന്നു. വത്സല പിതാവ് 1998 മാർച്ച് മാസം 16–ാം തീയതി നിര്യാതനായി. 19–ാം തീയതി മാന്നാർ സെന്റ് കാതറിൻ ഇടവക സെമിത്തേരിയിൽ അടക്കപ്പെട്ടു.



## ചക്കാലപടിക്കൽ കുടുംബത്തിലെ ബേബി

അഭി. തോമസ് മാർ കൂറിലോസ് മെത്രാപ്പോലീത്തായുടെ ജനനം 1958 ഒക്ടോബർ 19 ന്. മാതാപിതാക്കൾ ചക്കാലപ്പടിയ്ക്കൽ ശ്രീ. നൈനാൻ വർഗ്ഗീസും, ശ്രീമതി ഏലിയാമ്മ വർഗ്ഗീസും. അമ്മ മാന്നാർ മണപ്പുറം കുടുംബാംഗം. മാമോദീസ കടപ്ര–മാന്നാർ സെന്റ് കാതറൈൻസ് മലങ്കര കത്തോലിക്കാപള്ളിയിൽ കരുവേലിൽ ബഹു. സഖറിയാസ് അച്ചന്റെ കാർമ്മികത്വത്തിൽ. മാമോദീസായിൽ സ്വീകരിച്ച പേര് 'മാമ്മൻ' (തോമസ്). വീട്ടുകാരും, നാട്ടുകാരും നല്കിയ വിളിപ്പേര് "ബേബി". മാതാപിതാക്കൾക്കു ജനിച്ച പത്ത് മക്കളിൽ എട്ടാമനായിരുന്നു മാമ്മൻ. പത്ത് സഹോദരങ്ങളിൽ മൂന്നു പേർ ജനനത്തോടെയും ഒരാൾ നാലാം വയസ്സിലും മരിച്ചു. ദൈവം ആരോഗ്യത്തോടെ നല്കിയ ആറു


www.malankaralibrary.com



മക്കളെ ദൈവഭയത്തിൽ വളർത്തുക, അതായിരുന്നു മാതാപിതാക്കളുടെ താല്പര്യം. അപ്പർ കുട്ടനാട്ടിലെ ഒരു കർഷകകുടുംബമായിരുന്നു ചക്കാലപ്പടിക്കൽ കുടുംബം. നാട്ടിൽ ലഭ്യമായ വിദ്യാഭ്യാസ സൗകര്യങ്ങൾ പ്രയോജനപ്പെടുത്തി മക്കൾക്കെല്ലാവർക്കും നല്ല വിദ്യാഭ്യാസം നല്കി ജീവിതത്തിന്റെ വിവിധ തുറകളിൽ എത്തിക്കുവാൻ മാതാപിതാക്കൾക്ക് സാധിച്ചത് വലിയ ദൈവകൃപയായി കുടുംബം കരുതുന്നു.

## ബേബിക്കുട്ടിയുടെ ബാല്യം

ബാലനായ ബേബിക്കുട്ടിയോടൊപ്പം ദൈവത്തിന്റെ കരം എപ്പോഴും ഉണ്ടായിരുന്നു. ബാല്യകാല രോഗങ്ങളിലും വെള്ളത്തിൽ വീണുണ്ടായ അപകടത്തിലും നിന്ന് അത്ഭുതകരമായാണ് രക്ഷപെട്ടതെന്ന് അമ്മ അനുസ്മരിക്കാറുണ്ട്. മക്കളുടെ രൂപീകരണത്തിൽ മാതാപിതാക്കളുടെ, പ്രത്യേകിച്ച് അമ്മയുടെ ശ്രദ്ധയും ശിക്ഷണവും ദൈവാഭിമുഖ്യത്തിൽ വളരുവാൻ മക്കളെ എല്ലാവരെയും സഹായിച്ചു. പള്ളിയോടും പട്ടക്കാരോടുമുള്ള മാതാപിതാക്കളുടെ ബഹുമാനവും ആദരവും മക്കൾക്കെല്ലാവർക്കും സഭയോടും ബഹു. വൈദികരോടും ആദരവും അടുപ്പവും വർദ്ധിക്കുവാൻ ഇടയാക്കി. വീട്ടുകാരുടെയും നാട്ടുകാരുടെയും പ്രിയപ്പെട്ടവനായിരുന്നു ബേബിക്കുട്ടി. നിലത്തെഴുത്തുകളരിയിലാണ് അക്ഷരാഭ്യാസം ആരംഭിച്ചത്.



## സ്കൂൾ പഠനം


പ്രാഥമിക വിദ്യാഭ്യാസം തേവർകുഴി സെന്റ് മേരീസ് എൽ. പി. സ്കൂളിൽ. മിഡിൽ സ്കൂൾ പഠനം കടപ്ര-മാന്നാർ മാർ സേവേറിയോസ് മെമ്മോറിയൽ യു. പി. സ്കൂളിൽ. അദ്ധ്യാപകരുടെ പ്രത്യേകിച്ച് സ്കൂളിലെ ബഹു. സിസ്റ്റേഴ്സിന്റെ ശിക്ഷണം ബാലനായ മാമ്മനെ ഭാവിജീവിതത്തെക്കുറിച്ചുള്ള ലക്ഷ്യബോധം മനസ്സിൽ ഉളവാക്കുവാൻ സഹായിച്ചു. ക്ലാസ്സിൽ മോണിട്ടർ, സ്കൂൾ ലീഡർ, അസംബ്ളിയിൽ 'ന്യൂസ് റീഡർ' എന്നീ നിലകളിൽ പ്രവർത്തിക്കുവാൻ ലഭിച്ച അവസരങ്ങൾ തന്നിലെ നേതൃവാസന വളർത്തുവാനും തന്റേടം വളർത്തുവാനും സഹായകമായെന്ന് വന്ദ്യപിതാവ് ഓർക്കുന്നു. എം. എസ്. എം. സ്കൂളിലെ ബഹു. സിസ്റ്റേഴ്സിൽനിന്നു ലഭിച്ച ശിക്ഷണം തന്റെ ജീവിതത്തിൽ വഴിത്തിരിവായിരുന്നുവെന്ന് അദ്ദേഹം സാക്ഷിക്കുന്നു. കുട്ടികളുടെ രൂപീകരണത്തിൽ പ്രാഥമിക വിദ്യാഭ്യാസത്തിലൂടെ എപ്രകാരം ഇടപെടാൻ സാധിക്കുമെന്നതിന്റെ അനുഭവപാഠം തന്റെതന്നെ ജീവിതത്തിലൂടെ അദ്ദേഹം അനുഭവിച്ചറിഞ്ഞു. ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളെക്കാളധികമായി പ്രാഥമിക പരിശീലനത്തിനുള്ള സ്കൂളുകളാണ് സഭയുടെ ദർശനം, ഭാവിതലമുറയ്ക്ക് പങ്കുവയ്ക്കുവാൻ ശക്തമായ വേദി എന്ന് തിരിച്ചറിയുവാൻ അദ്ദേഹത്തിന്റെ ജീവിതം സഹായിച്ചതായി വന്ദ്യ പിതാവ് ഓർമ്മിക്കുന്നു. മാമ്മന്റെ ഹൈസ്കൂൾ പഠനം എട്ടാം ക്ലാസ്സ് നിരണം സെന്റ് മേരീസ് ഹൈസ്കൂളിലും, 9, 10 ക്ലാസ്സുകൾ തേവേരി സെന്റ് തോമസ് ഹൈസ്കൂളിലുമായിരുന്നു. 1974 മാർച്ച് മാസത്തിലെ പൊതുപരീക്ഷയിൽ ഒന്നാം ക്ലാസ്സോടുകൂടി എസ്. എസ്. എൽ. സി. പാസ്സായി.

## ആത്മീയതയുടെ ബാലപാഠങ്ങൾ

അഞ്ചാം ക്ലാസ്സിൽ പഠിക്കുമ്പോൾ ബഹു. പാറക്കടവിൽ കുരുവിള അച്ചനിൽനിന്ന് പ്രഥമദിവ്യകാരുണ്യം സ്വീകരിച്ചു. പിറ്റേ വർഷം മുതൽ മദ്ബഹാ ശുശ്രൂഷകനായി ശുശ്രൂഷകൾക്ക് സഹായിക്കുവാൻ തുടങ്ങി. വടക്കേത്തലയ്ക്കൽ ബഹു. സഖറിയാസച്ചനാണ് ബാലനായ മാമ്മനെ കൈവയ്പുവഴി മദ്ബഹായിൽ ശുശ്രൂഷയ്ക്കായി പ്രതിഷ്ഠിച്ചു നിയമിച്ചത്. മദ്ബഹായിൽ ശുശ്രൂഷിക്കുന്നത് വലിയ ബഹുമതിയായി മാമ്മൻ കരുതിയിരുന്നു. വായനാഭാഗങ്ങൾ നേരത്തെ വായിച്ച് പരിശീലിച്ച് വളരെ ഒരുക്കത്തോടെയാണ് ഞായറാഴ്ചകളിൽ മാമ്മൻ പള്ളിയിൽ പോയിരുന്നത്. വേദപാഠക്ലാസ്സിലും മാമ്മൻ എല്ലാവരുടെയും കണ്ണിലുണ്ണിയായിരുന്നു.

www.malankaralibrary.com






ഇടവകയിലും മേഖലയിലും മാമ്മൻ പല വർഷങ്ങളിലും സമ്മാനങ്ങൾ നേടിയിരുന്നു.

## ദൈവവിളി

1974 ജൂൺ 10 ന് മാമ്മൻ വൈദികപഠനത്തിന് തിരുവല്ല മൈനർ സെമിനാരിയിൽ ചേർന്നു. ബഹു. അലക്സ് പയ്യമ്പള്ളിലച്ചനാണ് മാമ്മനെ സെമിനാരിയിൽ കൊണ്ടാക്കിയത്. അമ്മയുടെ ശിക്ഷണവും, എം. എസ്. എം. യു. പി. സ്കൂളിലും വേദപാഠക്ലാസ്സിലും പഠിപ്പിച്ചിരുന്ന ബഹു. സിസ്റ്റേഴ്സിന്റെ പ്രോത്സാഹനവും മാതൃകയും, പാറക്കടവിൽ ബഹു. കുരുവിളയച്ചൻ, വടക്കേത്തലയ്ക്കൽ ബഹു. സഖറിയാസച്ചൻ എന്നിവരുടെ പ്രോത്സാഹനവും മാമ്മനിൽ വൈദികജീവിതത്തോടാഭിമുഖ്യം വളർത്തി. പയ്യംപള്ളിൽ ബഹു. അലക്സച്ചന്റെ ജീവിതവിശുദ്ധിയും, നിഷ്ഠയും, ആത്മീയ പ്രഭാഷണങ്ങളും ഉപദേശങ്ങളും വൈദികജീവിതത്തോടുള്ള താല്പര്യം തന്നിൽ പുഷ്ടിപ്പെടുവാൻ ഇടയാക്കിയതായി അഭിവന്ദ്യ പിതാവ് സാക്ഷ്യപ്പെടുത്തുന്നുണ്ട്. ബഥനി മഠത്തിലെ സിസ്റ്റർ മെലാനി, സിസ്റ്റർ ക്രിസ്റ്റഫർ, സിസ്റ്റർ പങ്ക്രേഷ്യ എന്നിവരുടെ പരിശീലനം വൈദിക ജീവിതത്തോടാഭിമുഖ്യം തന്നിൽ വളർത്തിയതായി അദ്ദേഹം നന്ദിയോടെയോർക്കുന്നു.

സെമിനാരിയിലേക്ക് മാമ്മനെ സ്വീകരിച്ചത് അഭിവന്ദ്യ സഖറിയാസ് മാർ അത്തനാസിയോസ് തിരുമേനിയും അന്നത്തെ സെമിനാരി റെക്ടർ ചുണ്ടേവാലേൽ ബഹു. ജോർജ്ജ് അച്ചനും (ഗീവർഗീസ് മാർ തിമോത്തിയോസ് തിരുമേനി), വൈസ് റെക്ടർ ചെമ്പോത്തിനാൽ ബഹു. മാത്യു അച്ചനും ആയിരുന്നു. ഇവരുടെയെല്ലാം ജീവിതനന്മകൾ മാമ്മനിൽ വലിയ സ്വാധീനം ചെലുത്തിയതായി കാണാം. പയ്യമ്പള്ളിലച്ചന്റെ ആത്മീയചൈതന്യം വന്ദ്യ പിതാവിന് ഇന്നും ശക്തി പകരുന്നതായി അനുഭവപ്പെടുന്നതായി അദ്ദേഹം പറയുന്നു.




| | | |
|---|---|---|
| ജനനം | – | 1958 ഒക്ടോബർ 19 |
| വൈദിക പഠനാരംഭം | – | 1974 ജൂൺ 10 |
| വൈദികപട്ടം | – | 1985 ഡിസംബർ 30 (അഭി. ഐസക് മാർ യൂഹാനോൻ മെത്രാപ്പോലീത്തായുടെ കൈവയ്പ്പാൽ) |
| റമ്പാൻപട്ടം | – | 1997 ജൂലൈ 5 |
| മെത്രാഭിഷേകം | – | 1997 ജൂലൈ 17 (അഭി. ഗീവർഗീസ് മാർ തിമോത്തിയോസ് മെത്രാപ്പോലീത്തായുടെ കൈവയ്പ്പാൽ) |
| മൂവാറ്റുപുഴ ഭദ്രാസനം | – | 2003 ഫെബ്രുവരി 6 (പ്രഥമ മെത്രാപ്പോലീത്ത) |
| മെത്രാപ്പോലീത്തൻ ആർച്ചുബിഷപ്പ് | – | 2007 മെയ് 2 |

www.malankaralibrary.com



അഭി. സഖറിയാസ് മാർ അത്തനാസ്യോസ് തിരുമേനിയായിരുന്നു മാമ്മന്റെ ആരാധനാപാത്രം. മാർ അത്തനാസ്യോസ് തിരുമേനി ഇടവക സന്ദർശനത്തിനെത്തുമ്പോൾ അദ്ദേഹത്തെ അടുത്തു കാണാനും അടുത്തിരുന്നു പ്രസംഗം കേൾക്കുവാനു മായി ഏറ്റവും മുമ്പിൽ നില്ക്കുവാൻ ശ്രമിച്ചിരുന്ന തായി മാർ കൂറിലോസ് പിതാവ് ഓർക്കുന്നു. മാർ അത്തനാസ്യോസ് തിരുമേനി കസേരയിട്ടിരുന്നായിരു ന്നു പ്രസംഗിക്കുന്നത്. അപ്പോൾ കഴിയുന്നത്ര കസേര യുടെ അടുത്തിരിക്കുക മാമ്മന്റെ പതിവായിരുന്നു. തിരുവല്ല മൈനർ സെമിനാരിയിൽ ചേരാൻ മാമ്മനെ പ്രേരിപ്പിച്ച ഘടകം മാർ അത്തനാസ്യോസ് തിരുമേ നിയെ എന്നും കാണാമല്ലോ എന്ന ബാല്യകാല ആഗ്ര



ഹം കൂടിയാണ്. മാർ അത്തനാസ്യോസ് തിരുമേനി യോടുള്ള അദ്ദേഹത്തിന്റെ ആരാധനാമനോഭാവ ത്തിന് ഇന്നും യാതൊരു കുറവും ഉണ്ടായിട്ടില്ല. തിരു വല്ല അതിരൂപതയുടെ മെത്രാപ്പോലീത്തൻ ആർച്ചു ബിഷപ്പ് സ്ഥാനാരോഹണത്തിനുള്ള തീയതി നിശ്ചയിച്ചപ്പോൾ അത് മാർ അത്തനാസ്യോസ് തിരു മേനിയുടെ സ്വർഗ്ഗീയ മദ്ധ്യസ്ഥന്റെ തിരുനാൾദിവസ മായ മെയ് രണ്ടാം തീയതി ആയിരിക്കണമെന്ന് മാർ കൂറിലോസ് തിരുമേനി നിശ്ചയിച്ചത് യാദൃശ്ചികമല്ല. രൂപതകളിൽ ആ കാലത്ത് ഭരിക്കുന്ന മെത്രാന്മാരുടെ സ്വർഗ്ഗീയ മദ്ധ്യസ്ഥന്റെ തിരുനാളാണ് മെത്രാന്മാരുടെ ദിനമായി ആഘോഷിക്കുന്നത്. എന്നാൽ മാർ കൂറിലോസ് പിതാവിന് മാർ അത്തനാസ്യോസ് പിതാവിനോടുള്ള ആദരവും ആഭിമുഖ്യവും കാരണം തിരുവല്ല അതിരൂപതയിൽ ബിഷപ്പ്സ് ഡേ ആയി മാർ അത്തനാസ്യോസിന്റെ തിരുനാൾ ദിവസം (മെയ് 2) ആണ് നിശ്ചയിച്ചിരിക്കുന്നത്.

## തത്വശാസ്ത്രപഠനവും ദൈവശാസ്ത്രപഠനവും

നാല് വർഷത്തെ മൈനർ സെമിനാരി പഠന കാലത്ത് ചങ്ങനാശ്ശേരി എസ്. ബി. കോളേജിൽ ചേർന്ന് മാമ്മൻ, പ്രീഡിഗ്രി ഉന്നത മാർക്കോടുകൂടി പാസ്സായി. 1979 ൽ തത്വശാസ്ത്രപഠനത്തിനായി മാമ്മൻ പൂനാ പേപ്പൽ സെമിനാരിയിൽ ചേർന്നു. പേപ്പൽ സെമിനാരിയിലെ പഠനവും പരിശീലനവും ബൗദ്ധികവിജ്ഞാനമേഖലയുടെ വികാസത്തിനും വൈദികജീവിതാഭിമുഖ്യം ആഴപ്പെടുത്തുന്നതിനും അദ്ദേഹത്തെ സഹായിച്ചു. സെമിനാരിയിലെ ഉന്നതശീർഷരായ അദ്ധ്യാപകർ ഫാ. ക്രീം, ഫാ. കൂൾമെൻ, ഫാ. സബീനോ, ഫാ. ലയണൽ മസ്ക്രി നാസ്, ഫാ. സുഭാഷ് ആനന്ദ് തുടങ്ങിയവരുടെ ജീവിതം വലിയ സ്വാധീനമായിരുന്നു. മൂന്ന് വർഷ ത്തെ തത്വശാസ്ത്രപഠനത്തിനു ശേഷം ഒരു വർഷത്തെ പ്രായോ ഗിക പരിശീലനം. തുടർന്ന് നാല് വർഷത്തെ ദൈവശാസ്ത്രപഠനവും പൂന പേപ്പൽ സെമിനാരിയിൽ തന്നെ.

പൂന പേപ്പൽ സെമിനാരിയിൽ മലങ്കര കത്തോലിക്കാസഭയിൽ നിന്നുള്ള ആദ്യത്തെ ജനറൽ പ്രിഫെക്ട്, സ്റ്റുഡന്റ് കൗൺസിൽ പ്രസിഡന്റ്, ജ്ഞാനദീപ വിദ്യാർ ത്ഥി പീഠത്തിലെ അഡ്മിനിസ് ട്രേറ്റീവ് കൗൺസിലിലെ വിദ്യാർ ത്ഥിപ്രതിനിധി എന്നീ നിലകളിലെ പ്രവർത്തനങ്ങൾ ഭാവിയിൽ ഏറ്റെ ടുക്കേണ്ട പ്രവർത്തനമേഖലകളിൽ നേതൃത്വം വഹിക്കുവാനുള്ള പരിശീലനമായി. പേപ്പൽ സെമി നാരി പഠനകാലത്ത് അദ്ദേഹം അദ്ധ്യാപകരുടെയും സഹപാഠികളുടെയും സ്നേഹാദരവുകൾ നേടിയിരു ന്നു. പൂന വൈദിക സെമിനാരിയിലെ പരിശീലകനാ യിരുന്ന, ഇപ്പോൾ പൂന രൂപതയുടെ അഭി. തോമസ് ഡാബ്റേ മാമ്മച്ചനെക്കുറിച്ച് പറയുന്നത് ശ്രദ്ധേയ മാണ്; പഠനത്തിലും ആദ്ധ്യാത്മിക കാര്യങ്ങളിലും സമൂഹത്തോടുള്ള കടമകളിലും ദൃഢചിത്തനാ യിരുന്നു മാമ്മച്ചൻ. മാമ്മൻ വളരെ ക്രമീകൃതമായ മനോഭാവത്തോടുകൂടിയ ഒരാളായിരുന്നു. തന്റെ താഴ്മയുള്ള ആജ്ഞാനുവർത്തിത്വംകൊണ്ട് അദ്ദേഹം എല്ലാവരാലും ശ്രദ്ധിക്കപ്പെട്ടിരുന്നു. അദ്ദേ ഹത്തോട് ഇടപെടാൻ ആർക്കും ഒരു പ്രയാസവും ഉണ്ടായിരുന്നില്ല.... അദ്ദേഹം വളരെ ശാന്തസ്വഭാവ ക്കാരനായിരുന്നു. വളരെ കൂർമ്മബുദ്ധിയുള്ളവനും, ജാഗ്രതയുള്ളവനും, ദൈവശാസ്ത്രപരമായ കാര്യ ങ്ങൾ ചർച്ച ചെയ്യുവാൻ അതീവ തത്പരനുമാ

www.malankaralibrary.com



യിരുന്നു. ഒരു വ്യക്തിയെന്ന നിലയ്ക്ക് അദ്ദേഹം വളരെയധികം സന്തോഷവാനും സുസ്മേര വദനനുമാണ്. ദൈവശാസ്ത്രപഠന കാലത്തുതന്നെ കേരള സർവ്വകലാശാലയിൽനിന്നും സാമ്പത്തിക ശാസ്ത്രത്തിൽ ബിരുദം കരസ്ഥമാക്കിയിരുന്നു.

## വൈദിക പദവിയിൽ


മ്ശംശോനോ വരെയുള്ള പട്ടങ്ങൾ പൂനാ സെമിനാരിയിൽവച്ച് പൂനാ ബിഷപ്പ് ഡോക്ടർ വലേറിയൻ ഡിസൂസയിൽനിന്ന് സ്വീകരിച്ചു. തിരുവല്ലാ സെന്റ് ജോൺസ് കത്തീഡ്രലിൽവച്ച് 1985 ഡിസംബർ 30 ന് അഭി. ഐസക് മാർ യൂഹാനോൻ മെത്രാപ്പോലീത്തായുടെ കൈവയ്പാൽ വൈദിക നായി അഭിഷിക്തനായി. ഡിസംബർ 31–ാം തീയതി മാതൃഇടവകയിൽ പ്രഥമ ദിവ്യബലി അർപ്പിച്ചു. അന്ന് വി. കുർബാനമദ്ധ്യേ വചനപ്രഘോഷണം നടത്തിയത് നരിമറ്റത്തിൽ ചാക്കോ അച്ചനാണ്. നവവൈദികൻ ഭാവിയിൽ സഭാഭരണത്തിൽ ഉന്നത സ്ഥാനങ്ങൾ വഹിക്കുവാൻ വിളിക്കപ്പെട്ടവനാണെന്ന് അന്ന് പ്രസംഗമദ്ധ്യേ ബഹു. അച്ചൻ പറഞ്ഞത് പ്രവചനപരമായിരുന്നോ എന്ന് ഇന്ന് തോന്നിപ്പോകുന്നു. നവ വൈദികൻ മൂന്നു മാസത്തെ അജപാലനപരിശീലന പഠനത്തിനായി വീണ്ടും പൂന പേപ്പൽ സെമിനാരിയിലേക്കു പോയി. വൈദിക പഠനം വിജയകരമായി പൂർത്തിയാക്കി ഫിലോസഫിയിലും തിയോളജിയിലും ബിരുദങ്ങൾ (B.Th, B.Ph) നേടി നവ വൈദികനായ ഫാ. മാമ്മൻ ചക്കാലപ്പടി ക്കൽ നാട്ടിൽ മടങ്ങിയെത്തി.

## ശുശ്രൂഷാ മേഖലകളിൽ

മാമ്മൻ ചക്കാലപ്പടിക്കൽ അച്ചന്റെ ആദ്യ അജപാലന നിയമനം വലിയകാവുങ്കൽ ഫാ. ഫിലിപ്പച്ചന്റെ സഹായിയായി വണ്ടൻമേട്ടിലായിരുന്നു. രണ്ടു പേർക്കും കൂടി അഞ്ച് ഇടവകകൾ. തുടർന്ന് കട്ടപ്പന, മുളകരമേട് പള്ളികളിൽ വികാരിയായി നിയമിതനായി. ഹൈറേഞ്ചിലെ പ്രവർത്തനകാലത്ത് സാധാരണക്കാരായ ഗ്രാമീണ ജനങ്ങളുടെ ഹൃദയത്തുടിപ്പുകൾ മനസ്സിലാക്കി അജപാലനശുശ്രൂഷ ചെയ്യുവാനുള്ള പരിശീലനം ലഭിച്ചു. അഭി. ഐസക് മാർ യൂഹാനോൻ മെത്രാപ്പോലീത്താ കാലം ചെയ്തതിനെത്തുടർന്ന് ചുണ്ടേവാലേൽ ബഹു. ജോർജ്ജച്ചൻ രൂപതയുടെ അഡ്മിനിസ്ട്രേറ്റർ ആയിരിക്കുമ്പോൾതന്നെ, 1988 മെയ് മാസം മുതൽ സെക്രട്ടറിയായി ഫാ. മാമ്മൻ ചക്കാലപ്പടിക്കലിനെ മേരിഗിരി അരമനയിൽ നിയമിച്ചു. 1988 ഓഗസ്റ്റ് 6–ാം തീയതി അഭിവന്ദ്യ ഗീവർഗ്ഗീസ് മാർ തിമോത്തിയോസ് പിതാവിന്റെ മെത്രാഭിഷേകത്തെ തുടർന്ന് ബഹു. മാമ്മച്ചനെ പിതാവിന്റെ പ്രഥമ സെക്രട്ടറിയായി നിയമിച്ചു. തദവസരത്തിൽ നിരണം സെൻട്രൽ, പാണ്ടങ്കേരി എന്നീ ഇടവകകളുടെ വികാരിയായും ശുശ്രൂഷ ചെയ്തു. അഭി. മാർ തിമോത്തിയോസ് മെത്രാപ്പോലീത്തായുടെ സെക്രട്ടറിയായി ശുശ്രൂഷ ചെയ്ത കാലം രൂപതയുടെ ഭരണ നിർവ്വഹണകാര്യങ്ങൾ നേരിട്ടു കണ്ടു മനസ്സിലാക്കുവാൻ സാധിച്ചു.

## ഡൽഹിയിലെ മിഷണറി

1989 ൽ ഡൽഹിയിലുള്ള മലങ്കര മക്കൾക്കുവേണ്ടി ഹാശാ ആഴ്ച ശുശ്രൂഷകൾ നടത്തുവാൻ മാർ തിമോത്തിയോസ് തിരുമേനി ബഹു. മാമ്മനച്ചനെ ഡൽഹിയിലേക്കയച്ചു. അദ്ദേഹത്തിന്റെ ശുശ്രൂഷകളിൽ



സംബന്ധിച്ച മലങ്കരമക്കൾ അദ്ദേഹത്തെ അവരുടെ ഇടയനായി ലഭിക്കണമെന്നുള്ള ആഗ്രഹം മാർ തിമോത്തിയോസ് പിതാവിനെ അറിയിച്ചു. അവരുടെ ആഗ്രഹം മാനിച്ച് ഡൽഹി മലങ്കര മക്കളുടെ അജപാലകനായി ബഹു. മാമ്മനച്ചനെ അയയ്ക്കുവാൻ മാർ തിമോത്തിയോസ് തിരുമേനി തീരുമാനിച്ചു. തിരുവനന്തപുരം അതിരൂപതാദ്ധ്യക്ഷനായിരുന്ന അഭി. ബനഡിക്ട് മാർ ഗ്രിഗോറിയോസ് പിതാവിന്റെ അനുവാദത്തോടെ, ഡൽഹി അതിരൂപതാദ്ധ്യക്ഷൻ അഭി. ആഞ്ചലോ ഫെർണാണ്ടസ് മെത്രാപ്പോലീത്തായുടെ അംഗീകാരത്തോടെ, ബഹു. മാമ്മനച്ചനെ ഡൽഹിയിലേക്കയച്ചു. 1989 ജൂൺ 19–ാം തീയതി അദ്ദേഹം ഡൽഹിയിലെത്തി ശുശ്രൂഷകൾ ആരംഭിച്ചു. ഡൽഹി അതിരൂപതയുടെ അതിർത്തിയിലുള്ള

www.malankaralibrary.com





മലങ്കര കത്തോലിക്കർക്ക് അജപാലനശുശ്രൂഷ ലഭ്യമാക്കാനാണ് ബഹു. മാമ്മനച്ചനെ ഡൽഹിയിലേക്കയച്ചത്. എന്നാൽ ഡൽഹി അതിരൂപതാദ്ധ്യക്ഷൻ അദ്ദേഹത്തെ ഹരിയാനയിൽ ഫരീദബാദ്, സെക്ടർ 5 ലുള്ള സെന്റ് ജോസഫ് പള്ളിയിൽ ബഹു. അർനോൾഡ് ഡേവിഡ് അച്ചന്റെ സഹായ വികാരിയായിട്ടാണ് നിയമിച്ചത്. ഈ നിയമനം മലങ്കര മക്കളെ സംഘടിപ്പിക്കാനുള്ള തന്റെ ദൗത്യത്തിന് ഏറെ ബുദ്ധിമുട്ടുണ്ടാക്കി. എന്നാലും ഡൽഹി അതിരൂപതാദ്ധ്യക്ഷന്റെ കല്പനകളെ ശിരസ്സാ വഹിച്ചുകൊണ്ടും ബഹു. വികാരിയച്ചന്റെ താല്പര്യങ്ങൾ അവഗണിക്കാതെയും അദ്ദേഹം ഡൽഹി ഫരീദാബാദ് പ്രദേശത്തുള്ള മലങ്കര മക്കളെ കണ്ടെത്താനും സംഘടിപ്പിക്കുവാനും ശ്രമിച്ചതിന്റെ ഫലമാണ് ഇന്നത്തെ ഡൽഹി, ഹരിയാന, ഉത്തർപ്രദേശ്, രാജസ്ഥാൻ, പഞ്ചാബ് ഇടവകകളും മിഷൻ കേന്ദ്രങ്ങളും സ്ഥാപനങ്ങളും. ബഹു. മാമ്മനച്ചൻ ഡൽഹി പ്രദേശത്ത് നിർവ്വഹിച്ച ത്യാഗോജ്ജ്വലമായ ശുശ്രൂഷകൾ ഇന്നും ഡൽഹിയിലെ മലങ്കര മക്കളുടെ ഹൃദയത്തിൽ തെളിമയാർന്നു നിൽക്കുന്നുണ്ട്. ഡൽഹി കേന്ദ്രഭരണപ്രദേശം മുഴുവനും, ഹരിയാനയിലും ഉത്തർപ്രദേശിലും കഠിനമായ തണുപ്പിനെയും ചൂടിനെയും വകവയ്ക്കാതെ സ്കൂട്ടറിൽ രാപകലില്ലാതെ യാത്ര ചെയ്ത അനുഭവങ്ങൾ ബഹു. മാമ്മനച്ചനിലെ മിഷനറിയെ ശക്തിപ്പെടുത്തി. ഡൽഹി മലങ്കര കാത്തലിക് അസ്സോസിയേഷന്റെ നിയമാവലി എഴുതിയുണ്ടാക്കി സർക്കാരിന്റെ അംഗീകാരം നേടി പ്രവർത്തനം ആരംഭിക്കുവാൻ ബഹു. മാമ്മനച്ചൻ സഹിച്ച ത്യാഗങ്ങൾ ജനഹൃദയങ്ങളിൽ ഇന്നും പച്ചപിടിച്ചു നില്ക്കുന്നു.

## റോമിലെ പഠനകാലം

മൈനർ സെമിനാരിക്കാലം മുതൽക്കേ ബഹു. മാമ്മനച്ചന്റെ പഠനത്തിലുള്ള സാമർത്ഥ്യവും വൈദിക ജീവിതത്തോടുള്ള സമർപ്പണവും മാർ തിമോത്തിയോസ് തിരുമേനി തിരിച്ചറിഞ്ഞിരുന്നു. സാർവ്വത്രിക സഭയുടെ ഭരണകേന്ദ്രമായ റോമിൽ ഉന്നതപഠനത്തിനായി ബഹു. മാമ്മനച്ചനെ മാർ തിമോത്തിയോസ് തിരുമേനി അയച്ചപ്പോൾ ഉന്നത പഠനത്തോടൊപ്പം സഭാകേന്ദ്രത്തിലെ നേതൃത്വവുമായി പരിചയം സമ്പാദിക്കുവാനും സഭാഭരണത്തിന്റെ വിവിധ വശങ്ങൾ കണ്ടു മനസ്സിലാക്കുവാനും അവസരമാകണമെന്നാണ് മാർ തിമോത്തിയോസ് പിതാവ് ഉദ്ദേശിച്ചിരുന്നത്. 1991 സെപ്റ്റംബർ 3 ന് ബഹു. മാമ്മനച്ചൻ ദൈവശാസ്ത്രത്തിൽ ഉപരിപഠനത്തിനായി റോമിലെത്തി. പൊന്തിഫിക്കൽ ഓറിയന്റൽ ഇൻസ്റ്റിറ്റ്യൂട്ടിൽനിന്നും പൗരസ്ത്യ കാനൻ നിയമത്തിൽ ലൈസൻഷിയേറ്റും തുടർന്ന് ഡോക്ടറേറ്റും നേടി. 1996 ഫെബ്രുവരി 5 നായിരുന്നു ഗവേഷണ പ്രബന്ധത്തിന്റെ പബ്ലിക് ഡിഫൻസ്. റോമിലെ പഠനകാലത്ത് യൂറോപ്പിലെ വിവിധ രാജ്യങ്ങളും അമേരിക്കൻ ഐക്യനാടുകളും കാനഡയും പലപ്രാവശ്യം സന്ദർശിക്കുവാനും വിവിധ രാജ്യങ്ങളിലെ സഭാ പ്രവർത്തനങ്ങൾ നേരിൽ കണ്ട് പഠിക്കുവാനും അവസരം ലഭിച്ചു.

## രൂപതാഭരണ നേതൃത്വത്തിൽ

ഉപരിപഠനത്തിനുശേഷം 1996 സെപ്റ്റംബർ 4ന് തിരുവല്ലായിൽ തിരികെയെത്തി. രൂപതയുടെ ചാൻസലർ, രൂപതാകോടതിയിലെ പ്രധാന ന്യായാധിപൻ, നിരണം സെന്റ് മേരീസ് (ആലംതുരുത്തി) ഇടവക വികാരി എന്നീ ശുശ്രൂഷാമേഖലകളിൽ മാർ തിമോത്തിയോസ് തിരുമേനി അദ്ദേഹത്തെ നിയമിച്ചു. ചുരുങ്ങിയ കാലംകൊണ്ട് അദ്ദേഹം നിരണംകാരുടെ പ്രിയപ്പെട്ടവനായി. ചാൻസലർ, സഭാകോടതിയിലെ ജഡ്ജി എന്നീ തലങ്ങളിലെ പ്രവർത്തനം രൂപതാഭരണകാര്യങ്ങൾ കൂടുതൽ അടുത്തറിയാനും, ഭരണസംബന്ധമായ തീരുമാനങ്ങളെടുക്കുന്ന പ്രക്രിയകളിൽ ഭാഗഭാക്കാകാനും അവസരം നല്കി.

## തിരുവല്ലയുടെ സഹായമെത്രാൻ

1997 മെയ് 26 ന് പരിശുദ്ധ ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പാ ചക്കാലപ്പടിക്കൽ ബഹു. മാമ്മനച്ചനെ


www.malankaralibrary.com

തിരുവല്ലാ രൂപതയുടെ സഹായമെത്രാനായും, മൗറിപ്പിയാനോയുടെ സ്ഥാനികമെത്രാനായും നിയമിച്ചു. തിരുവല്ലാ രൂപതാംഗങ്ങളും ബഹു. മാമ്മനച്ചനെ അറിയുന്ന എല്ലാവരും ഈ വാർത്ത സഹർഷം സ്വാഗതം ചെയ്തു. 1997 ജൂലൈ 5-ാം തീയതി ശനിയാഴ്ച നിയുക്ത മെത്രാനെ അഭി. മാർ തിമോത്തിയോസ് മെത്രാപ്പോലീത്താ കടപ്ര മാന്നാർ സെന്റ് കാതറൈൻസ് പള്ളിയിൽവച്ച് റമ്പാനായി ഉയർത്തി. 1997 ജൂലൈ 17-ാം തീയതി വ്യാഴാഴ്ച തിരുവല്ല സെന്റ് ജോൺസ് കത്തീഡ്രലിൽവച്ച് അഭിവന്ദ്യ ഗീവർഗ്ഗീസ് മാർ തിമോത്തിയോസ് മെത്രാപ്പോലീത്തായുടെ മുഖ്യകാർമ്മികത്വത്തിൽ നടന്ന ശുശ്രൂഷാമദ്ധ്യേ ബഹു. മാമ്മൻ റമ്പാൻ തോമസ് മാർ കൂറിലോസ് മെത്രാപ്പോലീത്തയായി അഭിഷേകം ചെയ്യപ്പെട്ടു. ആ സമയത്ത് ഭാരത കത്തോലിക്കാ മെത്രാന്മാരുടെ ഗണത്തിൽ ഏറ്റവും പ്രായം കുറഞ്ഞ മെത്രാൻ അദ്ദേഹമായിരുന്നു. തോമസ് മാർ കൂറിലോസ് തിരുമേനിയുടെ മെത്രാഭിഷേക കർമ്മവും വളരെ പ്രത്യേകതകൾ ഉള്ളതായിരുന്നു. താൻ ഇതുവരെ ജീവിതത്തിൽ പുലർത്തിയിരുന്ന ലാളിത്യം മെത്രാഭിഷേകത്തിലും നിലനിർത്തണമെന്നദ്ദേഹം ആഗ്രഹിച്ചിരുന്നു. പ്രത്യേക പന്തലോ, അലങ്കാരങ്ങളോ, കമാനങ്ങളോ പാടില്ലെന്നും അഭിഷേകകർമ്മം കത്തീഡ്രൽ പള്ളിയുടെ മദ്ബഹായിൽ വച്ചുതന്നെ നടത്തണമെന്നും അദ്ദേഹം നിർബന്ധപൂർവ്വം പറഞ്ഞിരുന്നു. ക്ഷണക്കത്തിലും പരസ്യങ്ങളിലും പരിപൂർണ്ണ ലാളിത്യം പാലിക്കുവാൻ നിഷ്കർഷിച്ചു. ഇന്നും അദ്ദേഹം ആ ജീവിതലാളിത്യം പുലർത്തുന്നു. പരസ്യങ്ങളുടെയും ആർഭാടങ്ങളുടെയും പുറംമോടികളുടെയും ശൈലികൾ അദ്ദേഹത്തിനന്യമാണ്. തിരുവല്ല രൂപതയിൽ സഹായമെത്രാൻ എന്ന നിലയിൽ, അഭിവന്ദ്യ ഗീവർഗ്ഗീസ് മാർ തിമോത്തിയോസ് മെത്രാപ്പോലീത്തായുടെ വലംകയ്യായി പ്രവർത്തിച്ചുകൊണ്ട് രൂപതയ്ക്കുവേണ്ടി ആരംഭിച്ച പദ്ധതികൾ നിരവധിയാണ്. മുഖ്യവികാരി ജനറാൾ എന്ന നിലയിൽ രൂപതയിലെ വിദ്യാഭ്യാസ വകുപ്പിന്റെ മുഖ്യകാര്യദർശി മാർ കൂറിലോസ് പിതാവായിരുന്നു. അദ്ദേഹത്തിന്റെ ദീർഘവീക്ഷണഫലമായിട്ടുകൂടിയാണ് രൂപത പ്രൊഫഷണൽ ഉന്നത വിദ്യാഭ്യാസ മേഖലയിലേക്ക് പ്രവേശിച്ചത്. പുഷ്പഗിരി മെഡിക്കൽ കോളേജ്, 'മാക്ഫാസ്റ്റ്' എന്നീ സ്ഥാപനങ്ങളുടെ തുടക്കം ഈ കാലഘട്ടത്തിലാണ്. തിരുവല്ല രൂപതയിൽ ഹയർസെക്കന്ററി സ്കൂളുകൾ ആരംഭിക്കുന്നതും ഈ കാലഘട്ടത്തിലാണ്. തിരുവല്ലയുടെ തിലകക്കുറിയായി പ്രശോഭിക്കുന്ന സെന്റ് ജോൺസ് കത്തീഡ്രലിന്റെ പുതിയ ദേവാലയത്തിന്റെ രൂപകല്പന മുതൽ പണികൾക്ക് നേതൃത്വം നല്കിയത് അദ്ദേഹമാണ്. 2003 ജനുവരി 15-ാം തീയതി മൂവാറ്റുപുഴ രൂപത സ്ഥാപിച്ച് മാർ കൂറിലോസ് പിതാവിനെ പുതിയ രൂപതയുടെ പ്രഥമ മെത്രാപ്പോലീത്തയായി നിയമിക്കുന്നതുവരെയുള്ള അഞ്ചര വർഷക്കാലം മാർ തിമോത്തിയോസ് പിതാവിനോടുചേർന്ന് അദ്ദേഹം തിരുവല്ല രൂപതയ്ക്കു നല്കിയ നേതൃത്വം അവിസ്മരണീയമാണ്.

### മൂവാറ്റുപുഴ രൂപതയുടെ പ്രഥമ സാരഥി

മൂവാറ്റുപുഴ ഭദ്രാസനത്തിന് ഭദ്രമായ അടിത്തറ പാകിയത് അഭി. മാർ കൂറിലോസ് മെത്രാപ്പോലീത്തായാണ്. 2003 ഫെബ്രുവരി 6-ാം തീയതി മൂവാറ്റുപുഴ സെന്റ് ജോസഫ് കത്തീഡ്രലിൽവച്ച് സ്ഥാനാരോഹണം ചെയ്ത് രൂപതയുടെ ശുശ്രൂഷാനേതൃത്വം

www.malankaralibrary.com



ഏറ്റെടുത്തതുമുതൽ 2007 മെയ് 2-ാം തീയതി തിരുവല്ല അതിരൂപതയുടെ മെത്രാപ്പോലീത്തൻ ആർച്ചുബിഷപ്പായി സ്ഥലം മാറിപ്പോകുന്ന തുവരെയുള്ള ചുരുങ്ങിയ നാലു വർഷംകൊണ്ട് പുതിയ രൂപതയ്ക്ക് ശക്തമായ അടിത്തറ ഉറപ്പാക്കുവാനും വ്യക്തമായ ദിശാബോധം നല്കാനും അദ്ദേഹത്തിനു സാധിച്ചു. അദ്ദേഹത്തിന്റെ ജീവിതത്തിലെ ലാളിത്യം രൂപതയുടെ പ്രവർത്തനങ്ങളിലേക്കും ശുശ്രൂഷാമേഖലകളിലേക്കും നിർമ്മാണ പ്രവർത്തനങ്ങളിലേക്കും പ്രസരിപ്പിക്കുവാൻ അദ്ദേഹത്തിനു സാധിച്ചു. 26. 03. 2003 ലെ പ്രഥമ കല്പനയിൽ അദ്ദേഹം നിഷ്കർഷിക്കുന്നു: "നമ്മുടെ കുടുംബജീവിതത്തിലും വ്യക്തിജീവിതത്തിലും ആഡംബരവും ധൂർത്തും ഒഴിവാക്കേണ്ടതാണ്". കീഴില്ലത്ത് രൂപതയുടെ സാമൂഹ്യപ്രവർത്തന കേന്ദ്രമായ "സമൃദ്ധി" രൂപതയുടെ അജപാലനകേന്ദ്രം, വെണ്ണോലയിൽ മൈനർ സെമിനാരി, മൂവാറ്റുപുഴയിൽ വിമലഗിരി ഇന്റർനാഷണൽ സ്കൂൾ, കോതമംഗലത്ത് വിമലഗിരി പബ്ലിക് സ്കൂളിന്റെ വികസനം, പുതിയ ഹോസ്റ്റൽ നിർമ്മാണം, പീച്ചി അജപാലനകേന്ദ്രത്തിന്റെ വികസനം, കരുവാൻകാട്ട് പുതിയ സ്കൂൾ, കുണ്ടുകാട്, തൃശൂർ ടൗൺ, മണ്ണാർകാട്, മാമല്ലശ്ശേരി, വേളഞ്ചേരി എന്നിവിടങ്ങളിൽ പുതിയ ഇടവകകൾ, പെരുമ്പാവൂർ, ഇളനാട്, പെരുമ്പടവം, കളമശ്ശേരി, പിറവം, നീറാമ്മുകൾ, ഒലവക്കോട് എന്നിവിടങ്ങളിൽ പുതിയ ദൈവാലയങ്ങൾ എന്നിവ ചുരുങ്ങിയ കാലത്തിനുള്ളിൽ അദ്ദേഹം നിറവേറ്റി.

## തിരുവല്ല അതിരൂപതയുടെ മെത്രാപ്പോലീത്ത

അഭി. ഐസക് മാർ ക്ലീമ്മീസ് മെത്രാപ്പോലീത്ത മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ തലവനും പിതാവുമായി നിയമിതനായതോടുകൂടി തിരുവല്ല അതിരൂപതയുടെ ദ്വിതീയ മെത്രാപ്പോലീത്തൻ ആർച്ചുബിഷപ്പായി അഭി. തോമസ് മാർ കൂറിലോസ് മെത്രാപ്പോലീത്താ 2007 മാർച്ച് 18 ന് നിയമിതനായി. 2007 മെയ് മാസം രണ്ടാം തീയതി തിരുവല്ല സെന്റ് ജോൺസ് മെത്രാപ്പോലീത്തൻ കത്തീഡ്രലിൽ വച്ച് സ്ഥാനാരോഹണം നടന്നു. 2003 ഫെബ്രുവരി 6 ന് മൂവാറ്റുപുഴ രൂപതയിലേക്ക് പോയ തിരുമേനി 2007 മെയ് 2 ന് മടങ്ങിയെത്തി.

## പാവപ്പെട്ടവരോടുള്ള പരിഗണന

നാടിന് നന്മ പകരുവാൻ താൻ തിരുവല്ലാ രൂപതയിൽ സഹായ മെത്രാനായിരുന്ന കാലത്ത് ഏറെ പ്രതീക്ഷയോടെ പ്രോത്സാഹനം നല്കി കോടിക്കണക്കിന് രൂപ കടമെടുത്ത് തുടക്കം കുറിച്ച പുഷ്പഗിരി മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളും മാക്ഫാസ്റ്റ് കോളേജും വളർച്ചയുടെ പാതയിൽ വളരെയധികം മുന്നോട്ടു പോയിരിക്കുന്നു. നാടിന് വിലപ്പെട്ട സേവനങ്ങൾ നല്കുന്ന ഈ സ്ഥാപനങ്ങളെ ചില നിക്ഷിപ്ത താല്പര്യക്കാർ വ്യാജ ആരോപണങ്ങളാൽ പീഡിപ്പിക്കുന്നത് അദ്ദേഹത്തെ ഏറെ വേദനിപ്പിക്കുന്നുണ്ട്. എങ്കിലും പീഡനങ്ങളിൽ നഷ്ടധൈര്യരാകാതെ കൂടുതൽ തീക്ഷ്ണതയോടെ ശുശ്രൂഷ തുടരുവാനാണദ്ദേഹത്തിന്റെ പ്രതിജ്ഞ. അദ്ദേഹം പറയുന്നതു ശ്രദ്ധിക്കു. "തിരുവല്ല അതിരൂപതയിലെ ശുശ്രൂഷാസ്ഥാപനങ്ങൾക്കു നേരെ എറിയുന്ന ഓരോ കല്ലും എന്റെ നെഞ്ചിനു നേരെയുള്ളതായി ഞാൻ ഏറ്റു വാങ്ങും". സ്ഥാപനങ്ങളുടെ നന്മ സമൂഹത്തിലെ കൂടുതൽ പാവപ്പെട്ടവർക്ക് ലഭ്യമാക്കുവാനാണദ്ദേഹം ആഗ്രഹിക്കുന്നത്. യേശുവിന് ഒരു രൂപ എന്ന പദ്ധതി ആവിഷ്കരിച്ച് അതിരൂപതയിലെ എല്ലാ ദൈവമക്കളെയും പങ്കുകാരാക്കി ഒരു ഉന്നത വിദ്യാഭ്യാസ സഹായനിധി രൂപീകരിക്കുന്നതിൽ അദ്ദേഹം കാണിച്ച താത്പര്യം ഇതിന്റെ ഉത്തമ ഉദാഹരണമാണ്. 3.5.2007 ലെ പ്രഥമ സർക്കുലറിൽ അദ്ദേഹം വീണ്ടും ഇപ്രകാരം എഴുതുന്നു; "വിശാല കേരള സമൂഹത്തിൽ തിരുവല്ലാ അതിരൂപത ഏറ്റെടുത്തിരിക്കുന്ന സേവന മേഖലകൾ അനവധിയാണ്. അവ കൂടുതൽ വിപുലവും സുശക്തവുമാക്കുവാൻ നാം ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. വിശാലസമൂഹത്തോട് പ്രത്യേകിച്ച് മുഖ്യധാരയിൽനിന്നും പിൻതള്ളപ്പെട്ടവരോടും അവകാശങ്ങൾ നിഷേധിക്കപ്പെട്ട് സമൂഹത്തിൽ താഴ്ത്തപ്പെട്ടവരോടുമുള്ള നമ്മുടെ ചുമതലകൾ നാം കൂടുതൽ ഗൗരവത്തോടെ നിറവേറ്റുവാൻ ബാദ്ധ്യസ്ഥരാണ്. നമ്മുടെതന്നെ കൂട്ടായ്മയിലുള്ള പാവപ്പെട്ടവരുടെ ഉന്നമനത്തിന് പ്രാഥമിക പരിഗണന നല്കേണ്ടിയിരിക്കുന്നു". പാവപ്പെട്ടവരോടുള്ള മാർ കൂറിലോസ് പിതാവിന്റെ പ്രതിബദ്ധത ഹൃദയത്തിന്റെ ആഴത്തിൽ നിന്നുള്ളതാണ്. ഉന്നത പ്രൊഫഷണൽ സ്ഥാപനങ്ങളുടെ നടത്തിപ്പിൽ അതിരൂപത നേരിടുന്ന സാമ്പത്തിക ബാദ്ധ്യതകളെയും ചില നിക്ഷിപ്ത താല്പര്യക്കാരുടെ അടിസ്ഥാനരഹിതമായ വിമർശനങ്ങളെയും നേരിടുവാൻ അദ്ദേഹത്തിന് ഊർജ്ജം പകരുന്നത് ഈ സ്ഥാപനങ്ങൾവഴി അനേകം പാവപ്പെട്ടവർക്ക് നന്മ ചെയ്യുവാൻ സാധിക്കുന്നു എന്ന യാഥാർത്ഥ്യമാണ്. അതിരൂപതയിലെ വിദ്യാഭ്യാസസ്ഥാപനങ്ങളിൽ പ്രവേശനത്തിനും ജോലിക്കും, പാവപ്പെട്ടവർക്കും ദളിതർക്കും പ്രത്യേക പരിഗണന നല്കുന്നതിൽ അദ്ദേഹം അതീവ ശ്രദ്ധാലുവാണ്. പുഷ്പഗിരി മെഡിക്കൽ കോളേജ് ആശുപത്രിയിൽ ചികിത്സ തേടിയെത്തുന്ന പാവപ്പെട്ട രോഗികൾക്ക് സൗജന്യ ഭക്ഷണം ലഭ്യമാക്കുന്ന "മദർതെരേസ സൗജന്യ ഭക്ഷണ പദ്ധതി" മാർ കൂറിലോസ് പിതാവിന്റെ പാവപ്പെട്ടവരോടുള്ള പ്രതിബദ്ധതയുടെ മറ്റൊരു ഉദാഹരണമാണ്. ഇതിനു

www.malankaralibrary.com



# സ്നേഹപൂർവ്വം കുഞ്ഞുങ്ങൾ; ഒപ്പം അദ്ധ്യാപകരും

ശ്രേഷ്ഠാചാര്യ ശുശ്രൂഷയിൽ 25 വർഷങ്ങൾ പൂർത്തിയാക്കിയ തിരുവല്ല അതിഭദ്രാസന മെത്രാപ്പോലീത്ത അഭി. തോമസ് മാർ കൂറിലോസ് പിതാവിന് തിരുവല്ല അതിഭദ്രാസന മതബോധന കേന്ദ്രത്തിന്റെ അനുമോദനങ്ങൾ, പ്രാർത്ഥനാശംസകൾ!

തന്റെ അജപാലന ശുശ്രൂഷയിൽ വിശ്വാസപരിശീലനത്തിന് പരമപ്രാധാന്യം നൽകുന്ന അഭി. പിതാവിന്റെ വലിയ നേതൃത്വത്തെ നന്ദിയോടും അഭിമാനത്തോടും കൂടിയാണ് മതബോധന കേന്ദ്രം വീക്ഷിക്കുന്നത്. ദൈവശാസ്ത്രദർശനത്തോടും, ആരാധനാപൈതൃകത്തോടും, ജീവിതസാക്ഷ്യത്തോടും സഭയുടെ ആത്മീയതയിലേയ്ക്ക് വളരാൻ വരുംതലമുറയെ രൂപീകരിക്കുകയും ഒരുക്കുകയും ഉറപ്പിക്കുകയും ചെയ്യുന്ന പിതാവിന്റെ തീക്ഷ്ണമായ പ്രവർത്തനങ്ങളെ ഞങ്ങൾ നന്ദിയോടെ ഓർക്കുന്നു. വിശ്വാസം പഠിക്കാനും, അത് ആഘോഷിക്കാനും, പ്രഘോഷിക്കാനും, സാക്ഷ്യമായി ജീവിക്കാനും, നമ്മുടെ വിശ്വാസം കാത്തുസൂക്ഷിക്കാനും വരുംതലമുറയ്ക്ക് കൈമാറ്റം ചെയ്യാനും ഉതകുന്ന ശ്രേഷ്ഠമായ രൂപീകരണമാണ് വിശ്വാസപരിശീലനത്തിന് അഭി. പിതാവ് രൂപകല്പന നൽകിയിരിക്കുന്നത്. തന്റെ മെത്രാഭിഷേക ജൂബിലി വർഷത്തിൽ തിരുവല്ലായിൽ വച്ച് നടത്തപ്പെടുന്ന സഭാസംഗമത്തിനും 92-ാം പുനരൈക്യവാർഷിക ആഘോഷങ്ങൾക്കും ജൂബിലിയാഘോഷിക്കുന്ന ഞങ്ങളുടെ പിതാവിനും, മതബോധനകേന്ദ്രത്തിന്റെയും മതാദ്ധ്യാപകരുടെയും കുട്ടികളുടെയും മാതാപിതാക്കളുടെയും ഹൃദയം നിറഞ്ഞ സ്നേഹാശംസകൾ! പ്രാർത്ഥനകൾ!



**ഫാ. ഡോ. തോമസ്കുട്ടി പതിനെട്ടിൽ**
അതിഭദ്രാസന മതബോധന ഡയറക്ടർ
തിരുവല്ല

പുറമേ സാധുക്കൾക്ക് ചെലവു കുറഞ്ഞതും സൗജന്യവുമായ വിദഗ്ദ്ധ ചികിത്സ ഉറപ്പുവരുത്തുന്ന വിവിധ പദ്ധതികൾ അഭി. പിതാവ് ആവിഷ്കരിച്ചിട്ടുണ്ട്.

കേരള കത്തോലിക്കാ മെത്രാൻസമിതിയുടെ ജസ്റ്റീസ് ആന്റ് പീസ് കമ്മീഷന്റെ ചെയർമാൻ എന്ന നിലയിൽ കേരളമാസകലം ഓടിയെത്തി ആവശ്യക്കാരെ സഹായിക്കുന്നതിൽ അഭിവന്ദ്യ പിതാവ് കാണിച്ച സമർപ്പണം ഓഖി ദുരന്തം, 2018 ലെയും 2019 ലെയും പ്രളയം, ഹൈറേഞ്ചിലേയും വയനാട്ടിലെയും മണ്ണിടിച്ചിൽ, കോവിഡ്-19 മഹാമാരി എന്നീ സന്ദർഭങ്ങളിൽ കേരളത്തിലെ ജനങ്ങൾക്ക് അടുത്തനുഭവിക്കാൻ സാധിച്ചു. ദുരന്തമേഖലകളിൽ ഓടിയെത്തി അവരുടെ വേദനയിൽ പങ്കുചേരാനും സാദ്ധ്യമായ സഹായങ്ങൾ എത്തിക്കാനും അഭി. പിതാവ് എപ്പോഴും ജാഗരൂകനാണ്. ജയിൽ മിനിസ്ട്രിയോടും ഓട്ടോ ഡ്രൈവർമാരുടെ സംഘടനയായ "സാരഥി" യുടെ പ്രവർത്തനങ്ങളോടുമുള്ള പിതാവിന്റെ ഹൃദയ അടുപ്പം ശ്രദ്ധേയമാണ്. കോവിഡ്-19 ദുരിതമനുഭവിക്കുന്നവരെ സഹായിക്കാനായി അതിരൂപതയിൽ തയ്യാറാക്കിയിരിക്കുന്ന 'സമരിറ്റൻ സേന' വഴി ചെയ്യുന്ന സേവനങ്ങൾ പ്രത്യേകം പ്രസ്താവ്യമാണ്.

## അല്മായർക്ക് ശുശ്രൂഷയിൽ കൂടുതൽ പങ്കാളിത്തം

അതിരൂപതയുടെ ഭരണത്തിൽ ബഹു. വൈദികർക്കും, സന്ന്യസ്തർക്കും, ദൈവജനത്തിനും അർഹമായ പങ്ക് നല്കുന്നതിൽ അദ്ദേഹം ശ്രദ്ധാലുവാണ്. പ്രഥമ സർക്കുലറിൽ അദ്ദേഹം ഇപ്രകാരം എഴുതുന്നു, "അതിരൂപതയുടെ ഭാവിപ്രവർത്തനങ്ങളിൽ നിങ്ങൾ എല്ലാവരുടെയും അഭിപ്രായങ്ങളും, അഭിലാഷങ്ങളും വിലപ്പെട്ടതാണ്. അതിനാൽ അതിരൂപതയിലെ ബഹു. വൈദികരെയും സന്ന്യസ്തരെയും ദൈവജനത്തെയും നേരിൽകണ്ട് അഭിപ്രായങ്ങൾ ആരായുവാൻ എനിക്ക് താല്പര്യമുണ്ട്". അഭി. മാർ കൂറിലോസ് പിതാവിന്റെ ഡോക്ടറൽ പ്രബന്ധം തന്നെ മലങ്കരസഭയിൽ അല്മായരുടെ പങ്കിനെക്കുറിച്ചാണ്. "The Laity and their Co-operation in Church Governance according to the Provisions of CCEO and the tradition of the Malankara Catholic Church". "സഭയിൽ ദൈവജനത്തിനുള്ള സ്ഥാനവും ദൗത്യവും എന്നത് തിരുമേനിയുടെ പ്രധാന ചിന്തകളിലൊന്നാണ്" എന്ന് അദ്ദേഹത്തിന്റെ മെത്രാഭിഷേകത്തോടനുബന്ധിച്ച് 1997 ജൂലൈ മാസത്തെ ഐക്യദീപം മാസികയിൽ ഫാ. ഐസക്

www.malankaralibrary.com



തോട്ടുങ്കൽ (മോറാൻ മോർ ബസേലിയോസ് ക്ലീമ്മീസ് കാതോലിക്കബാവാ) എഴുതിയിരുന്നത് പൂർണ്ണമായും ശരിയായിരുന്നു എന്ന് തെളിയിക്കുന്നതാണ് അദ്ദേഹത്തിന്റെ അജപാലനശൈലി. അല്മായനെ ശുശ്രൂഷാവേദികളിൽ മുൻനിരയിൽ എത്തിക്കണമെന്നാണ് മാർ കൂറിലോസ് പിതാവിന്റെ ദർശനം. തന്റെ മെത്രാൻസ്ഥാന സ്വീകരണത്തിന് ആറ് മാസങ്ങൾക്കുമുമ്പ് അദ്ദേഹം പ്രസിദ്ധപ്പെടുത്തിയ ഒരു ലേഖനത്തിൽ ഇപ്രകാരം കാണുന്നു. "ഇടവക കൂട്ടായ്മയിലും അതിന്റെ വളർച്ചയിലും അല്മായരുടെ പങ്ക് നിസ്സീമമാണ്. യേശുക്രിസ്തു പ്രത്യേകം തെരഞ്ഞെടുത്ത് ലോകത്തിലേക്ക് അയച്ചവരാണ് അല്മായർ. ലോകത്തിലെ ഓരോ ഘടകത്തെയും പടിപടിയായി ദൈവ ഇഷ്ടത്തിനനുസരിച്ച് രൂപാന്തരപ്പെടുത്തുവാൻ അവർ വിളിക്കപ്പെട്ടിരിക്കുന്നു.... ദൈവജനത്തിന്റെ വിവേകപൂർണ്ണമായ അഭിപ്രായങ്ങളെ ദൈവാത്മാവിന്റെതന്നെ പ്രചോദനങ്ങളായിക്കരുതി സഭാകൂട്ടായ്മയുടെ സുസ്ഥിതിക്ക് യോഗ്യമായ തീരുമാനം കൈക്കൊള്ളുക എന്നതായിരിക്കണം സഭാധികാരികളുടെ ചുമതല. ദൈവജനത്തെ സഭാകാര്യങ്ങളിൽ ഉൾപ്പെടുത്തുന്നത് സഭാത്മകമായ തീർത്ഥാടനത്തിൽ അതിലെ അംഗങ്ങൾക്കെല്ലാം ഭാഗഭാഗിത്വം ഉള്ളതുകൊണ്ടും തനിക്കു ലഭിച്ചിരിക്കുന്ന ദൈവകൃപയനുസരിച്ച് ഓരോരുത്തരും യേശുക്രിസ്തുവിന്റെ ഭൗതികശരീരത്തെ കെട്ടിപ്പടുക്കുന്നതിന് കടപ്പെട്ടിരിക്കുന്നു എന്നതു കൊണ്ടുമായിരിക്കണം..." മെത്രാനായി നിയമനം ലഭിച്ച വാർത്ത അറിഞ്ഞ അദ്ദേഹം അന്ന് നല്കിയ സന്ദേശത്തിൽ ഇപ്രകാരം പറഞ്ഞു "എന്റെ പ്രിയപ്പെട്ട അല്മായ സഹോദരങ്ങളെ, ദൈവജനമേ, ഞാൻ നിങ്ങളെ സ്നേഹിക്കുന്നു. ഞാൻ നിങ്ങൾക്കുവേണ്ടിയുള്ളവനാണ്" മൂവാറ്റുപുഴ രൂപതയുടെ പ്രഥമ ഇടയനായി ചുമതല ഏറ്റിട്ട് ആദ്യം പുറപ്പെടുവിച്ച ഇടയലേഖനത്തിൽ അദ്ദേഹം എഴുതി "പ്രിയ സഹോദരങ്ങളെ, നിങ്ങളാണെന്റെ സന്തോഷം, നിങ്ങളുടെ വളർച്ചയാണെന്റെ സ്വപ്നം" (ഇടയലേഖനം 26. 03. 2003). ഈ വാക്കുകൾ ഹൃദയത്തിൽനിന്നുള്ളവയെന്ന് അദ്ദേഹത്തിന്റെ ജീവിതം തെളിയിക്കുന്നു.

## അന്ത്യോക്യൻ സുറിയാനി ആരാധനക്രമത്തിന്റെ ആരാധകൻ

മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ ആരാധനക്രമം വന്ദ്യ മാർ കൂറിലോസ് പിതാവിനൊരു ഹരമാണ്. ഭക്തിയുടെ നിറവിൽ ഇമ്പമാർന്ന രീതിയിൽ ശുശ്രൂഷകൾ നടത്തുന്നതിൽ അദ്ദേഹം ശ്രദ്ധാലുവാണ്. അന്ത്യോക്യൻ സുറിയാനി ആരാധനക്രമവും അതിന്റെ പിന്നിലെ ആത്മീയതയും ആഴത്തിൽ പഠിക്കുവാനും ജീവിതത്തിൽ അനുവർത്തിക്കുവാനും അദ്ദേഹം ഇപ്പോഴും ശ്രമിച്ചുകൊണ്ടാണിരിക്കുന്നത്. വൈദികവിദ്യാർത്ഥികൾ സുറിയാനി ഭാഷയിലും, അന്ത്യോക്യൻ സുറിയാനി പൈതൃകത്തിലും ആഴമായ അറിവ് നേടണം എന്നാണ് അദ്ദേഹത്തിന്റെ ആഗ്രഹം. ഇതിനായി വൈദിക വിദ്യാർത്ഥികളെ കോട്ടയത്ത് സെന്റ് എഫ്രേം എക്യുമെനിക്കൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിൽ അയച്ച് പഠിപ്പിക്കുവാൻ വേണ്ട ക്രമീകരണങ്ങൾ അദ്ദേഹം ചെയ്യു


## ഓർമ്മപെരുന്നാൾ

ഓഗസ്റ്റ് 26



അഭി. ജേക്കബ് മാർ ബർണ്ണബാസ് മെത്രാപ്പോലീത്ത

സെപ്റ്റംബർ 28



അഭി. സഖറിയാസ് മാർ അത്തനാസിയോസ് മെത്രാപ്പോലീത്ത

www.malankaralibrary.com



# ആശംസകളോടെ കുടുംബങ്ങൾ

തിരുവല്ല അതിഭദ്രാസനത്തിന് ത്രിമധുരത്തിന്റെ ഓണക്കാലം. 92-ാം പുനരൈക്യ വാർഷികവും, അതിഭദ്രാസനത്തിന്റെ നവതി ആഘോഷവും, ഭദ്രാസനാധിപൻ അഭി. തോമസ് മാർ കൂറിലോസ് പിതാവിന്റെ മെത്രാഭിഷേക രജത ജൂബിലി ആഘോഷവുമാണ് ആ ത്രിമധുരം. കോവിഡ് കാലത്തിനു ശേഷം അർത്ഥവത്തായി എന്നാൽ ആർഭാട രഹിതമായി നടത്തുവാൻ തിരുവല്ല അതിഭദ്രാസനത്തിൽ പുനരൈക്യമെന്ന സ്വപ്നസാക്ഷാത്ക്കാരത്തിന് ഊടും പാവും നെയ്ത മണ്ണിൽ തന്നെ വന്നുചേർന്നു എന്നത് ഒരു ചരിത്രനിയോഗമാകാം.

തിരുവല്ല അതിഭദ്രാസനത്തിന്റെ വളർച്ചയിൽ ഒരു നിർണ്ണായക സാന്നിധ്യമാണ് പ്രിയപ്പെട്ട നമ്മുടെ അമ്മമാർ. മുൻപ് മാതൃസംഘം എന്നും ഇപ്പോൾ MCMF എന്നുമറിയപ്പെടുന്ന അമ്മമാരുടെ കൂട്ടായ്മയുടെ വളർച്ചയിൽ എന്നും പ്രോത്സാഹനവും കൈത്താങ്ങും നല്കാൻ അഭി. തോമസ് മാർ കൂറിലോസ് പിതാവ് ശ്രദ്ധിക്കുന്നു. എവിടെ ആയിരുന്നാലും അവരെ പേരെടുത്ത് പ്രത്യേകം പരാമർശിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു. MCMF ന്റെ വളർച്ചയിൽ അതൊരു നിർണ്ണായക ഘടകവുമാണ്. അതിഭദ്രാസനത്തിന്റെ നവതി ആഘോഷത്തോടൊപ്പം തന്നെ മെത്രാഭിഷേകത്തിന്റെ 25 ആണ്ടുകൾ നമുക്ക് കൃതജ്ഞതയുടെയും വേദി കൂടിയാണ്. ഈ ധന്യമുഹൂർത്തത്തിൽ അതിഭദ്രാസനത്തിനും അഭി. പിതാവിനും പ്രാർത്ഥനാശംസകളുടെ നറുമലരുകൾ ഞങ്ങൾ നേരുന്നു.



റവ. ഫാ. തോമസ്
തോപ്പിൽക്കളത്തിൽ
അതിഭദ്രാസന ഫാമിലി
അപ്പോസ്തലേറ്റ് ഡയറക്ടർ

ന്നുണ്ട്. സുറിയാനി പഠനകേന്ദ്രമായ സീരിയുടെ പ്രവർത്തനത്തിലും വളർച്ചയിലും അദ്ദേഹം പുലർത്തുന്ന താത്പര്യവും ഇത്തരുണത്തിൽ ശ്രദ്ധേയമാണ്. 23.03.2003 ൽ പുറപ്പെടുവിച്ച പ്രഥമ ഇടയലേഖനത്തിൽ ഇപ്രകാരം എഴുതുന്നു, ദൈവാനുഗ്രഹത്താൽ ഇത്രയും മനോഹരമായ ഒരു ആരാധനക്രമത്തിന്റെ പൈതൃകത്തിൽ വളരാൻ കഴിയുന്നുവെന്നത് എത്ര ഭാഗ്യമാണ്. അന്ത്യോക്യൻ ആരാധനാരീതി നാം താത്പര്യപൂർവ്വം പിൻതുടരണം''.

അഭി. മാർ തിമോത്തിയോസ് പിതാവ് വിരമിച്ചതിനെ തുടർന്ന് സുന്നഹദോസിന്റെ ആരാധനക്രമത്തിനുവേണ്ടിയുള്ള കമ്മീഷന്റെ ചെയർമാനായി അഭി. മാർ കൂറിലോസ് പിതാവിനെ പിതാക്കന്മാർ ഏകകണ്ഠമായി തെരഞ്ഞെടുത്തത് ഇതിനു തെളിവാണ്.

## മിശിഹായുടെ സൗരഭ്യവാഹകൻ

വന്ദ്യ മാർ കൂറിലോസ് തിരുമേനി മേല്പട്ട ശുശ്രൂഷയ്ക്ക് തെരഞ്ഞെടുക്കപ്പെട്ടപ്പോൾ സ്വീകരിച്ച ആപ്തവാക്യം 2 കോറിന്ത്യർ 2/4 ആസ്പദമാക്കിയാണ്. ''ക്രിസ്തുവിൽ ഞങ്ങളെ എല്ലായ്പ്പോഴും വിജയത്തിലെത്തിക്കുകയും അവനെക്കുറിച്ചുള്ള ജ്ഞാനത്തിന്റെ സൗരഭ്യം ഞങ്ങൾവഴി എല്ലായിടത്തും പരത്തുകയും ചെയ്യുന്ന ദൈവത്തിനു സ്തുതി''. **“മിശിഹായുടെ സൗരഭ്യവാഹകരാകുക”** - ഇതാണ് വന്ദ്യ തിരുമേനിയുടെ ആപ്തവാക്യം. യേശു രക്ഷകനും നാഥനുമാണെന്ന് സകലരോടും സാക്ഷിക്കുന്നതിലാണ് തന്റെ മേല്പട്ടശുശ്രൂഷയുടെ അർത്ഥം അദ്ദേഹം കാണുന്നത്. സൗരഭ്യത്തിന്റെ പ്രത്യേകത അത് താനെ ചുറ്റുപാടുകളിലേക്ക് വ്യാപിക്കുകയാണ്, അതിനായി അത് മറ്റൊന്നും ചെയ്യേണ്ടതില്ല, സൗരഭ്യം ഉണ്ടായിരിക്കുക എന്നതിലധികമായി. ഉദാഹരണമായി റോസാപ്പൂവിന്റെ സൗരഭ്യം; അത് ചുറ്റുപാടുകളിലേക്ക് തനിയെ വ്യാപിക്കുന്നു. അദ്ദേഹത്തെ നേരിട്ടറിയുന്നവർക്ക് മധുരിപ്പിക്കുന്നതും ആത്മീയത ഉണർത്തുന്നതുമായ അനുഭവങ്ങളാണ് പിതാവിൽ നിന്നു ലഭിക്കുന്നത്. സ്നേഹവും കാരുണ്യവും നിഴലിക്കുന്ന ജീവിതവും സമീപനങ്ങളും വിശുദ്ധിയുടെ സൗരഭ്യം പ്രസരിപ്പിക്കുന്ന വ്യക്തിത്വവും ആരിലും ആദരമുളവാക്കും. വിനീതഹൃദയൻ, പ്രശാന്തത കൈവിടാത്ത പ്രവർത്തനശൈലി, മറ്റുള്ളവർക്ക് ബുദ്ധിമുട്ടുണ്ടാകാതിരിക്കാൻ മുൻകരുതലെടുക്കുന്ന പിതാവ്. മിശിഹായുടെ സൗരഭ്യവാഹകനാകാൻ ശ്രമിക്കുന്ന കൂറിലോസ് പിതാവിൽ കാണുന്ന പ്രത്യേകതകളാണ് ഇവ.

www.malankaralibrary.com



## കർത്താവ് ഇടയനായിട്ടുള്ള ഇടയശ്രേഷ്ഠൻ

കർത്താവ് ഇടയനായിട്ടുള്ള ഇടയശ്രേഷ്ഠനാണ് അഭി. കൂറിലോസ് തിരുമേനി. പ്രതിസന്ധികളോ പ്രശ്നങ്ങളോ ഒന്നും അദ്ദേഹത്തെ ഒരിക്കലും തളർത്തുന്നില്ല. കാരണം കർത്താവ് എപ്പോഴും തന്റെ കൂടെയുണ്ടെന്ന് അദ്ദേഹത്തിനറിയാം. തന്നെ വിളിച്ചു വേർതിരിച്ചവൻ വിശ്വസ്തനാണ്. സങ്കീർത്തകന്റെ വാക്കുകൾ എപ്പോഴും അദ്ദേഹത്തിന്റെ ഹൃദയത്തിലുണ്ട്. "അവിടുന്നു കൂടെയുള്ളതിനാൽ ഞാൻ ഭയപ്പെടുകയില്ല; അങ്ങയുടെ ഊന്നുവടിയും ദണ്ഡും എനിക്ക് ഉറപ്പേകുന്നു". തന്റെ അജപാലനശുശ്രൂഷയിൽ നേരിടേണ്ടിവരുന്ന പ്രശ്നങ്ങളെ രാത്രിയുടെ യാമങ്ങളിൽ തന്റെ സ്വകാര്യ ചാപ്പലിലെ ഏകാന്തതയിൽ വിശുദ്ധ കുർബാനയുടെ മുമ്പിൽ, മണിക്കൂറുകൾ പ്രാർത്ഥനയിൽ ഉറ്റിരുന്ന് കർത്താവിന്റെ സമക്ഷം സമർപ്പിച്ച് പരിഹാരം തേടുകയാണ് അദ്ദേഹത്തിന്റെ രീതി. അതിരൂപതയിലെ ഔദ്യോഗികഭരണ സംവിധാനങ്ങൾക്കു മുന്നിൽ പ്രശ്നങ്ങൾ അവതരിപ്പിച്ച് ചർച്ചചെയ്ത് ഉത്തരം തേടുന്നതിനു മുമ്പേ പ്രശ്നങ്ങൾ ഉത്തരത്തിനായി ദൈവത്തെ ഏല്പിക്കുകയാണ് പതിവ്. 21.7.2004 ൽ അദ്ദേഹം എഴുതുന്നു, "നിങ്ങളെ ഏവരെയും സമർപ്പിച്ചു ഞാൻ പ്രാർത്ഥിക്കുന്നു. നിങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കുന്നതിനേക്കാൾ വലിയ സ്നേഹപ്രകടനം ഒന്നുമില്ല. പ്രിയ സഹോദരങ്ങളേ, നമ്മുടെ കർത്താവിനുവേണ്ടി നമുക്കു ജീവിക്കാം. അവന്റെ ദൈവരാജ്യ സങ്കല്പങ്ങൾ നമ്മെ ലഹരി പിടിപ്പിക്കട്ടെ". വൈദിക വർഷാചരണത്തിന്റെ ഭാഗമായി തന്റെ അതിരൂപതയിലെ വൈദികരെ ചെറുഗണങ്ങളായി അരമനയിൽ വിളിച്ചുകൂട്ടി തന്നോടൊപ്പം താമസിപ്പിച്ച് രാത്രിയിൽ അവരോടൊപ്പം വി. കുർബാനയുടെ മുമ്പിൽ പ്രാർത്ഥിച്ചിരുന്ന അനുഭവം, ഇടയന്മാർ ശ്രേഷ്ഠ ഇടയനോടൊപ്പം, ഇടയന്മാരുടെ ഇടയന്റെ സമക്ഷം, ആടുകൾക്കുവേണ്ടി മദ്ധ്യസ്ഥം തേടുന്ന അനുഭവം

## ആശംസകളോടെ മലങ്കര കാത്തലിക് അസ്സോസിയേഷൻ

കാതോലികവും അപ്പസ്തോലികവും ഏകവും വിശുദ്ധവുമായ സാർവത്രിക സഭ കൂട്ടായ്മയിലേക്കുള്ള പുനപ്രവേശനത്തിന് സാക്ഷാത്കാരമെന്നോണം മലങ്കര സഭ പുനരൈക്യ പ്രസ്ഥാനത്തിലൂടെ അതിന്റെ ആരംഭ അവസ്ഥയിലേക്ക് തിരികെ എത്തുകയാണുണ്ടായത്. ആഗോള കത്തോലിക്കാസഭ പല വ്യക്തിഗത സഭകളുടെയും കൂട്ടായ്മയാണ്. ഈ സാർവത്രിക കൂട്ടായ്മയിലേക്ക് മലങ്കര കത്തോലിക്കാസഭ കടന്നുവന്നിരിക്കുന്ന വഴി ലോകമെമ്പാടുമുള്ള കത്തോലിക്കാസഭയുടെ ഭാഗമായി സഭ മാറിയിരിക്കുന്നു. 1653 ലെ കൂനൻ കുരിശ് സത്യത്തിനുശേഷം മാതൃസഭയായ കത്തോലിക്കാസഭയുമായി പുനരൈക്യപ്പെടുവാനുള്ള വിവിധ ശ്രമങ്ങൾ പുത്തൻകൂർ സമൂഹത്തിൽ ഉണ്ടായി. 1911 ന് ശേഷമുള്ള നിരന്തരവ്യവഹാരങ്ങളും ഭിന്നിപ്പുകളും മലങ്കരസഭയെ അസ്വസ്ഥമാക്കിയിരുന്നു. അതിനാൽ മലങ്കരസഭയിൽ സമാധാനം സ്ഥാപിക്കുവാൻ പുരാതനകത്തോലിക്കാസഭയുമായുള്ള പുനരൈക്യം ഏറെ അനിവാര്യമാണെന്ന് മാർ ഈവാനിയോസ് പിതാവ് തിരിച്ചറിഞ്ഞു. താൻ ഉൾപ്പെട്ടിരുന്ന സഭയിലെ കക്ഷിവഴക്കുകൾ അദ്ദേഹത്തെ അസ്വസ്ഥനാക്കി നിരന്തരപ്രാർത്ഥനയുടെയും പഠനത്തിന്റെയും ഫലമായി സാർവത്രിക സഭയുമായുള്ള ബന്ധംകൊണ്ടുമാത്രമേ സഭയിൽ സമാധാനം കൈവരിക്കാൻ ആവുകയുള്ളൂ എന്ന് അദ്ദേഹത്തി

## ഉപകാരസ്മരണ

### യൂദാശ്ലീഹായോടുള്ള പ്രാർത്ഥന



മിശിഹായുടെ ചാർച്ചക്കാരനും/ വിശ്വസ്തദാസനുമായ വി. യൂദാതദേവൂസേ/ ഒറ്റിക്കൊടുത്തവന്റെ പേരുമൂലം മഹിമയേറിയ അപ്പസ്തോലനായ അങ്ങ് വിസ്മരിക്കപ്പെടുവാൻ കാരണമായി./ എന്നാൽ കത്തോലിക്കാസഭ മുഴുവനും അങ്ങയെ നിരാശരുടേയും അസാദ്ധ്യകാര്യങ്ങളുടെയും/മദ്ധ്യസ്ഥനായി ബഹുമാനിക്കുകയും/അങ്ങയോട് അഭ്യർത്ഥിക്കുകയും ചെയ്യുന്നുവല്ലോ. നിരവധി ക്ലേശങ്ങൾ അനുഭവിക്കുന്ന എനിക്ക്/അങ്ങയുടെ മദ്ധ്യസ്ഥതയിൽ (ഇവിടെ ആവശ്യം പറയുക)/ ഈ അനുഗ്രഹം സാധിച്ചു തരണമെ./എന്റെ എല്ലാ ആവശ്യങ്ങളിലും/ വിശിഷ്യ ഇപ്പോൾ എനിക്കു നേരിട്ടിരിക്കുന്ന ആപത്തിലും/ എന്നെ പ്രത്യേകം സംരക്ഷിക്കണമേ./ഈ ഉപകാരം ഞാൻ എന്നും ഓർത്തുകൊള്ളാമെന്നും/ എന്റെ പ്രത്യേക മദ്ധ്യസ്ഥനായി/അങ്ങയെ നിരന്തരം ബഹുമാനിച്ചു കൊള്ളാമെന്നും/ഞാൻ വാഗ്ദാനം ചെയ്യുന്നു.

**ഒരു വിശ്വാസി അയിരൂർ**

www.malankaralibrary.com



## ആശംസകൾ




ന് ബോധ്യമായി. റോമിലെ അപ്പസ്തോലിക സിംഹാസനത്തിന് നിവേദനം സമർപ്പിക്കുകയും 1930 ഓഗസ്റ്റ് 20 ന് പുനരൈക്യത്തിനുള്ള അംഗീകാരം ലഭിക്കുകയും ചെയ്തു. എന്നാൽ വട്ടിപ്പണക്കേസിന്റെ വിധിയെ തുടർന്ന് അനുകൂലമായി നിന്നവർ പുനരൈക്യചിന്തയിൽനിന്ന് പിന്മാറിയപ്പോഴും മാർ ഈവാനിയോസ് പിതാവും മാർ തെയോഫിലോസ് പിതാവും സഭൈക്യത്തിന്റെ ദൈവികാഹ്വാനം സ്വീകരിച്ചുകൊണ്ട് തങ്ങളുടെ തീരുമാനത്തിൽ ഉറച്ചുനിന്നു. പുനരൈക്യത്തിന്റെ ആരംഭകാലത്ത് തന്നെ മാർ ഈവാനിയോസ് പിതാവ് തെക്കൻ തിരുവിതാംകൂർ പ്രദേശങ്ങളിൽ പ്രേഷിതപ്രവർത്തനത്തിന് നേതൃത്വം നൽകിയിരുന്നു. ഈ നാളുകളിൽ പ്രാർത്ഥനയിൽ ആശ്രയിച്ചുകൊണ്ട് നടത്തിയ സഭൈക്യപരിശ്രമങ്ങൾ മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ രൂപീകരണത്തിലേക്കും വളർച്ചയിലേക്കും നയിച്ചു. ദൈവാശ്രയബോധത്തോടെ പ്രാർത്ഥനയിൽ ശരണപ്പെട്ടുകൊണ്ട് മാർ ഈവാനിയോസ് പിതാവും സഭയിലെ മറ്റ് അംഗങ്ങളും തുടക്കം മുതലേ പരിശ്രമിച്ചതുകൊണ്ടാണ് പുനരൈക്യപ്രസ്ഥാനം വളരെ വേഗം വളർന്ന് ശക്തിപ്രാപിച്ചത്. നിരവധി എതിർപ്പുകളുടെയും സഹനങ്ങളുടെയും പശ്ചാത്തലത്തിൽ 1930 സെപ്റ്റംബർ 20 ന് പുനരൈക്യം നടന്നു. കൂനൻകുരിശ് സത്യത്തെത്തുടർന്ന് നഷ്ടപ്പെട്ട മലങ്കരസഭയിലെ ഐക്യം പുനരൈക്യത്തിലൂടെ നേടിയെടുക്കുവാൻ സാധിച്ചു. കത്തോലിക്കാസഭയിലൂടെ ലോകത്തെവിടെയും കടന്നു ചെല്ലുന്നതിനും ഒരു വ്യക്തിഗത സഭയെന്ന നിലയിൽ പ്രവർത്തിക്കുന്നതിനുമുള്ള ഭാഗ്യവും പുനരൈക്യത്തിലൂടെ സാധ്യമായിരിക്കുകയാണ്. ആഗോള കത്തോലിക്കാസഭയുടെ ബാഹ്യവും ആന്തരികവുമായ സംരക്ഷണവും മലങ്കര കത്തോലിക്കാസഭയ്ക്ക് ഇതിലൂടെ ലഭിക്കുന്നു. ഒരു വ്യക്തിഗത സഭയായ മലങ്കര കത്തോലിക്കാസഭയുടെ തനിമയും പൈതൃകങ്ങളും പാരമ്പര്യങ്ങളും ആരാധനാരീതികളും ആഗോള കത്തോലിക്കാ സഭ അംഗീകരിക്കുകയും സ്വീകരിക്കുകയും ചെയ്തിട്ടുള്ളതാണ്. സിനഡൽ ഭരണസമ്പ്രദായമുള്ള സ്വതന്ത്രസഭയായി മലങ്കര കത്തോലിക്കാസഭ വളർന്ന് പന്തലിച്ച് ലോകമെമ്പാടും സഭയ്ക്ക് വേരോട്ടം ഉണ്ടായി. ഈ പൈതൃകം കാത്തുസൂക്ഷിക്കുവാനും ഇതിന്റെ അത്മായ സമിതിയുടെ പ്രസിഡന്റ് ആയതിലും ഞാൻ അഭിമാനിക്കുന്നു. തൊണ്ണൂറ്റി രണ്ടാം പുനരൈക്യ വാർഷികാഘോഷത്തിനും ജൂബിലി ആഘോഷിക്കുന്ന അതിഭദ്രാസന അധ്യക്ഷൻ മോസ്റ്റ് റവ. ഡോ. തോമസ് മാർ കൂറിലോസ് മെത്രാപ്പോലീത്താ തിരുമേനിക്കും അത്മായ സമൂഹത്തിന്റെ ആശംസകൾ.



**ശ്രീ. ജിനു തോമ്പുംകുഴി**
എം.സി.എ.
അതിഭദ്രാസന പ്രസിഡന്റ്

എത്ര ഉദാത്തമെന്ന് തിരുവല്ല അതിരൂപതയിലെ വൈദികർ സാക്ഷിക്കുന്നു.

### സമാപ്തി

മാന്നാറുകാരുടെ ബേബി മലങ്കര സുറിയാനി കത്തോലിക്കാസഭയിൽ തിരുവല്ല രൂപതയുടെ സഹായമെത്രാനായി അഭിഷിക്തനായി, ഭാരത കത്തോലിക്കാ മെത്രാൻ സംഘത്തിലെ 'ബഞ്ചമിൻ' ബിഷപ്പായി, മൂവാറ്റുപുഴ ഭദ്രാസനത്തിന്റെ പ്രഥമ ഇടയനായി, തിരുവല്ല അതിരൂപതയുടെ ദ്വിതീയ മെത്രാപ്പോലീത്തൻ ആർച്ചുബിഷപ്പായി വളർന്ന് ശ്രേഷ്ഠാചാര്യ ശുശ്രൂഷയുടെ ഇരുപത്തിയഞ്ച് വർഷങ്ങൾ പൂർത്തിയാക്കിയ അഭി. തോമസ് മാർ കൂറിലോസ് മെത്രാപ്പോലീത്തായുടെ ശുശ്രൂഷാ ജീവിതത്തിന്റെ പിന്നിലെ ദൈവിക നടത്തിപ്പിന്റെ നാളുകളാണ് നാം കണ്ടത്. തെരഞ്ഞെടുത്തവന്റെ കരത്തിൽ പൂർണ്ണമായി സമർപ്പിച്ചിരിക്കുന്ന ജീവിതം. ബൗദ്ധിക ആലോചനകളെക്കാൾ ആത്മാവിന്റെ ആലോചനകൾ തേടുന്ന ശ്രേഷ്ഠാചാര്യൻ മെത്രാഭിഷേകത്തിന്റെ ഇരുപത്തിയഞ്ച് വർഷങ്ങൾ പൂർത്തിയാക്കുന്ന സന്ദർഭത്തിൽ ആത്മാവിന്റെ പൂർണ്ണ നിറവിനുവേണ്ടി അതിരൂപതാമക്കൾ ഒരു മനസ്സോടെ പ്രാർത്ഥിക്കുന്നു.

www.malankaralibrary.com

# ആശംസകൾ

## അമ്മമാരുടെ പ്രാർത്ഥനാ മംഗളങ്ങൾ

ദൈവദാസൻ ആർച്ചുബിഷപ്പ് മാർ ഈവാനിയോസ് പിതാവിന്റെ അക്ഷീണ പരിശ്രമ ഫലമായി, 1930 സെപ്റ്റംബർ 20 ന്, മലങ്കര സഭയെ കത്തോലിക്കാസഭയുടെ സംസർഗത്തിൽ കൊണ്ടുവരികയും കത്തോലിക്കാ സഭാകൂട്ടായ്മയിൽ ഒരു വ്യക്തിഗതസഭയായി ഉറപ്പിക്കുകയും ചെയ്തു. ഈവിധ പ്രവർത്തനങ്ങളിൽ മാർ തെയോഫിലോസ് പിതാവിന്റെ സേവനങ്ങളും പ്രത്യേകം അനുസ്മരിക്കുന്നു. ഈ ഐക്യപ്പെടലിന്റെ ഓർമ പുതുക്കുന്ന അവസരങ്ങളാണല്ലോ പുനരൈക്യവാർഷികം.

ഇന്ന്, മലങ്കര കത്തോലിക്കാസഭ 'മേജർ ആർക്കി എപ്പിസ്ക്കോപ്പൽ സഭ'യും സഭാധ്യക്ഷൻ 'മേജർ ആർച്ചുബിഷപ്പ് അഥവാ കാതോലിക്കോസു' മാണ്. 'അതിവേഗം വളരുന്ന സഭ' എന്ന് വിശുദ്ധ ജോൺ പോൾ രണ്ടാമൻ മാർപാപ്പ നമ്മുടെ സഭയെ വിശേഷിപ്പിച്ചു. ദൈവപരിപാലനയിൽ ആശ്രയിച്ചു കൊണ്ട് മുന്നോട്ടു പോയ സഭ, ഒന്നുമില്ലായ്മയിൽനിന്നും വലിയൊരു സമൂഹമായി വളർന്നു. നമ്മുടെ അഭി. കർദ്ദിനാൾ മോറാൻ മോർ ബസേലിയോസ് ക്ലീമ്മീസ് കാതോലിക്കാ ബാവായുടെ ശ്രേഷ്ഠമായ നേതൃത്വത്തിൻകീഴിൽ, സഭ കേരളത്തിന്റെയും ഭാരതത്തിന്റെയും അതിരുകൾ കടന്ന് മറ്റനേകം രാജ്യങ്ങളിലേക്കും നമ്മുടെ ആത്മീയ ശുശ്രൂഷകൾ വ്യാപിപ്പിച്ചിരിക്കുന്നു.

സഭയുടെ നവതി ആഘോഷിക്കുന്ന ഈ വേളയിൽ സഭയ്ക്കായി കാലാകാലങ്ങളിൽ നിസ്വാർഥ സേവനമർപ്പിച്ചു, കാലംചെയ്ത നമ്മുടെ പുണ്യപിതാക്കന്മാരെയും തീക്ഷ്ണമതികളായിരുന്ന അൽമായസഹോദരങ്ങളെയും, അതോടൊപ്പം ഇന്നും നമ്മുടെ സഭയ്ക്കായി വിവിധ ശുശ്രൂഷകളർപ്പിക്കുന്ന എല്ലാ ഇടയശ്രേഷ്ഠരെയും മറ്റു സഭാതനയരെയും നന്ദിപൂർവം സ്മരിക്കുകയും അവർക്കായി പ്രാർത്ഥിക്കുകയും ചെയ്യുന്നു ഇത്തരുണത്തിൽ, തന്റെ മേല്പട്ടസ്ഥാനത്തിന്റെ രജത ജൂബിലി നിറവിൽ ആയിരിക്കുന്ന നമ്മുടെ അതിഭദ്രാസനാധ്യക്ഷൻ അഭി. തോമസ് മാർ കൂറിലോസ് മെത്രാപ്പോലീത്തയെ നമുക്ക് പ്രത്യേകം ഓർക്കാം. 1997 ൽ മേല്പട്ടസ്ഥാനത്തേക്ക് അഭിഷിക്തനാവുകയും തിരുവല്ല രൂപതയിൽ സഹായ മെത്രാനായി നിയോഗിക്കപ്പെടുകയും ചെയ്ത അഭി. പിതാവ്, പിന്നീട് മൂവാറ്റുപുഴ രൂപതയുടെ പ്രഥമ മെത്രാനായി നിയമിതനായി. അധികം വൈകാതെ വീണ്ടും തിരുവല്ല മെത്രാനായി പിതാവ് നിയോഗിക്കപ്പെട്ടു. മേൽപ്പട്ടസ്ഥാനത്തു കാൽ നൂറ്റാണ്ടു പിന്നിടുമ്പോൾ, ആദ്ധ്യാത്മികം, സഭാപരം, സഭൈക്യപരം, വിദ്യാഭ്യാസം, സാമൂഹ്യസേവനം, ആതുരസേവനം തുടങ്ങി വിവിധ മണ്ഡലങ്ങളിൽ നൽകിക്കൊണ്ടിരിക്കുന്ന ശുശ്രൂഷകളിലൂടെ പിതാവ് സഭയ്ക്കും സമൂഹത്തിനും ഏകുന്ന എല്ലാ നന്മകളെയും ഓർത്ത് സർവേശ്വരനോട് നന്ദി പറയുകയും, ഇനിയും കൂടുതൽ കൂടുതൽ അനുഗ്രഹങ്ങൾ വർഷിക്കട്ടെ എന്നു പ്രാർത്ഥിക്കുകയും ചെയ്യുന്നു. അതോടൊപ്പം, തിരുവല്ല അതിരൂപതയിലെ ഓരോ അമ്മമാരുടെയും പേരിലുള്ള സ്നേഹം നിറഞ്ഞ പ്രാർത്ഥനാ മംഗളങ്ങളും സാദരം സമർപ്പിക്കുന്നു.



**റോസ് മേരി ജോർജ്**
അതിഭദ്രാസന
MCMF പ്രസിഡന്റ്

## അതിരൂപത സിനഡ്



**സിനഡാലിറ്റിയെ സംബന്ധിച്ചുള്ള അതിരൂപത സിനഡ് ഓഗസ്റ്റ് 13-ാം തീയതി സെന്റ് ജോൺസ് മെത്രാപ്പോലിത്തൻ കത്തീഡ്രലിൽ അതിഭദ്രാസന അദ്ധ്യക്ഷൻ അഭി. തോമസ് മാർ കൂറിലോസ് മെത്രാപ്പോലിത്തൻ ആർച്ചുബിഷപ്പ് ഉദ്ഘാടനം നിർവ്വഹിക്കുന്നു.**

# ആശംസകളോടെ യുവജനങ്ങൾ

ഒരു വ്യക്തിയുടെ ജീവിതയാത്രയിൽ അവനെ ഏറ്റവുമധികം സ്വാധീനിക്കുന്നതും എന്നും ഓർക്കുവാൻ ഇഷ്ടപ്പെടുന്നതുമായ കാലഘട്ടം എന്നു പറയുന്നത് അവന്റെ യൗവ്വനമാണ്. ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിൽ വളർന്നുവന്ന യേശുക്രിസ്തു തന്റെ പരസ്യജീവിതത്തിനായി തിരഞ്ഞെടുത്തതും യൗവ്വനകാലഘട്ടമാണ്. അതിനാൽ തന്നെ തന്റെ പിതാവിന്റെ ഇഷ്ടം നിറവേറ്റുവാൻ ഭൂമിയിൽ അവതരിച്ച ഒരു മുപ്പതുകാരൻ യുവാവിന്റെ ശരീരമാകുന്ന സഭയിൽ അംഗമായ ഒരു വ്യക്തി എന്ന നിലയിൽ യുവാക്കളായ നാം ഓരോരുത്തരുടെയും പങ്ക് വളരെ വലുതാണെന്ന് നമ്മൾ മനസ്സിലാക്കേണ്ടിയിരിക്കുന്നു.

1930 ൽ ദൈവദാസൻ മാർ ഈവാനിയോസ് പിതാവും ഭാഗ്യസ്മരണാർഹനായ മാർ തെയോഫിലോസ് പിതാവും കൊളുത്തി നൽകിയ പുനരൈക്യത്തിന്റെ അഗ്നി സഭാചരിത്രത്താളുകളിൽ പൊൻലിപികളാൽ എഴുതപ്പെട്ട തിരുവല്ലയുടെ മണ്ണിൽ വീണ്ടും ആഗതമായിരിക്കുന്നു.


ഇന്ന് ലോകത്തിന്റെ പല ഭാഗങ്ങളിലായി അഞ്ച് ലക്ഷത്തിലധികം പേർ ഉൾക്കൊള്ളുന്ന വിശ്വാസസമൂഹം കൊണ്ടാടുന്ന പുനരൈക്യവാർഷികം 92 വർഷങ്ങൾക്ക് മുൻപ് ക്രിസ്തുവിനെ മാത്രം ചേർത്തു പിടിച്ചുകൊണ്ട് സത്യവിശ്വാസ കൂട്ടായ്മയിലേക്ക് പങ്കുചേർന്ന 5 വ്യക്തികളുടെ വിശ്വാസ തീക്ഷ്ണതയെ ഓർമ്മപ്പെടുത്തുന്നു. അതിനാൽ പുനരൈക്യമെന്നത് കേവലം ആഘോഷത്തിന്റെ ഒരു ദിനം മാത്രമല്ല. പ്രത്യുത, പൂർവ്വപിതാക്കൻമാരിലൂടെ കൈമാറി വന്ന വിശ്വാസം നാം ഓരോരുത്തരും ഏറ്റുപറയുന്ന അസുലഭ നിമിഷം കൂടിയാണ്.

പ്രതിസന്ധികളുടെയും വെല്ലുവിളികളുടെയും മദ്ധ്യത്തിലൂടെ വിശ്വാസത്തെ മുറുകെ പിടിച്ചുകൊണ്ട് 'യുവജനങ്ങൾ സഹയാത്രികർ' എന്ന ആപ്തവാക്യവുമായി മുന്നേറുവാൻ നമുക്ക് സാധിക്കട്ടെ. മലങ്കര മക്കൾ ഒന്നുചേർന്ന് ഏകമനസ്സോടെ ആഘോഷിക്കുന്ന 92-ാമത് പുനരൈക്യ വാർഷികത്തിന് തിരുവല്ല അതിഭദ്രാസന കുടുംബത്തിലെ ഓരോ യുവജനമക്കളുടെയും പ്രാർത്ഥനാശംസകൾ.

യുവജനങ്ങളുടെ നല്ല സുഹൃത്തും വഴികാട്ടിയുമായി എന്നും ഞങ്ങൾക്കൊപ്പം ആയിരിക്കുന്ന അഭി. തോമസ് മാർ കൂറിലോസ് മെത്രാപ്പോലീത്താ മെത്രാഭിഷേകത്തിന്റെ 25 വർഷങ്ങൾ പൂർത്തിയാക്കുന്ന ഈ സന്ദർഭത്തിൽ അതിഭദ്രാസന യുവജനമക്കൾക്ക് കൂടുതൽ നന്മകൾ നേടിയെടുക്കുവാൻ പിതാവിന്റെ ശ്രേഷ്ഠ പൗരോഹിത്യം ഹേതുവായിത്തീരട്ടെ എന്ന് പ്രാർത്ഥിക്കുന്നതിനൊപ്പം ജൂബിലിയുടെ എല്ലാവിധ മംഗളങ്ങളും നേരുന്നു.



ജോബിൻ ജോസ്
അതിഭദ്രാസന
എം. സി. വൈ. എം.
പ്രസിഡന്റ്



www.malankaralibrary.com

# REUNION CELEBRATIONS - 21 SEPT. 2022

## ORGANIZING COMMITTEE

Steering Committee

*Patron*

Moran Mor Baselios Cardinal Cleemis Bava

*Vice Patron*

H. G. Most Rev. Dr. Thomas Mar Koorilos

*Chairman*

Most Rev. Dr. Antony Mar Silvanos

General Convener : Fr. Dr. Isaac Parappallil
Convener : V. Rev. Fr. Varghese Maruthoor
General Secretary : Dr. Varghese K Cherian

**Publicity, Photos, Live Telecast, Close Circuit**

Chairman : Rev. Fr. Santhosh Azhakath
Convener : Shri. Eji Parappatt
Shri Shibu Puthukkeril
Shri Babu Kallunkal
Shri Shiby Mannil

**Invitation & Reception**

Chairmen V. Rev. Fr. Varghese Maruthoor
Fr. Dr. Cherian Kottayil
Convener Shri. Shaji Mathew Kooliyatt
Shri Shaji Thelapurath
Shri. Saji Varghese Pariyarath
Shri M K Varkey Mulamoottil
Shri Saji Michael Puthuparampil
Shri Thomson Varghese
Shri Jijo Enchayil Alummoottil
Shri Varghese Mathai Mulavelil
Shri Johnson Thazhampallath
Shri Jinu Paulose
Shri Jenu John Thattil
Shri Roy Maliekal Chirayil
Smt. Annie Mathew Koduvayil
Smt. Shyla Tomy Mukkath
Smt. Lovely Kunnumpurath
Smt. Susamma Thomas Elamathayil

**Accommodation**

Chairman Rev. Fr. Thomas Thoppilkalathil
Conveners Mother Jobsy SIC
Sr. Sheba OSS &
Ansa Maria OSS
Fr. Samuel Vilayil
Shri Sherin Karikkott

**Liturgy**

Chairmen Fr. Sijoy Kanjirathamannil &
Mother Ardra SIC
Convener Shri. Laiju Koshy
Fr. Thomas Edathumpadickal
Sr. Anarkha SIC,
Sr. Prathibha SIC,
Sr. Christeena Basilian

**Finance**

Chairman Fr. Dr. Philip Payyampallil
Convener Dr. Varghese K Cherian
Joji Vizhalil
Sajan Mulamoottil

**Food**

Chairman Rev. Fr. John Padipurackal
Convener Shri. Jinu Thoompumkuzhy
Adv. Reno Zach
Shri. Joseph C George Chirayil

**Programme, Light & Sound, Stage, Seating & General Arrangements**

Chairman V. Rev. Fr. Mathew Punakulam
Rev. Fr. Prasad Chirayil OIC
Convener Shri. Ani Enaril

**Suvisesha Sangam Prayer**

Chairman Fr. Mathew Chirayil
Convener Sr. Aleyamma Chamathayil OSS

**Green Protocol**

Chairman Fr. Varghese Chamakalayil
Convener Shibu Puthukkeril (also in publicity)

**Medical Aid**

Chairman Fr. Thomas Pariyarath
Convener Sr. Princy SIC
Deepa Joseph Kalariparampil

**Volunteers**

Chairman Fr. Jose Thaiparambil
Convener Jobin Jose

**Parking, Law & Order**

Chairman Fr. Dr. Thomas Paracka l
Convener Babu Kallunkal (also in publicity)
Fr. Jacob Areeckal
K C Varghese
Lawrence Thayyil

www.malankaralibrary.com





Admission started for

2022-2023

Quality Education
through
Holistic Approach ...






Adv. SAJU T. JOSEPH
Chairman

INFANT JESUS EDUCATIONAL AND CHARITABLE TRUST®

JOSCO INSTITUTIONS, BENGALURU

(ESTD. 2004)

INFANT JESUS CAMPUS, MYLANAHALLI POST, NELAMANGALA, BENGALURU - 562 123

Phone: +91 80 2772 5950 | Mob: +91 98453 76030, +91 96206 36768

web: www.joscoinstitutions.org | e-mail: joscoinstitutions@gmail.com

(Recognised by Govt. of Karnataka, Indian Nursing Council - New Delhi, Karnataka State Nursing Council

Courses offered: BPT | GNM | B.Sc. (Nursing) | M.Sc. (Nursing)

www.malankaralibrary.com

# ܩܪܝܢܐ ܕܠܫܢܐ ܣܘܪܝܝܐ

# സുറിയാനി ഭാഷാ പഠനം



ഫാ. ഡോ. രാജു പറക്കോട്ട്

## പാഠം 10
## ഉച്ചാരണനിയമങ്ങൾ

സുറിയാനി അക്ഷരമാലയിലെ ܘ (വാവ്), ܝ (യൂദ്) എന്നീ അക്ഷരങ്ങളുമായി ബന്ധപ്പെട്ട ഏതാനും ചില ഉച്ചാരണ നിയമങ്ങളാണ് ഈ പാഠത്തിന്റെ ഉള്ളടക്കം.

### വാവ് എന്ന അക്ഷരവുമായി ബന്ധപ്പെട്ട അഞ്ച് ഉച്ചാരണനിയമങ്ങൾ

1. ◌ܽ (ഉ) എന്ന സ്വരത്തിനു ശേഷം മിക്കപ്പോഴും ܘ (വാവ്) എന്ന അക്ഷരം വരും. അപ്പോൾ വാവ് എന്ന അക്ഷരം ഉച്ചരിക്കുന്നില്ല.

ഉദാ. ✤ ܫܽܘܚܳܐ ✤ ܢܽܘܪܳܐ ✤ ܟܽܘܟܳܐ

2. ◌ܳ (ഒ) എന്ന സ്വരത്തിനു ശേഷം വല്ലപ്പോഴും ܘ (വാവ്) എന്ന അക്ഷരം വരും. അപ്പോൾ വാവ് എന്ന അക്ഷരം ഉച്ചരിക്കുന്നില്ല.

ഉദാ. ✤ ܩܳܘܡܳܐ ✤ ܩܳܘܡܳܐ ✤ ܪܳܘܡܳܐ

3. ◌ܰ (അ) എന്ന സ്വരത്തിനു ശേഷം ܘ (വാവ്) എന്ന അക്ഷരം വന്നാൽ 'അവ്' എന്ന് ഉച്ചരിക്കുന്നു.

ഉദാ. ✤ ܡܰܘܬܳܐ ✤ ܬܰܘܪܳܐ ✤ ܢܰܘܢܳܐ

4. ഒരു പദത്തിലെ അവസാനത്തെ അക്ഷരം ܘ (വാവ്) വരികയും ആ വാവിനും അതിനു തൊട്ടു മുമ്പുള്ള അക്ഷരത്തിനും സ്വരം ഇല്ലാതിരിക്കുകയും ചെയ്താൽ ആ വാവ് ഉച്ചരിക്കുന്നില്ല.

ഉദാ. ✤ ܩܰܡܘ ✤ ܐܶܙܰܠܘ ✤ ܫܡܰܥܘ

5. പദങ്ങളും വാചകങ്ങളും തമ്മിൽ ബന്ധിപ്പിക്കുന്നതിന് 'ഉം' (and) എന്ന അർത്ഥത്തിൽ സമുച്ചയം (conjunction) ആയി വാവ് (ܘ) ഉപയോഗിക്കുമ്പോൾ വാവ് ഉ എന്നുച്ചരിക്കുന്നു.

ഉദാ. ❖ ܐܰܚܳܐ ܘܚܳܬܳܐ

**യൂദ് എന്ന അക്ഷരവുമായി ബന്ധപ്പെട്ട അഞ്ച് ഉച്ചാരണനിയമങ്ങൾ**

1. ◌ܺ (ഇ) എന്ന സ്വരത്തിനു ശേഷം മിക്കപ്പോഴും ܝ (യൂദ്) എന്ന അക്ഷരം വരും. അപ്പോൾ യൂദ് എന്ന അക്ഷരം ഉച്ചരിക്കുന്നില്ല.

ഉദാ. ❖ ܕܺܝܢܳܐ ❖ ܟܺܐܦܳܐ ❖ ܐܺܝܕܳܐ

2. ◌ܶ (എ) എന്ന സ്വരത്തിനു ശേഷം വല്ലപ്പോഴും ܝ (യൂദ്) എന്ന അക്ഷരം വരും. അപ്പോൾ യൂദ് എന്ന അക്ഷരം ഉച്ചരിക്കുന്നില്ല.

ഉദാ. ❖ ܐܶܝܢ ❖ ܕܶܝܢ ❖ ܟܶܝܠ

3. ◌ܰ (അ) എന്ന സ്വരത്തിനു ശേഷം ܝ (യൂദ്) എന്ന അക്ഷരം വന്നാൽ 'അയ്' എന്നുച്ചരിക്കുന്നു.

ഉദാ. ❖ ܟܰܝܠ ❖ ܐܰܝܕܳܐ ❖ ܦܰܝܢܳܐ

4. ◌ܳ (ഒ) എന്ന സ്വരത്തിനുശേഷം ܝ (യൂദ്) എന്ന അക്ഷരം വന്നാൽ 'ഒയ്' എന്നുച്ചരിക്കുന്നു.

ഉദാ. ❖ ܦܳܝܕܳܐ ❖ ܡܳܝܬܳܐ ❖ ܡܰܕܳܝܚܳܐ


5. ഒരു പദത്തിലെ അവസാനത്തെ അക്ഷരം ܝ (യൂദ്) വരികയും ആ യൂദിനും അതിനു തൊട്ടു മുമ്പുള്ള അക്ഷരത്തിനും സ്വരം ഇല്ലാതിരിക്കുകയും ചെയ്താൽ ആ യൂദ് ഉച്ചരിക്കുന്നില്ല.

ഉദാ. ❖ ܢܰܦܫܝ ❖ ܠܰܒܝ ❖ ܡܰܠܟܝ

www.malankaralibrary.com

www.malankaralibrary.com


# CORDIAL EPISCOPEL SILVER JUBILEE GREETINGS TO
## H.G. MOST. REV. DR. THOMAS MAR KOORILOS



From,
Ammachi & Family
USA

www.malankaralibrary.com


Best Compliments from








P.L. JOSEPH & COMPANY
Vadakke Kondoor House
Peroor P.O., Kottayam, Kerala - 686 637
Mob : 9447190793, 9645115398
Email : sunnykondoor18@gmail.com
SUNNY JOSEPH (Contractor)

www.malankaralibrary.com

## ഉപകാരസ്മരണ



ഒരു വിശ്വാസി

## ആശംസകൾ



ഹോളി സ്പിരിറ്റ് സന്യാസിനി സമൂഹത്തിന്റെ Assistant International Leader (അസിസ്റ്റന്റ് മദർ ജനറൽ) ആയി തിരഞ്ഞെടുക്കപ്പെട്ട ബഹു. സി. ടെസ്സ് O.S.S. പനങ്ങോട്ടേത്തിന് ആശംസകൾ.

## അഭിനന്ദനങ്ങൾ



ബി.ബി.എ. എൽ.എൽ.ബി. ക്ക് കേരള യൂണിവേഴ്സിറ്റി തലത്തിൽ 10-ാം റാങ്ക് കരസ്ഥമാക്കിയ അഹിയ മേരി ബാബു (മാർ ഗ്രിഗോറിയോസ് കോളേജ് ഓഫ് ലോ, തിരുവനന്തപുരം). തിരുവല്ല അതിഭദ്രാസനത്തിലെ പാണ്ടനാട് ഇടവകാംഗമാണ്.

## തിരുവല്ല അതിരൂപത
## 2021-2022 മതബോധന പരീക്ഷയിൽ ഉന്നത വിജയം നേടിയവർക്ക് അനുമോദനങ്ങൾ

### ക്ലാസ് X

Ist Rank



**മീര വിനോയ്**
രാമക്കൽ മേട് - കുമളി മേഖല

IInd Rank



**ജിഷ ജേക്കബ്**
മാന്നാർ ഈസ്റ്റ് - നിരണം മേഖല

IIIrd Rank



**ഡിൽഷാ സാറാ വർഗീസ്**
നെറ്റിത്തൊഴു - കുമളി മേഖല

### ക്ലാസ് XII

Ist Rank



**റോസാൻ ബിജോയ്**
പെരിങ്ങര- തിരുവല്ല മേഖല

IInd Rank



**അബിയ പി. ചെറിയാൻ**
ചുങ്കപ്പാറ- മല്ലപ്പള്ളി മേഖല

IIIrd Rank



**ജോയ്‌ലിൻ സാറാ ജോസ്**
പെരിങ്ങര -തിരുവല്ല മേഖല

ഉന്നത വിജയം ലഭിച്ച കുട്ടികളെ 13.08.2022 ൽ നടന്ന അതിരൂപത സിനഡിൽ വച്ച് അതിരൂപതാദ്ധ്യക്ഷൻ അഭി. തോമസ് മാർ കൂറിലോസ് മെത്രാപ്പോലീത്ത സർട്ടിഫിക്കറ്റും, ക്യാഷ് അവാർഡും, മെമന്റോയും നൽകി ആദരിച്ചു.

www.malankaralibrary.com

## ഉപകാരസ്മരണ

### യൂദാശ്ലീഹായോടുള്ള പ്രാർത്ഥന



മിശിഹായുടെ ചാർച്ചക്കാരനും/ വിശ്വസ്തദാസനുമായ വി. യൂദാതദേവൂസേ/ ഒറ്റിക്കൊടുത്തവന്റെ പേരുമൂലം മഹിമയേറിയ അപ്പസ്തോലനായ അങ്ങ് വിസ്മരിക്കപ്പെടുവാൻ കാരണമായി./ എന്നാൽ കത്തോലിക്കാസഭ മുഴുവനും അങ്ങയെ നിരാശരുടേയും അസാദ്ധ്യകാര്യങ്ങളുടെയും/മദ്ധ്യസ്ഥനായി ബഹുമാനിക്കുകയും/അങ്ങയോട് അഭ്യർത്ഥിക്കുകയും ചെയ്യുന്നുവല്ലോ. നിരവധി ക്ലേശങ്ങൾ അനുഭവിക്കുന്ന എനിക്ക്/അങ്ങയുടെ മദ്ധ്യസ്ഥതയിൽ (ഇവിടെ ആവശ്യം പറയുക)/ ഈ അനുഗ്രഹം സാധിച്ചു തരണമെ./എന്റെ എല്ലാ ആവശ്യങ്ങളിലും/ വിശിഷ്യ ഇപ്പോൾ എനിക്കു നേരിട്ടിരിക്കുന്ന ആപത്തിലും/ എന്നെ പ്രത്യേകം സംരക്ഷിക്കണമേ./ഈ ഉപകാരം ഞാൻ എന്നും ഓർത്തുകൊള്ളാമെന്നും/ എന്റെ പ്രത്യേക മദ്ധ്യസ്ഥനായി/അങ്ങയെ നിരന്തരം ബഹുമാനിച്ചു കൊള്ളാമെന്നും/ഞാൻ വാഗ്ദാനം ചെയ്യുന്നു.

**അജിൻ, അമ്പാട്ടുഭാഗം**

## അനുമോദനങ്ങൾ



തിരുവല്ല YMCA പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ട ശ്രീ. ഷിബു പുതുക്കേരിയ്ക്ക് അനുമോദനങ്ങൾ. MCYM തിരുവല്ല അതിഭദ്രാസന ജനറൽ സെക്രട്ടറി, KCYM സംസ്ഥാന പ്രസിഡന്റ്, MCYM സഭാതല സമതി പ്രസിഡന്റ്, MCA തിരുവല്ല അതിഭദ്രാസന പ്രസിഡന്റ്, MCA സഭാതല സമതി ജനറൽ സെക്രട്ടറി, KCF സംസ്ഥാന ജനറൽ സെക്രട്ടറി, അതിഭദ്രാസന പാസ്റ്ററൽ കൗൺസിൽ അംഗം എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്.




**MM - 110**



NAME - **JERIN ISSAC**, AGE - 28.
JOB - EMARITES TENTS (SHARJAH) UAE
DESIGNATION - WELDING FOREMAN.
QUALIFICATION - DIPLOMA IN WELDING INSPECTION, PLUS TWO.
CASTE - MALANKARA CATHOLIC
BRIDES WITH JOB OR WITHOUT JOB IS PREFERRED
**CONTACT - +971557976698 (WhatsApp)**

**MM - 111**

തിരുവല്ല രൂപതയിൽപ്പെട്ട മലങ്കര കത്തോലിക്കാ യുവാവ്, 40 വയസ്, 158 c.m., കുവൈറ്റിൽ ഇലക്ട്രീഷ്യൻ, സാമ്പത്തികം കുറഞ്ഞതുമാകാം. അനുയോജ്യരായ പെൺകുട്ടികളുടെ മാതാപിതാക്കളിൽനിന്ന് വിവാഹാലോചനകൾ ക്ഷണിക്കുന്നു.

Contact : **9497124771, 9074258216**

www.malankaralibrary.com

## യൂദാശ്ലീഹായോടുള്ള പ്രാർത്ഥന

മിശിഹായുടെ ചാർച്ചക്കാരനും/വിശ്വസ്തദാസനുമായ വി. യൂദാതദേവൂസേ/ ഒറ്റിക്കൊടുത്തവന്റെ പേരുമൂലം മഹിമയേറിയ അപ്പസ്തോലനായ അങ്ങ് വിസ്മരിക്കപ്പെടുവാൻ കാരണമായി./ എന്നാൽ കത്തോലിക്കാസഭ മുഴുവനും അങ്ങയെ നിരാശരുടേയും അസാദ്ധ്യകാര്യങ്ങളുടെയും/മദ്ധ്യസ്ഥനായി ബഹുമാനിക്കുകയും/അങ്ങയോട് അഭ്യർത്ഥിക്കുകയും ചെയ്യുന്നുവല്ലോ. നിരവധി ക്ലേശങ്ങൾ അനുഭവിക്കുന്ന എനിക്ക്/അങ്ങയുടെ മദ്ധ്യസ്ഥതയിൽ (ഇവിടെ ആവശ്യം പറയുക)/ ഈ അനുഗ്രഹം സാധിച്ചു തരണമെ./എന്റെ എല്ലാ ആവശ്യങ്ങളിലും/ വിശിഷ്യ ഇപ്പോൾ എനിക്കു നേരിട്ടിരിക്കുന്ന ആപത്തിലും/ എന്നെ പ്രത്യേകം സംരക്ഷിക്കണമേ./ഈ ഉപകാരം ഞാൻ എന്നും ഓർത്തുകൊള്ളാമെന്നും/ എന്റെ പ്രത്യേക മദ്ധ്യസ്ഥനായി/ അങ്ങയെ നിരന്തരം ബഹുമാനിച്ചു കൊള്ളാമെന്നും/ഞാൻ വാഗ്ദാനം ചെയ്യുന്നു.

**ഒരു വിശ്വാസി**

## ആദരാഞ്ജലികൾ



**അച്ചാമ്മ കുഞ്ഞൂട്ടി**

**മരണം : 25.07.2022**



**എം. എം. ജോർജ്**

**മരണം : 26.08.2022**

**മണപ്പുറത്ത്, മാന്നാർ**

**(തിരുവല്ല അതിഭദ്രാസനത്തിലെ ബഹു. ചെറിയാൻ മണപ്പുറത്തച്ചന്റെ വത്സല മാതാവും സഹോദരനും)**

## ആദരാഞ്ജലികൾ



**ഏലിയാമ്മ ഐസക്ക്**
**തെക്കേടത്ത് കോഴിമണ്ണിൽ**

മരണം : 09.08.2022

**(ഐക്യദീപം ഉപദേശകസമിതി അംഗം ശ്രീ. വർഗീസ് ഐസക്കിന്റെ വത്സല മാതാവ്)**

## ആദരാഞ്ജലികൾ



**സാറാമ്മ വർഗീസ് കാക്കനാട്ടിൽ**

**കടമാൻകുളം, കല്ലൂപ്പാറ**

**മരണം : 28.08.2022**

**(അഭി. ആന്റണി മാർ സിൽവാനോസ് പിതാവിന്റെ വത്സല മാതാവ്)**

## ആദരാഞ്ജലികൾ



**എ.ജെ. മാത്യു അരീക്കൽ**

**മരണം : 05.09.2022**

**(തിരുവല്ല അതിഭദ്രാസനത്തിലെ ബഹു. ജേക്കബ് മാത്യു അരീക്കൽ (റാബി) അച്ചന്റെ വത്സല പിതാവ്)**

www.malankaralibrary.com

## ഉപകാരസ്മരണ

### യൂദാശ്ലീഹായോടുള്ള പ്രാർത്ഥന



മിശിഹായുടെ ചാർച്ചക്കാരനും/വിശ്വസ്തദാസനുമായ വി. യൂദാതദേവൂസേ/ ഒറ്റിക്കൊടുത്തവന്റെ പേരുമൂലം മഹിമയേറിയ അപ്പസ്തോലനായ അങ്ങ് വിസ്മരിക്കപ്പെടുവാൻ കാരണമായി./ എന്നാൽ കത്തോലിക്കാസഭ മുഴുവനും അങ്ങയെ നിരാശരുടേയും അസാദ്ധ്യകാര്യങ്ങളുടെയും/മദ്ധ്യസ്ഥനായി ബഹുമാനിക്കുകയും/ അങ്ങയോട് അഭ്യർത്ഥിക്കുകയും ചെയ്യുന്നുവല്ലോ. നിരവധി ക്ലേശങ്ങൾ അനുഭവിക്കുന്ന എനിക്ക്/അങ്ങയുടെ മദ്ധ്യസ്ഥതയിൽ (ഇവിടെ ആവശ്യം പറയുക)/ ഈ അനുഗ്രഹം സാധിച്ചു തരണമെ./എന്റെ എല്ലാ ആവശ്യങ്ങളിലും/ വിശിഷ്യ ഇപ്പോൾ എനിക്കു നേരിട്ടിരിക്കുന്ന ആപത്തിലും/ എന്നെ പ്രത്യേകം സംരക്ഷിക്കണമേ./ഈ ഉപകാരം ഞാൻ എന്നും ഓർത്തുകൊള്ളാമെന്നും/ എന്റെ പ്രത്യേക മദ്ധ്യസ്ഥനായി/ അങ്ങയെ നിരന്തരം ബഹുമാനിച്ചു കൊള്ളാമെന്നും/ ഞാൻ വാഗ്ദാനം ചെയ്യുന്നു.

**ഒരു വിശ്വാസി**

## ഉപകാരസ്മരണ

### യൂദാശ്ലീഹായോടുള്ള പ്രാർത്ഥന



മിശിഹായുടെ ചാർച്ചക്കാരനും/വിശ്വസ്തദാസനുമായ വി. യൂദാതദേവൂസേ/ ഒറ്റിക്കൊടുത്തവന്റെ പേരുമൂലം മഹിമയേറിയ അപ്പസ്തോലനായ അങ്ങ് വിസ്മരിക്കപ്പെടുവാൻ കാരണമായി./ എന്നാൽ കത്തോലിക്കാസഭ മുഴുവനും അങ്ങയെ നിരാശരുടേയും അസാദ്ധ്യകാര്യങ്ങളുടെയും/മദ്ധ്യസ്ഥനായി ബഹുമാനിക്കുകയും/ അങ്ങയോട് അഭ്യർത്ഥിക്കുകയും ചെയ്യുന്നുവല്ലോ. നിരവധി ക്ലേശങ്ങൾ അനുഭവിക്കുന്ന എനിക്ക്/അങ്ങയുടെ മദ്ധ്യസ്ഥതയിൽ (ഇവിടെ ആവശ്യം പറയുക)/ ഈ അനുഗ്രഹം സാധിച്ചു തരണമെ./എന്റെ എല്ലാ ആവശ്യങ്ങളിലും/ വിശിഷ്യ ഇപ്പോൾ എനിക്കു നേരിട്ടിരിക്കുന്ന ആപത്തിലും/ എന്നെ പ്രത്യേകം സംരക്ഷിക്കണമേ./ഈ ഉപകാരം ഞാൻ എന്നും ഓർത്തുകൊള്ളാമെന്നും/ എന്റെ പ്രത്യേക മദ്ധ്യസ്ഥനായി/ അങ്ങയെ നിരന്തരം ബഹുമാനിച്ചു കൊള്ളാമെന്നും/ ഞാൻ വാഗ്ദാനം ചെയ്യുന്നു.

**ഒരു വിശ്വാസി, പുറമറ്റം**

## ഉപകാരസ്മരണ



**ഒരു വിശ്വാസി, കോട്ടൂർ**

## ഉദ്ദിഷ്ട കാര്യം സാധിച്ചതിന് ഉപകാരസ്മരണ





**ത്രേസ്യാമ്മ,**
**നിലമ്പൂർ**

www.malankaralibrary.com

## സ്വർഗ്ഗത്തിലെ മൂന്നാം പിറന്നാൾ

(29 – 08 – 2019)



**മാത്യു വർഗീസ് (കുഞ്ഞേട്ടൻ)**

**ഈരാച്ചേരിൽ**

**മുളകരമേട്, കട്ടപ്പന**

(ബഹു. വർഗീസ് ഈരാച്ചേരിൽ അച്ചന്റെ വത്സല പിതാവ്)

**ദുഃഖാർത്തരായ കുടുംബാംഗങ്ങൾ**

## 25th Death Anniversary

29-09-1997



**A.V. JOSEPH**

**ALAPAT, THIRUVALLA**

## ഉപകാരസ്മരണ

### പരിശുദ്ധാത്മാവിനോടുള്ള പ്രാർത്ഥന

പരിശുദ്ധാത്മാവേ, എനിക്ക് എല്ലാം വെളിപ്പെടുത്തുകയും എനിക്കു വഴികാണിച്ചുതരുകയും എന്നോട് മറ്റുള്ളവർ ചെയ്യുന്നതെല്ലാം ക്ഷമിക്കുവാനും മറക്കുവാനും കഴിവുതരുന്ന ദൈവികദാനം തരികയും എന്റെ ജീവിതത്തിൽ എന്റെ എല്ലാ ചിന്തകളിലും ഉള്ളവനുമായ അങ്ങേയ്ക്കു ഞാൻ നന്ദി പറയുന്നു. എത്ര വലിയ ഭൗതികാഗ്രഹങ്ങൾ എന്നിലുണ്ടായാലും ഒരു നിമിഷംപോലും അങ്ങയിൽനിന്ന് അകലുവാനോ വേർപിരിയുവാനോ ഞാൻ ആഗ്രഹിക്കുന്നില്ല എന്നു ഞാൻ തീർത്തുപറയുന്നു. നിത്യമഹത്വത്തിൽ അങ്ങയോടുകൂടെ ആയിരിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ദൈവഹിതത്തിന് വിധേയപ്പെട്ടുകൊണ്ട് ഞാൻ അങ്ങയോടു ചോദിക്കുന്നു........... ഈ പ്രാർത്ഥന വിശ്വാസത്തോടെ മൂന്നു ദിവസം അടുപ്പിച്ചു ചൊല്ലുക. മൂന്നു ദിവസത്തിനുശേഷം നിങ്ങളുടെ അപേക്ഷ തീർച്ചയായും സഫലീകരിക്കും. അപേക്ഷിക്കുന്നതിനു മുൻപ് താഴെപറയുന്ന രണ്ട് കാര്യങ്ങളിൽ ഒന്ന് ചെയ്തിരിക്കുമെന്ന് ഉറപ്പു നല്കുക. 1. അപേക്ഷ സാധ്യമായാൽ ഈ പ്രാർത്ഥന പ്രസിദ്ധീകരിക്കും. 2. ഈ പ്രാർത്ഥനയുടെ പകർപ്പുകൾ എത്ര അധികം ആളുകളിൽ എത്തിക്കാമോ അത്രയും അധികം ആളുകളിൽ എത്തിക്കും. ഇത് പരിശുദ്ധാത്മാവിന്റെ അത്ഭുതങ്ങൾ പ്രചരിപ്പിക്കാൻ വേണ്ടിയാണ്.

**ഒരു വിശ്വാസി**

## ആദരാഞ്ജലികൾ



**അന്നമ്മ ഏബ്രഹാം (92)**

**പാലനിൽക്കുന്നതിൽ, പൂഴിക്കുന്ന്, റാന്നി**

**മരണം : 06.08.2022**

**(ബഹു. തോമസ് പാറക്കൽ അച്ചന്റെ വല്യമ്മച്ചി)**

*ദുഃഖാർത്തരായ കുടുംബാംഗങ്ങൾ*

www.malankaralibrary.com




# PUSHPAGIRI
MEDICAL COLLEGE HOSPITAL
TIRUVALLA

## 63 Years
of excellence in Healthcare & Medical and Allied Education

## ACADEMIC PROGRAMMES OF PUSHPAGIRI GROUP OF INSTITUTIONS

### Pushpagiri Medical College

**Super Speciality PG Courses**
- M.Ch (Neuro Surgery)
- DM (Cardiology)
- DM (Neurology)
- DM (Nephrology)

**PG Degree Courses**
- MD Anaesthesiology
- MD General Medicine
- MD Dermatology, Venereology & Leprosy
- MD Psychiatry
- MD Respiratory Medicine
- MD Paediatrics
- MS General Surgery
- MS Orthopaedics
- MS Oto-Rhino-Laryngology (ENT)
- MS Obstetrics & Gynaecology
- MS Ophthalmology
- MD Radiodiagnosis
- MD Community Medicine
- MS Anatomy
- MD Physiology
- MD Pharmacology
- MD Pathology
- MD Microbiology
- MD Biochemistry

**DNB PG Courses**
- DNB (Emergency Medicine)
- DNB (Gastroenterology)
- DNB (Critical Care Medicine)

**Undergraduate Course- MBBS**

### Pushpagiri Research Centre
- Ph.D. (Medicine & Life Sciences)

### Pushpagiri College of Pharmacy
- M. Pharm. (Pharmaceutical Chemistry)
- M. Pharm. (Pharmacology)
- M. Pharm. (Pharmacy Practice)
- Pharm. D.
- Pharm. D. (Post Baccalaureate)
- B. Pharm.
- B. Pharm. (Lateral Entry)

### Pushpagiri College of Dental Sciences
- MDS Oral & Maxillofacial Surgery
- MDS Prosthodontics
- MDS Periodontics
- MDS Orthodontics
- MDS Endodontics
- MDS Pedodontics
- BDS
- DORA (Dental Operating Room Assistant)

### Pushpagiri College of Nursing
- M. Sc. Medical Surgical Nursing
- M. Sc. Mental Health Nursing
- M. Sc. Child Health Nursing
- B. Sc. Nursing

### Pushpagiri College of Allied Health Sciences
- Diploma in Dialysis Technology

Under Christian Medical Association of India (CMAI)
- Diploma in Medical Laboratory Technology
- Diploma in Dialysis Technology
- Diploma in Radio Dialysis Technology
- Diploma in Gastrointestinal Endoscopy Technology
- Diploma in Medical Records Technology
- Diploma in Anaesthesia & Critical Care Technology

### Pushpagiri Training Centre for Overseas Career
CGFNS, IELTS, NCLEX-RN, MOH, HAAD, DHA, PROMETRIC & OET

www.malankaralibrary.com

Date of Publication : 01-09-2022
Price Rs. 10/-

**AIKYADEEPAM MONTHLY**
Marygiri, Tiruvalla, Kerala
Ph: 0469-2600626

R.N.I 35982/80
September 2022




വിവാഹ മുഹൂർത്തങ്ങൾക്കും ആഘോഷങ്ങൾക്കും പുതിയ നിറം നൽകാൻ പുളിമൂട്ടിൽ സിൽക്ക്സ് അവതരിപ്പിക്കുന്നു ഏറ്റവും പുതിയൊരു കളക്ഷൻ. ഇന്ത്യയുടെ പല ഭാഗങ്ങളിൽ നിന്നും ശേഖരിച്ച ഏറ്റവും പ്രഗത്ഭരായ നെയ്ത്തുകലാകാരന്മാരുടെ അപൂർവ സൃഷ്ടികൾ. കാഞ്ചിപുരം, ബനാറസ് സാരികൾ അവിടെയുള്ള അതേ വിലയിൽ സ്വന്തമാക്കാം. കൂടാതെ, Ladies, Men's, Kids, Home Linen, Dress Material എന്നിവയിൽ ഏറ്റവും പുതിയ കളക്ഷനുകൾ നിങ്ങൾക്കായി ഒരുക്കിയിരിക്കുന്നു.

കണ്ടെത്തൂ നിങ്ങളുടെ ബോൾഡ് ആൻഡ് ബ്യൂട്ടിഫുൾ സ്റ്റൈൽ.

Pulimoottil SILKS
MC ROAD, THIRUVALLA
0469-2602221

SILK EXPERTS SINCE 1924

KOTTAYAM I KOLLAM | THODUPUZHA I THRISSUR

+91-97782 94521

Printed and Published by Fr. Thomas Kodinattukunnel, Published from Marigiri, Archbishop's House, Tiruvalla, Kerala and Printed at Rashtra Deepika, Vadavathoor, Kerala. Chief Editor: Fr. Varghese Chamakalayil